# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുളന്തുരുത്തി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.-ഇ കെ എം(പി6) 520/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 06/08/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുളന്തുരുത്തി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.-ഇ കെ എം(പി6) 520/22 തീയ്യതി: 06/08/2022

## എറണാകുളം ജില്ലയിലെ മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 74 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| കെ ജി മിനിമേൾ | ജോയിന്റ് ഡയറക്ടർ | 16-03-2022 | 23-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-03-2022 | 23-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സാലി ജോസഫ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ഹരീഷ് ബാബു എൻ, അസി.ഓഡിറ്റ് ഓഫീസർ
കവിത എസ് കണ്ണൻ ,സീനി.ഗ്രേഡ് ഓഡിറ്റർ
വിജ്ഞ എം എസ്സ്,സീനി.ഗ്രേഡ് ഓഡിറ്റർ
അനീഷ് ആർ ,സീനി.ഗ്രേഡ് ഓഡിറ്റർ
നബീൽ മുഹമ്മദ് അബ്ബാസ്സ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ റെഞ്ചി കുര്യൻ കള്ളിനാൽ | പ്രസിഡന്റ് | 01-04-2020 | 12-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 13-11-2020 | 29-12-2020 |
| ശ്രീമതി മറിയാമ്മ ബെന്നി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ രാജേഷ് ടി വർഗ്ഗീസ് | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ഷാജി ടി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 15-06-2020 |
| ശ്രീമതി നിഷ കെ എൽ | അസിസ്റ്റന്റ് സെക്രട്ടറി | 16-06-2020 | 31-03-2021 |
| ശ്രീമതി ഷീബ എം എ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ അമിത ജോർജ്ജ് | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി ദിവ്യ ഭൂപേശ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ഡോ ഡിജി ടി ഡി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ ബാബു കെ ടി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ ഷാജി പി എസ് | മെഡിക്കൽ ഓഫീസർ(സി എച്ച് സി) | 01-04-2020 | 31-03-2021 |
| ശ്രീമതി ജയ കെ ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി അനഘ പി വി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ശ്രീവിദ്യ വി | വി.ഇ.ഒ (മുളന്തുരുത്തി സർക്കിൾ) | 01-04-2020 | 31-03-2021 |
| ശ്രീ വിജയ് വി | വി.ഇ.ഒ (പെരുമ്പിള്ളി സർക്കിൾ) | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ജി | | | |
| ശ്രീ ജോർജ്ജ് എം പി | വി.ഇ.ഒ (തുരുത്തിക്കര സർക്കിൾ) | 01-04-2020 | 31-03-2021 |
| ശ്രീമതി സിസി എ എൽ | ഹെഡ്മാസ്റ്റർ,ഗവ.യു.പി.എസ്,കാരിക്കോട് | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Kavitha S Kannan (Senior Grade Auditor, On 18-03-2022)<br>Last Updated By: Joby George (Computer Assistant, On 29-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Kavitha S Kannan (Senior Grade Auditor, On 18-03-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 1-2 |
| 3 | വാർഷികകണക്കുകൾ പരിശോധിച്ചതിലെ അപാകതകൾ<br>Written By: Kavitha S Kannan (Senior Grade Auditor, On 23-03-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Kavitha S Kannan (Senior Grade Auditor, On 18-03-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Kavitha S Kannan (Senior Grade Auditor, On 20-03-2022)<br>Last Updated By: Joby George (Computer Assistant, On 29-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Kavitha S Kannan (Senior Grade Auditor, On 18-03-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Kavitha S Kannan (Senior Grade Auditor, On 18-03-2022)<br>Last Updated By: Joby George (Computer Assistant, On 29-07-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Kavitha S Kannan (Senior Grade Auditor, On 18-03-2022)<br>Last Updated By: Joby George (Computer Assistant, On 29-07-2022) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Nabeel Muhammad Abbas (Auditor, On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 29-07-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: Saly Joseph (Audit Officer (HG), On 23-03-2022)<br>Last Updated By: Joby George (Computer Assistant, On 29-07-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Kavitha S Kannan (Senior Grade Auditor, On 18-03-2022)<br>Last Updated By: Joby George (Computer Assistant, On 29-07-2022) | 1-10 |
| 12 | പൗരാവകാശ രേഖ<br>Written By: Hareesh Babu .N (Asst. Audit Officer, On 22-03-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 22-03-2022) | 1-11 |
| 13 | കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Nabeel Muhammad Abbas (Auditor, On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 1-12 |
| 14 | റോഡ് കട്ടിംഗിന് വോഡാഫോൺ ഐഡിയ ലിമിറ്റഡിൽ നിന്നും റസ്റ്റോറേഷൻ ചാർജസ് ഈടാക്കിയതിൽ കുറവ്<br>Written By: Aneesh R (Auditor, On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 29-07-2022) | 1-13 |
| 15 | 2017ലെ ലൈസൻസ് ഭേദഗതി ചട്ടങ്ങൾ പ്രകാരം ഭരണസമിതി ഫീസ് നിശ്ചയിച്ച് തീരുമാനം എടുത്തിട്ടില്ല<br>Written By: Aneesh R (Auditor, On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 1-14 |
| 16 | വിമുക്തഭടൻമാർക്ക് വസ്തുനികുതിയിളവ് - ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അംഗീകാരം | 1-15 |

| | | |
|---|---|---|
| | Written By: Nabeel Muhammad Abbas (Auditor, On 23-03-2022)<br>Last Updated By: Joby George (Computer Assistant, On 29-07-2022) | |
| 17 | കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു<br>Written By: Nabeel Muhammad Abbas (Auditor, On 23-03-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 1-16 |
| 18 | മരം വെട്ടിമാറ്റൽ - ലേലം ചെയ്തതിന്റെ വിവരം ലഭ്യമാക്കിയില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 29-07-2022) | 1-17 |
| 19 | തെരുവു വിളക്കുകളുടെ പരിപാലനം-സംയുക്ത പരിശോധന നടത്തിയിട്ടില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 29-07-2022) | 1-18 |
| 20 | കുടിവെള്ള വിതരണം- വാഹനത്തിന്റെ ലോഗ് ബുക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 1-19 |
| 21 | സാമൂഹ്യ സുരക്ഷാ പെൻഷൻ-അപാകതകൾ<br>Written By: Nabeel Muhammad Abbas (Auditor, On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 1-20 |
| 22 | അങ്കണവാടിക്ക് സ്ഥലം വാങ്ങൽ -സ്റ്റാമ്പ് ഡ്യൂട്ടി ,രജിസ്ട്രേഷൻ ഫീസ് നൽകിയതിലെ അപാകതകൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 1-21 |
| 23 | വാഹനം വാങ്ങിയതിലെ അപാകത<br>Written By: Hareesh Babu .N (Asst. Audit Officer, On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 29-07-2022) | 1-22 |
| 24 | ആശ്രയ ഗുണഭോക്താക്കൾക്ക് പദ്ധതികൾ നടപ്പിലാക്കിയത്-അപാകതകൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 1-23 |
| 25 | മഴക്കാലപൂർവ ശുചീകരണം - അപാകതകൾ<br>Written By: Aneesh R (Auditor, On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 29-07-2022) | 1-24 |
| 26 | സാമ്പത്തികനില ആരോഗ്യകരമല്ല<br>Written By: Aneesh R (Auditor, On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 1-25 |
| 27 | ജീവനക്കാരുടെ ആർജിതാവധി പണമാക്കി മാറ്റിയ നടപടി - സർക്കാർ ഉത്തരവിനു വിരുദ്ധം<br>Written By: Hareesh Babu .N (Asst. Audit Officer, On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 30-07-2022) | 1-26 |
| 28 | ജി.എസ്.ടി ബില്ല് ഹാജരാക്കിയിട്ടില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 30-07-2022) | 1-27 |
| 29 | പുഴ സംരക്ഷണം - വിശദവിവരം ലഭ്യമായില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 30-07-2022) | 1-28 |
| 30 | എയ്ഡഡ് സ്കൂളിൽ ടോയ്‌ലറ്റ് നിർമ്മിച്ചു നൽകുന്നതിനു മുമ്പായി സർക്കാർ സ്കൂളുകളിലെ അടിസ്ഥാന സൗകര്യം ഉറപ്പാക്കിയതിന് രേഖകളില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 30-07-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 02-08-2022) | 1-29 |
| 31 | ടെലിവിഷൻ സെറ്റുകൾ വാങ്ങുന്നതിന് പണം നൽകിയത്-സ്ഥാപിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്<br>Written By: Hareesh Babu .N (Asst. Audit Officer, On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 30-07-2022) | 1-30 |
| 32 | കുടിവെള്ളക്കരം-സംയുക്ത പരിശോധന നടത്തിയിട്ടില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 30-07-2022) | 1-31 |

| | | |
|---|---|---|
| 33 | സർക്കാർ അനുമതിയില്ലാതെ ദിവസവേതനത്തിൽ നിയമനം<br>Written By: Hareesh Babu .N (Asst. Audit Officer, On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 30-07-2022) | 1-32 |
| 34 | സ്വിമ്മിംഗ് പൂൾ -പൊതുവായ അപാകതകൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 30-07-2022) | 1-33 |
| 35 | കാലാവധി കഴിഞ്ഞ സെക്യൂരിറ്റി ഡെപ്പോസിറ്റ്, നിരതദ്രവ്യ തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 1-34 |
| 36 | പാലിയേറ്റീവ് പരിചരണം - വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്<br>Written By: Aneesh R (Auditor, On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 1-35 |
| 37 | ക്ഷീരകർഷകർക്ക് സബ്സിഡി - പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കിയില്ല<br>Written By: Viju M S (Senior Grade Auditor, On 21-03-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 1-36 |
| 38 | കൊയ്ത്ത് മെതിയന്ത്രം-ലേലനടപടികൾ സ്വീകരിച്ചില്ല<br>Written By: Viju M S (Senior Grade Auditor, On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 1-37 |
| 39 | വാഹന പരിപാലനം-അപാകതകൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 1-38 |
| 40 | മാസ്ക് വിതരണം-രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 1-39 |
| 41 | ഭിന്നശേഷി സ്കോളർഷിപ്പ് തുക- ഗുണഭോക്താക്കൾക്ക് ലഭ്യമായില്ല<br>Written By: Kavitha S Kannan (Senior Grade Auditor, On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 1-40 |
| 42 | അമൃതം ന്യൂട്രിമിക്സ്-ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല<br>Written By: Kavitha S Kannan (Senior Grade Auditor, On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 30-07-2022) | 1-41 |
| 43 | ഐ.സി.ഡി.എസ്. കേന്ദ്ര വിഹിതം-നീക്കിയിരുപ്പ് തുക പ്രയോജനപ്പെടുത്തേണ്ടതാണ്<br>Written By: Kavitha S Kannan (Senior Grade Auditor, On 23-03-2022)<br>Last Updated By: Joby George (Computer Assistant, On 30-07-2022) | 1-42 |
| 44 | വയോജനങ്ങൾക്ക് കട്ടിൽ -സർക്കാർ നിർദ്ദേശം പാലിച്ചില്ല<br>Written By: Kavitha S Kannan (Senior Grade Auditor, On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 30-07-2022) | 1-43 |
| 45 | ഗ്രാമ പഞ്ചായത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- ഒരവലോകനം<br>Written By: Viju M S (Senior Grade Auditor, On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 1-44 |
| 46 | കാർഷിക കർമ്മസേനയ്ക്ക് യന്ത്രങ്ങൾ വാങ്ങൽ - അധിക തുക നല്കി<br>Written By: Viju M S (Senior Grade Auditor, On 21-03-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 1-45 |
| 47 | സിംഗിൾ ടെണ്ടർ സ്വീകരിച്ചതിലെ അപാകതകൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 30-07-2022) | 1-46 |
| 48 | ധനകാര്യകമ്മീഷൻ ഗ്രാന്റ്- സബ്സിഡി മാർഗരേഖ നിർദ്ദേശത്തിന് വിരുദ്ധമായി തുക ചെലവഴിച്ചു<br>Written By: Hareesh Babu .N (Asst. Audit Officer, On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 30-07-2022) | 1-47 |
| 49 | മാസ്ക് വാങ്ങൽ-പ്രോക്യൂർമെന്റ് ചട്ടങ്ങൾ പാലിച്ചിട്ടില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 22-03-2022) | 1-48 |

| | | |
|---|---|---|
| | Last Updated By: Joby George (Computer Assistant, On 30-07-2022) | |
| 50 | മരാമത്ത് സ്വഭാവമുള്ള പ്രവൃത്തികൾക്ക് തുക നൽകിയതിലെ അപാകത<br>Written By: Hareesh Babu .N (Asst. Audit Officer, On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 30-07-2022) | 1-49 |
| 51 | മരുന്ന് വാങ്ങിയെങ്കിലും നാളിതുവരെ വിതരണം ചെയ്തില്ല<br>Written By: Saly Joseph (Audit Officer (HG), On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 30-07-2022) | 1-50 |
| 52 | ഹൃദ്യാരോഗ്യം പദ്ധതി - അപാകതകൾ<br>Written By: Aneesh R (Auditor, On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 1-51 |
| 53 | കന്നുകുട്ടി പരിപാലനപദ്ധതി<br>Written By: Kavitha S Kannan (Senior Grade Auditor, On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 30-07-2022) | 1-52 |
| 54 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - സർക്കാർ നിർദ്ദേശം പാലിക്കാതെ വാങ്ങൽ നടത്തി<br>Written By: Kavitha S Kannan (Senior Grade Auditor, On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 30-07-2022) | 1-53 |
| 55 | തനതുഫണ്ട്-ബാങ്ക് അക്കൗണ്ടുകൾക്ക് പലിശ ലഭിക്കുന്നില്ല<br>Written By: Aneesh R (Auditor, On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 1-54 |
| 56 | മരാമത്ത് പ്രവൃത്തികളുടെ പ്രോജക്റ്റ് നടത്തിപ്പ്/ഫയൽ നടത്തിപ്പിലെ അപാകതകൾ<br>Written By: Saly Joseph (Audit Officer (HG), On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 1-55 |
| 57 | ബസ്സ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം - അപാകതകൾ<br>Written By: Saly Joseph (Audit Officer (HG), On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 1-56 |
| 58 | A E നടപ്പാക്കിയ മരാമത്ത് പ്രവൃത്തികൾക്ക് ഒരേ സമയം NREGS ഫണ്ടും ചെലവഴിക്കുന്നു<br>Written By: Saly Joseph (Audit Officer (HG), On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 01-08-2022) | 1-57 |
| 59 | SC വനിതാ വിപണന കേന്ദ്രം -മറ്റ് വിപണനം നടത്തുന്നു<br>Written By: Saly Joseph (Audit Officer (HG), On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 1-58 |
| 60 | സ്റ്റേഡിയം നിർമ്മാണം<br>Written By: Saly Joseph (Audit Officer (HG), On 23-03-2022)<br>Last Updated By: Joby George (Computer Assistant, On 01-08-2022) | 1-59 |
| 61 | പുതിയ മാർക്കറ്റ് കെട്ടിട നിർമ്മാണം<br>Written By: Saly Joseph (Audit Officer (HG), On 23-03-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 1-60 |
| 62 | കാരിക്കോട് സ്കൂളിൽ സ്വിമ്മിംഗ് പൂൾ നിർമ്മാണം<br>Written By: Saly Joseph (Audit Officer (HG), On 23-03-2022)<br>Last Updated By: Joby George (Computer Assistant, On 01-08-2022) | 1-61 |
| 63 | അലിവ് പദ്ധതി - ചെലവ് രേഖകൾ ഹാജരാക്കിയില്ല<br>Written By: Aneesh R (Auditor, On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 01-08-2022) | 1-62 |
| 64 | മെറ്റീരിയൽ സപ്ലൈ ചെയ്തതിന് കരാറുകാരിൽ നിന്നും ജി.എസ്.ടി. റ്റി.ഡി.എസ്. ഈടാക്കിയില്ല<br>Written By: Aneesh R (Auditor, On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 01-08-2022) | 1-63 |
| 65 | ഹെൽപ്പ് ഡസ്ക് ജീവനക്കാരിയ്ക്ക് വേതനം നൽകിയതിലെ അപാകത<br>Written By: Hareesh Babu .N (Asst. Audit Officer, On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 01-08-2022) | 1-64 |
| 66 | കൃഷി ഭവൻ ഓഫീസ് വയറിംഗ്-GST ഈടാക്കിയിട്ടില്ല | 1-65 |

| | | |
|---|---|---|
| | Written By: Hareesh Babu .N (Asst. Audit Officer, On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 01-08-2022) | |
| 67 | ഫർണീച്ചർ വാങ്ങൽ- അധിക തുക നൽകി<br>Written By: Hareesh Babu .N (Asst. Audit Officer, On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 01-08-2022) | 1-66 |
| 68 | തെരുവ് വിളക്ക് പരിപാലനം-അധിക തുക നൽകി<br>Written By: Hareesh Babu .N (Asst. Audit Officer, On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 01-08-2022) | 1-67 |
| 69 | മാർക്കറ്റിന് പാനൽ ബോർഡ് സ്ഥാപിയ്ക്കൽ-അധിക തുക നൽകി<br>Written By: Hareesh Babu .N (Asst. Audit Officer, On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 01-08-2022) | 1-68 |
| 70 | കാവുംമൂകൾ എസ് സി കമ്മ്യൂണിറ്റി ഹാൾ,അങ്കണവാടി- സാന്ത്വന ഭവനം- ഫർണീച്ചർ,ടി.വി അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ-അധിക തുക നൽകി<br>Written By: Hareesh Babu .N (Asst. Audit Officer, On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 01-08-2022) | 1-69 |
| 71 | ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണം<br>Written By: Kavitha S Kannan (Senior Grade Auditor, On 23-03-2022)<br>Last Updated By: Joby George (Computer Assistant, On 01-08-2022) | 1-70 |
| | ഭാഗം **2** | |
| 1 | റോഡ് കട്ടിംഗിന് വോഡാഫോൺ ഐഡിയ ലിമിറ്റഡിൽ നിന്നും റെസ്റ്റോറേഷൻ ചാർജസ് ഈടാക്കിയതിൽ കുറവ്<br>Written By: Aneesh R (Auditor, On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 01-08-2022) | 2-1 |
| | ഭാഗം **3** | |
| 1 | കാർഷിക കർമ്മസേനയ്ക്ക് യന്ത്രങ്ങൾ വാങ്ങൾ-അധിക തുക നൽകി<br>Written By: Viju M S (Senior Grade Auditor, On 21-03-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 3-1 |
| 2 | മാർക്കറ്റിന് പാനൽ ബോർഡ് സ്ഥാപിയ്ക്കൽ-അധിക തുക നൽകൽ<br>Written By: Hareesh Babu .N (Asst. Audit Officer, On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 01-08-2022) | 3-2 |
| 3 | ലാപ് ടോപ്പ് വാങ്ങൽ- അധിക തുക നൽകി<br>Written By: Kavitha S Kannan (Senior Grade Auditor, On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 01-08-2022) | 3-3 |
| 4 | തെരുവ് വിളക്ക് പരിപാലനം-അധിക തുക നൽകി<br>Written By: Hareesh Babu .N (Asst. Audit Officer, On 23-03-2022)<br>Last Updated By: Joby George (Computer Assistant, On 01-08-2022) | 3-4 |
| 5 | കരാർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി അധികനിരക്കിൽ തുക ചെലവഴിച്ചു , തുക 8,28,780/-രൂപ നിരാകരിക്കുന്നു.<br>Written By: Saly Joseph (Audit Officer (HG), On 02-08-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 3-5 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Kavitha S Kannan (Senior Grade Auditor, On 18-03-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Kavitha S Kannan (Senior Grade Auditor, On 20-03-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കുകളുടെ വിവരം<br>Written By: Kavitha S Kannan (Senior Grade Auditor, On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Kavitha S Kannan (Senior Grade Auditor, On 18-03-2022)<br>Last Updated By: Joby George (Computer Assistant, On 02-08-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Kavitha S Kannan (Senior Grade Auditor, On 18-03-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Kavitha S Kannan (Senior Grade Auditor, On 18-03-2022)<br>Last Updated By: Joby George (Computer Assistant, On 02-08-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Kavitha S Kannan (Senior Grade Auditor, On 22-03-2022)<br>Last Updated By: Joby George (Computer Assistant, On 02-08-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Kavitha S Kannan (Senior Grade Auditor, On 18-03-2022)<br>Last Updated By: Joby George (Computer Assistant, On 02-08-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Kavitha S Kannan (Senior Grade Auditor, On 18-03-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Kavitha S Kannan (Senior Grade Auditor, On 18-03-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Kavitha S Kannan (Senior Grade Auditor, On 20-03-2022)<br>Last Updated By: Joby George (Computer Assistant, On 02-08-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 26.03.2020-ാം തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 16.02.2021-ാം തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

2020-2021 പുതുക്കിയ ബജറ്റ് പ്രകാരം

| പ്രാരംഭ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| 21,50,775 | 22,52,97,500 | 22,74,48,275 | 21,83,38,650 | 91,09,625 |

ബജറ്റ് പ്രകാരമുള്ള വരവ് -ചെലവും, 2020-2021 വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ്&പേയ്മെന്റ് പത്രിക പ്രകാരമുള്ള വരവ്-ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു.

| | 2020-2021പുതുക്കിയ ബജറ്റ് പ്രകാരം | 2020-2021വാർഷിക ധനകാര്യപത്രിക (റസീപ്റ്റ്&പേയ്മെന്റ്) പ്രകാരം | വ്യത്യാസം |
|---|---|---|---|
| വരവ് | 22,52,97,500 | 12,51,00,334.00 | 10,01,97,166.00 |
| ചെലവ് | 21,83,38,650 | 12,32,54,860.00 | 9,50,83,790.00 |

ബജറ്റ് പ്രകാരമുള്ള വരവും, വാർഷിക ധനകാര്യപത്രികയിലെ തൻവർഷ വരവും തമ്മിൽ 10 കോടി രൂപയുടേയും, ബജറ്റ് പ്രകാരമുള്ള ചെലവും, വാർഷിക ധനകാര്യപത്രികയിലെ തൻവർഷ ചെലവും തമ്മിൽ 9 കോടി രൂപയുടേയും വ്യത്യാസമുണ്ട്.

വിവിധ നികുതി-നികുതിയേതര വരവുകളിൽ ബജറ്റും, യഥാർത്ഥ വരവും തമ്മിൽ ഗണ്യമായ വ്യത്യാസം ഇല്ലെങ്കിലും, വായ്പായിനത്തിലും, സംസ്ഥാനാവിഷ്കൃത ഗ്രാന്റിനത്തിലും പ്രതീക്ഷിത വരുമാനത്തിൽനിന്നും വളരെ കുറവാണ് യഥാർത്ഥ വരവ്. ഇതു കാരണമാണ് ബജറ്റിലെ വരവ് കണക്കുകളുമായി യഥാർത്ഥ വരവിന് വലിയ വ്യത്യാസം വന്നിരിക്കുന്നത് എന്ന് വ്യക്തമാകുന്നു. ബജറ്റ് തയ്യാറാക്കുമ്പോൾ പ്രതീക്ഷിത വരവ് യുക്തിസഹമാകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 28.05.2021 |

വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

### 1-2-1 വാർഷികകണക്കുകൾ പരിശോധിച്ചതിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1)സർക്കുലർനം.58725/എഫ്.എം.3/2008/തസ്വഭവ./26.05.2011ലെ നിർദ്ദേശത്തിന് വിരുദ്ധമായി തനത് ഫണ്ടിന് നാല് അക്കൗണ്ടുകൾ നിലനിർത്തുന്നു.(യൂണിയൻ ബാങ്ക്, ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക്, ഇ.ഡി.സി.ബി, ട്രഷറി ഓൺഫണ്ട്)

2)എസ്.ബി.ഐ ഇ-പേയ്മെന്റ് അക്കൗണ്ടിന് പുറമേ കാനറ ബാങ്കിലും എച്ച്.ഡി.എഫ്.സിയിലുമുള്ള രണ്ട് അക്കൗണ്ടുകൾ ഏതാവശ്യത്തിനായുള്ളതാണെന്ന് അറിയിക്കേണ്ടതാണ്.

3)ട്രഷറി കോവിഡ് അക്കൗണ്ട് 31.03.2021 ന് നെഗറ്റീവ് ബാലൻസിലാണുള്ളത്. കാരണം വ്യക്തമാക്കേണ്ടതാണ്.
4)Rent(Buildings) ഡി.സി.ബി. വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

5)B-15 ഷെഡ്യൂളിൽ വസ്തു നികുതിയിനത്തിൽ തുക കുടിശ്ശികയായുണ്ട്. എന്നാൽ നികുതി കുടിശ്ശിക കണക്കാക്കി I&E-ൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

6)സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ 173/21-ാം നമ്പർ പ്രോജക്ടിൽ പെടുത്തി ഇലക്ട്രിക് ലൈൻ മാറ്റി കേബിൾ സ്ഥാപിക്കുന്നതിലേയ്ക്ക് തൻവർഷം 60000/- രൂപ കെഎസ്.ഇ.ബി യിൽ നിക്ഷേപിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. എന്നാൽ മുൻകൂർ നൽകിയ മേൽ തുക 460500202 എന്ന ശീർഷകത്തിൽ ചെലവായി പെടുത്തിയിട്ടില്ല.

7)പ്രത്യേക ഉദ്ദേശഗ്രാന്റുകൾ -ജോയിന്റ് വെഞ്ചർ - തത്തുല്യമായ ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പില്ല. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

ജോയിന്റ് വെഞ്ചർ-B4ബാലൻസ് (31.03.2021) - 1391542/-

ജോയിന്റ് വെഞ്ചർ-B17 ബാലൻസ് (31.03.2021) - 1000000/-

8)താഴെ സൂചിപ്പിച്ചിട്ടുള്ള ഫണ്ടുകളുടെ വിശദാംശങ്ങൾ (ഫണ്ട് അനുവദിച്ച ഏജൻസി, പ്രോജക്ട്, ഉദ്ദേശ്യം, വർഷം തുടങ്ങിയവ) ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | കണക്ക് ശീർഷകം | 31/03/2021ലെ നീക്കിയിരിപ്പ് | റിമാർക്സ് |
|---|---|---|---|
| 1. | 320200307 | 580000/- | 2017-18മുതൽ ബാധ്യത ഹെഡിൽ തുടരുന്നു |
| 2. | 320200399 | 500000/- | 2018-19മുതൽ ബാധ്യത ഹെഡിൽ തുടരുന്നു |
| 3. | 320200311 | 150000/- | -ടി- |
| 4. | 320700104 | 7077/- | -ടി- |
| 5. | 320300199 | 34600/- | -ടി- |
| 6 | 460500306 | 1800/- | 2018-19മുതൽ അഡ്വാൻസ് ഹെഡിൽ തുടരുന്നു |
| 7 | 460100102 | 10000/- | -ടി- |

9)സാക്ഷരത അക്കൗണ്ടിൽ (കാനറ ബാങ്ക്-0713101017765) 31.3.2021 ന് 28463/-രൂപ നീക്കിയിരിപ്പുണ്ട്. പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ആരംഭിച്ച ഈ അക്കൗണ്ടിൽ പലിശയിനത്തിൽ നാളിതു വരെ വന്ന തുകയാണ് നീക്കിയിരിപ്പായി അവശേഷിക്കുന്നത്. 03.07.2009 ന് ശേഷം അക്കൌണ്ടിൽ പണമിടപാടുകൾ നടന്നിട്ടില്ല. ആയത് ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

10) ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് I-18 ഷെഡ്യൂളിൽ (പ്രയർ പിരീഡ് ഐറ്റംസ്) 280100101- പ്രയർ പിരീഡ് ഇൻകം പ്രോപ്പർട്ടി ടാക്സ് ഓൺ റെസിഡൻഷ്യൽ ബിൽഡിംഗ് എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ₹4418/- ചെലവായി രേഖപ്പെടുത്തിയത് സംബന്ധിച്ച വിശദീകരണവും ആയതിന് ആധാരമായ രേഖയും ഹാജരാക്കേണ്ടതാണ്.

11)ഗുണഭോക്താക്കൾ നേരിട്ട് ചെലവ് ചെയ്ത തുക കണക്കാക്കി ഗുണഭോക്തൃ വിഹിതം ഇനത്തിൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല (ഉദാ-വെറ്ററിനറി സർജൻ, ഫിഷറീസ് സബ് ഇൻസ്പെക്ടർ എന്നീ ഉദ്യോഗസ്ഥർ നിർവഹണം ചെയ്ത പ്രോജക്ടുകൾ)

12)Total Sanitation Campaign ഇനത്തിൽ ബാധ്യതയായി B-4ൽ രേഖപ്പെടുത്തിയ തുക (RP-40(b) നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല.

13)ഗുണഭോക്തൃവിഹിതം ഇനത്തിൽ (ഹെഡ്-320800101) 195700/-രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. (നീക്കിയിരിപ്പ് വന്നത് ഏത് പ്രോജക്ടുമായി ബന്ധപ്പെട്ട്, ചെലവായതിന്റെ വിവരം)

14)അദർ ഡെപ്പോസിറ്റ് എന്ന ഹെഡിൽ (340109901) ലയബിലിറ്റി ഹെഡിൽ ഉൾപ്പെടുത്തിയിട്ടുള്ള 664554/-രൂപ ഏതിനത്തിലുള്ളതാണെന്ന് വ്യക്തമാക്കേണ്ടതാണ്.

15) ബി-11(എ) ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ഹെഡിൽ ചേർത്തിരിക്കുന്ന 8688157/-രൂപയെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

16) സംരക്ഷണഗ്രാന്റ് -നോൺ റോഡിൽ നിന്നും വോട്ടിംഗ് മെഷീൻ വാങ്ങുന്നതിനായി ഉറവിടത്തിൽ കുറവ് ചെയ്ത തുക 42247/-രൂപ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. (ഈ തുക കുറച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് റദ്ദ് ചെയ്തിരുന്നുവെങ്കിലും റദ്ദ് ചെയ്ത ഉത്തരവ് പ്രകാരമുള്ള സംഖ്യയാണ് വെബ്സാംഖ്യയിൽ നിന്നുള്ള എ.സി.ആറിൽ വരവായി ഉൾപ്പെടുത്തിയിരിക്കുന്നത്)

17) വിവിധ സംയുക്ത പദ്ധതികൾക്കായിട്ടുള്ള ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതം പൂർണ്ണമായി ചെലവഴിക്കാതെ സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ട് പഞ്ചായത്ത് ഫണ്ടിൽ

അവശേഷിക്കുന്നു. പതിമൂന്നാം പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ സംയുക്ത പ്രൊജക്ടുകളുടെ വിഭവ വകയിരുത്തലും വിനിയോഗവും 23.01.2017 ലെ പി 7/2017/ധനം, നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

A)സംയുക്ത പ്രൊജക്ടുകൾക്ക് പ്രത്യേകമായി ഒരു സ്പെഷൽ ടി.എസ്.ബി.അക്കൗണ്ട് തുടങ്ങേണ്ടതും ഇതിൽ സംയുക്ത പ്രൊജക്ടുകൾക്ക് ലഭ്യമാകുന്ന തുകകൾ മാത്രം നിക്ഷേപിക്കേണ്ടതുമാണ്.

B) ധനസഹായം നല്കുന്ന തദ്ദേശ സ്ഥാപനം വകയിരുത്തിയ തുക മുഴുവൻ ഒറ്റ ഗഡുവായി സെപ്തംബർ 30 ന മുമ്പേ സംയുക്ത പ്രൊജക്ട് നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സ്പെഷൽ ടി.എസ്.ബി.അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതാണ്.
C) നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനം ഫെബ്രുവരി മാസത്തിന്റെ അവസാന വാരം സംയുക്ത പ്രൊജക്ടിന്റെ നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും സാമ്പത്തിക വർഷത്തിനുള്ളിൽ വിനിയോഗിക്കാൻ കഴിയില്ലെന്ന് ഉറപ്പുള്ള ബാലൻസ് തുക കണക്കാക്കി ആയത് ധനസഹായം നൽകിയ തദ്ദേശ സ്ഥാപനത്തിന് മറ്റ് കാര്യങ്ങൾക്ക് വിനിയോഗിക്കാൻ കഴിയും വിധം, ഫെബ്രുവരി 28നു മുന്നേ തിരിച്ചു നൽകേണ്ടതുമാണ്.

D) നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31 ന് സ്പെഷൽ ടി.എസ്. ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും, പണമാക്കാത്ത ചെക്കുകൾ പ്രകാരം നൽകേണ്ട തുക കഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്.

E) സാമ്പത്തിക വർഷത്തിന്റെ ഒടുവിൽ സംയുക്ത പ്രൊജക്ട് പൂർത്തീകരിച്ചില്ലെങ്കിൽ, സ്പിൽ ഓവർ ബാധ്യത പങ്കെടുക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിൽ ഷെയർ ചെയ്ത് ,സ്പിൽ ഓവർ പ്രൊജക്ടുകൾക്കായി അടുത്ത വർഷം ലഭ്യമാകുന്ന അലോട്ട് മെന്റിൽ നിന്നും വഹിക്കാവുന്നതാണ്.

F) മേൽപ്പറഞ്ഞ നടപടിക്രമങ്ങൾ പാലിച്ചിരുന്നെങ്കിൽ സ്പെഷൽ ടി.എസ്.ബി. അക്കൗണ്ടിൽ മാർച്ച് 31 ന് നീക്കിയിരിപ്പ് തുക ഉണ്ടാകുമായിരുന്നില്ല.

എന്നാൽ സംയുക്ത പ്രൊജക്ടുകളുടെ ധനാഗമനത്തിന്റെയും ധനവിനിയോഗത്തിന്റെയും വിവിധ ഘട്ടങ്ങളിൽ മേൽ നിർദ്ദേശങ്ങൾ സ്ഥാപനം പൂർണ്ണമായി പാലിക്കാത്തതാണ് തുക നിലവിൽ സ്ഥാപനത്തിന്റെ അക്കൗണ്ടിൽ ബാക്കിയാകാൻ കാരണം. മേല്പറഞ്ഞ തുക മുഴുവൻ ലഭിച്ചത് വർഷങ്ങൾക്ക് മുൻപാണെന്ന് മുൻവർഷങ്ങളിലെ ബാലൻസ് ഷീറ്റുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാണ്. ആയതു പ്രകാരമുള്ള തുകയാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്. ഇവ മുൻ വർഷങ്ങളിലെ ഏതൊക്കെ പ്രൊജക്ടുകൾക്ക് ലഭിച്ചതാണെന്ന് വ്യക്തമല്ല. മാർച്ച് 31 ന് അവശേഷിക്കുന്ന ഫണ്ട് സർക്കാരിലേക്ക് സറണ്ടർ ചെയ്യാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ഫണ്ട് വിനിയോഗം സംബന്ധിച്ച സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.
18) ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് (I-18) പ്രകാരം “280000000-Prior Period Items” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം<br>(ഇൻകം & എക്സ്പെൻഡിച്ചർ<br>അക്കൌണ്ട്, ഷെഡ്യൂൾ I-18) | 31.03.21ലെ<br>ലെഡ്ജർ<br>ബാക്കി |
|---|---|
| 280100102-Prior Period Income- Profession Tax-Institutions/Professionals/Traders | (-)54700 |
| 280200201-Prior Period Income- License Fees | (-)23750 |
| 280100401-Prior Period Income-other Income | (-)41516 |
| 280800301-Period - Operations And Maintenance Expenses | (-)403980 |
| 280800601-Prior Period - Revenue Grants & Contributions | (-)160000 |

അപാകതകൾ പരിഹരിക്കുന്നതാണെന്ന് വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം-58/21.03.2022 )മറുപടി നൽകിയിട്ടുണ്ട്.

.

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | | 6680994.60 |
| ഓഡിറ്റ് വർഷത്തെ വരവ് | : | 125100334.00 |
| ആകെ | | 131781328.60 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | 123254860.00 |
| നീക്കിയിരിപ്പ് | | 8526468.60 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 154529.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 850348.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 60,92,967.00 |

1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 12142823 | 12142823 | *11917823 | 225000 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 7882284 | 7882284 | **7759000 | 123284 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 122447 | 122447 | 94000 | 28447 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ( CFC- Tied) | 0 | 4950000 | 4950000 | 4869837 | 80163 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ( CFC- Untied) | 0 | 9059013 | 9059013 | 8951924 | 107089 |
| മെയിന്റനൻസ്, റോഡ് | | 13900000 | 13900000 | 13900000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് | | 4134753 | 4134753 | ***4134753 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഐ.സി.ഡി.എസ് | 799602 | 793283 | 1592885 | 410264 | 1182621 |
| സമ്പൂർണ്ണ ശുചിത്വ യജ്ഞം (TSC) | 723775 | 0 | 723775 | 0 | 723775 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ലൈഫ് (സംസ്ഥാന വിഹിതം) | 1860000 | 2320000 | 4180000 | 1820000 | 2360000 |
| സാക്ഷരതാ മിഷൻ ഗ്രാന്റ് | 27622 | 841 | 28463 | 0 | 28463 |
| പൈകാ ഗ്രാന്റ് | 580000 | 0 | 580000 | 0 | 580000 |

| | | | | | |
|---|---|---|---|---|---|
| ഫ്ലഡ് റിലീഫ് ഗ്രാന്റ് | 150000 | 0 | 150000 | 0 | 150000 |
| ആശ്രയാ മിഷൻ ഫണ്ട് | 34600 | 1333333 | 1367933 | 1333333 | 34600 |
| ആരോഗ്യകേരളം | 500000 | 0 | 500000 | 0 | 500000 |

1) G O പ്രൊജക്ടുകളുടെ ചെലവ്

വികസനഫണ്ട് - ജനറൽ - *847859/-

വികസനഫണ്ട് - SCP - **58509/-

മെയിന്റനൻസ്, നോൺ-റോഡ്-***42247/-

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം വരവ് | ചെലവ് | ചെലവഴിക്കാതെ ലാപ്സായ തുക | ചെലവഴിക്കാതെ ലാപ്സായ തുകയുടെ ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 12142823 | 11917823 | 225000 | 1.8% |
| വികസന ഫണ്ട് (എസ്.സി.പി) | 7882284 | 7759000 | 123284 | 1.56% |
| വികസന ഫണ്ട് (ടി.എസ്.പി) | 122447 | 94000 | 28447 | 23% |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 13900000 | 13900000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 4134753 | 4134753 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 9797704 | 6148498 | 3649206 | 37% |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | 9059013 | 8951924 | 107089 | 1.1% |

2020-21 സാമ്പത്തിക വർഷം ബജറ്റ് പ്രകാരം പഞ്ചായത്തിന് അലോട്ട് ചെയ്ത ഗ്രാന്റുകളിൽ ധനകാര്യകമ്മീഷൻ ഗ്രാന്റും (Untied) ടി.എസ്.പി ഫണ്ടും ഒഴികെ ബാക്കിയെല്ലാ ഗ്രാന്റുകളും കാര്യക്ഷമമായി വിനിയോഗിച്ചിട്ടുണ്ട്. എന്നാൽ ധനകാര്യകമ്മീഷൻ ഗ്രാന്റ് (Untied) 37 ശതമാനവും ടി.എസ്.പി 23 ശതമാനവും ലാപ്സായിട്ടുണ്ട്. കേന്ദ്രധനകാര്യ കമ്മീഷൻ തുക മാർഗ്ഗരേഖകൾ പാലിച്ച് നടപ്പാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കാൻ ശ്രമിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 133 | 191114970 | 104 | 0 | 115776754 | 29 | 78.19% |

ഭാഗികമായി നടപ്പാക്കിയ പ്രൊജക്ടുകൾ അടുത്ത വർഷം സ്പിൽഓവറായി നടപ്പാക്കിയിട്ടുണ്ട്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 35457 | 1384766 | 1420223 | 1309720 | 110503 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 31116280 | 31116280 | 31116280 | 0 |
| ആകെ | 35457 | 32501046 | 32536503 | 32426000 | 110503 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകത്തൊഴിലാളി പെൻഷൻ | 8988200 | 3578 |
| വിധവാപെൻഷൻ | 12014900 | 4634 |
| വാർദ്ധക്യകാല പെൻഷൻ | 29560500 | 11934 |
| വികലാംഗ പെൻഷൻ | 4346500 | 1693 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 1094000 | 428 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 60000 | 2 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.03.2022 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 26496/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

കേരളത്തിലെ മികച്ച പഞ്ചായത്തിനുള്ള അവാർഡ്, 3G അംഗൻവാടി ,സ്റ്റേഡിയം നിർമ്മാണം, കാരിക്കോട് സ്കൂളിൽ സ്വിമ്മിംഗ് പൂൾ ഇത്യാദി കാര്യങ്ങൾ അഭിനന്ദാർഹമാണ്. അതോടൊപ്പം ചുവടെ ചേർക്കുന്ന കാര്യങ്ങളും ശ്രദ്ധിക്കേണ്ടതാണ്.

1)ഫയലുകളുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല.

സെക്രട്ടറി, എ.ഇ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്റ്റുകളുടെ ഫയലിൽ വ്യക്തമായ വിശദാംശങ്ങൾ ഉൾപ്പെടുത്തിയല്ല പരിശോധനയ്ക്ക് ഹാജരാക്കിയത്. മരാമത്ത് പ്രവർത്തികളിൽ ഫണ്ട് വിനിയോഗം വ്യക്തമായി രേഖപ്പെടുത്തുന്നില്ല. കൂടാതെ മരാമത്ത് പ്രവർത്തികളുടെ ഫയലിൽ സൂക്ഷിക്കേണ്ടുന്ന വിവരങ്ങളായ പുതുക്കിയ പ്രോജക്റ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട്, ടെൻഡർ നടപടികൾ ടാബുലേഷൻ ഷീറ്റ്, പുതുക്കിയ എഗ്രിമെന്റ്, വർക്ക് പൂർത്തികരണ കലണ്ടർ, കോൺട്രാക്ടേഴ്സ് ബില്ലിന്റെ പൂർണ്ണരൂപം ബില്ലിൽ നിന്നുള്ള പിടിക്കലുകൾ, പാർട്ട് ബില്ല് തയ്യാറാക്കുമ്പോൾ റീടെൻഷൻ തുകയുടെ ഈടാക്കലുകൾ, കരാറുകാർക്ക് നല്കുന്ന തുകയുടെ വിശദാംശങ്ങൾ (ബിൽ നം/ചെക് നം തിയതി), വർക്ക് കംപ്ലീഷൻ റിപ്പോർട്ട്, മോണിട്ടറിംഗ് റിപ്പോർട്ട്, സൈറ്റിന്റെ വിവരം എന്നിവ ഫയലിൽ ഇല്ല.

2)കരാറുകളിൽ പൂർത്തീകരണ കാലയളവ് രേഖപ്പെടുത്തുന്നില്ല.

3)ഒരു പ്രവർത്തിയ്ക്കായി പല പ്രോജക്റ്റുകൾ തയ്യാറാക്കുന്നു. ആയതിനാൽ MRF സെന്ററിന്റെ നിർമ്മാണം,

SC വനിതാ വ്യവസായ കേന്ദ്രത്തിന്റെ നിർമ്മാണം, പുതിയ മാർക്കറ്റ് നിർമ്മാണം, ബസ്സ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം, സ്റ്റേഡിയം നിർമ്മാണം എന്നീ നിർമ്മാണ പ്രവർത്തികൾ കൂടുതൽ അന്വേഷണം നടത്തേണ്ടതാണ്.

4)മരാമത്ത് പ്രവർത്തികളിൽ ഒരേസമയം NREGS ഫണ്ടും ചെലവഴിക്കുന്നുണ്ട്.

5)ആസ്തി രജിസ്റ്റർ.

സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികളുടെ നിർമ്മാണത്തിനും, MRF സെന്ററിന്റെ നിർമ്മാണത്തിനും, SC വനിതാ വ്യവസായ കേന്ദ്രത്തിന്റെ നിർമ്മാണത്തിനായും,പുതിയ മാർക്കറ്റ് നിർമ്മാണം, ബസ്സ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം, സ്റ്റേഡിയം നിർമ്മാണം എന്നിവയ്ക്കായി സ്വകാര്യ വ്യക്തികളിൽ നിന്ന് സ്ഥലം പഞ്ചായത്ത് വാങ്ങിയിട്ടുണ്ട്. ഈ ആസ്തികൾ എല്ലാം തന്നെ ആസ്തി രജിസ്റ്ററിൽ ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

പഞ്ചായത്തിന്റെ കൈവശമുള്ള ഭൂമി പരമാവധി ഉപയോഗിക്കുന്നു എന്ന് ഉറപ്പാക്കുന്നതിനാവശ്യമായ ഒരു സമ്പൂർണ്ണ ഡാറ്റാ ബേസ് പഞ്ചായത്ത് സൂക്ഷിക്കുന്നത് ഭാവി വികസന സാദ്ധ്യതകൾക്ക് ഉപയുക്തമാക്കാൻ ഉചിതമായിരിക്കും.

6)പദ്ധതി ഫയലുകളിൽ മോണിട്ടറിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തുന്നില്ല.

7)വാങ്ങലുകളിൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

8)കേന്ദ്ര-സംസ്ഥാന സർക്കാരിലേയ്ക്ക് അടവാക്കേണ്ട നികുതികൾ കരാറുകാരിൽ നിന്നും ഈടാക്കുന്നതിൽ വീഴ്ച വരുത്തുന്നു.

9) സർക്കാർ ഉത്തരവിന് വിരുദ്ധമായി തൻവർഷം ലീവ് സറണ്ടർ ആനുകൂല്യം നൽകിയിട്ടുണ്ട്. ആയത് പുനഃപരിശോധിക്കേണ്ടതാണ്.

10) ഗ്രാമപഞ്ചായത്തിൽ ലഭിക്കുന്ന ടെണ്ടർ/ക്വട്ടേഷൻ എന്നിവ വിശദമായി പരിശോധിക്കാതിരുന്നത് കാരണം പലപ്പോഴും അധിക ചെലവ് വന്നിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.12.2021 | ഡിസംബർ 2021 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.03.2022 | 2019-20 | ലഭിച്ചിട്ടില്ല |

## 1-11 പൗരാവകാശ രേഖ

1994-ൽ കേരള പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നെങ്കിലും പൗരൻമാർക്കുള്ള അവകാശങ്ങൾ എന്ന 272 എ വകുപ്പ് നിയമത്തിൽ ഉൾപ്പെടുത്തിയത് 1999-ലെ 13-ാം ഭേദഗതിയിലൂടെയാണ്. ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ, അവയുടെ വ്യവസ്ഥകൾ, അവ ലഭിക്കുന്ന സമയപരിധി എന്നിവ ജനങ്ങൾക്ക് വെളിപ്പെടുത്തുന്ന നിയമ സമീപന സേവനാവകാശരേഖയാണ് പൗരാവകാശ രേഖ എന്നത്.

പുതിയ ഭരണസമിതി അധികാരത്തിൽ വന്നാൽ ആറുമാസത്തിനകം പൗരാവകാശ രേഖ പ്രസിദ്ധീകരിക്കേണ്ടതാണ്. ആയത് പ്രസിദ്ധീകരിക്കുന്നതിനായി തൻ വർഷം പ്രോജക്റ്റ് തയ്യാറാക്കിയെങ്കിലും നടപ്പാക്കിയില്ല (എൻക്വയറി.നം-52/20.03.2022).ചട്ടപ്രകാരം പൗരാവകാശ രേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-12 കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ 2020-21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ടി കരാറുകാർ സാമ്പത്തിക വർഷത്തിൽ 6 മാസത്തെ കരാർ വ്യവസ്ഥയിൽ പഞ്ചായത്തിൽ ഒന്നിലധികം മരാമത്ത് പണികൾ ഏറ്റെടുത്ത് ചെയ്തിട്ടുണ്ട് എന്ന് എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. മുൻ വർഷങ്ങളിലും ഇതേ പോലെ പ്രവൃത്തി ഏറ്റെടുത്ത് ചെയ്തിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെച്ചേർക്കുന്നു.

| ക്രമ നം: | കരാറുകാരന്റെ പേര് | ആകെ പ്രവൃത്തികളുടെ എണ്ണം | പ്രവൃത്തികളുടെ നം: | ആകെ എസ്റ്റിമേറ്റ് തുക |
|---|---|---|---|---|
| 1 | മനോജ്കുമാർ എം. ആർ | 10 | 184/20-21<br>181/20-21<br>189/20-21<br>183/20-21<br>212/20-21<br>210/20-21<br>211/20-21<br>209/20-21<br>228/20-21<br>214/20-21 | 6624031 രൂപ |
| 2 | അർജ്ജുൻ വി.സുനിൽ | 1 | 133/20-21 | 940046രൂപ |
| 3 | ഇല്ല്യാസ് പി.എച്ച് | 1 | 186/20-21 | 2670472.36രൂപ |
| 4 | പൂൾ പ്രൊഫഷണൽസ് | 1 | 133/20-21 | 779822രൂപ |

മേൽ സൂചിത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രസീത് സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് 21.03.2022-ൽ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം : 64 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്തിട്ടുണ്ടെങ്കിൽ നികുതി അടക്കാൻ ബാധ്യസ്ഥനാണ്. ആയതിനാൽ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി ആയതിന്റെ രസീത് സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 റോഡ് കട്ടിംഗിന് വോഡാഫോൺ ഐഡിയ ലിമിറ്റഡിൽ നിന്നും റസ്റ്റോറേഷൻ ചാർജസ് ഈടാക്കിയതിൽ കുറവ്

മുളന്തുരുത്തി ഗ്രാമപഞ്ചായത്തിലെ കണ്ടനാട്,മൂലേക്കുരിശ് പ്രദേശങ്ങളിൽ 2000 (1650+350) മീറ്റർ നീളത്തിൽ പഞ്ചായത്ത് റോഡ് കട്ട് ചെയ്ത് ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിന് 25.07.2019ലെ ICL/PFY 19-20ROW/EKM/PNVT/01, 05.08.2019ലെ ICL/PFY 19-20ROW/EKM/PNVT/03 നമ്പർ കത്തുകൾ പ്രകാരം വോഡാഫോൺ ഐഡിയ ലിമിറ്റഡ് ജനറൽ മാനേജർ അപേക്ഷ നൽകിയിരുന്നു. എൽ.എസ്.ജി.ഡി സെക്ഷൻ അസി.എഞ്ചിനീയർ തയ്യാറാക്കിയ 4034452/-രൂപയുടെ റസ്റ്റോറേഷൻ ചാർജസിന്റെ എസ്റ്റിമേറ്റ് 10.01.2020ലെ 04.03.06-ാം നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ 27.07.2020ലെ എ5/122/2020 നമ്പർ പ്രകാരം റോഡ് കട്ടിംഗിന് അനുമതി നൽകുകയും ചെയ്തിട്ടുള്ളതാണ്. 27.07.2020ലെ 120010400001 നമ്പർ രസീത് പ്രകാരം 4034452/-രൂപ റസ്റ്റോറേഷൻ ഫീസ് വോഡാഫോൺ ഐഡിയ ലിമിറ്റഡ് ഗ്രാമപഞ്ചായത്തിൽ അടച്ചിട്ടുണ്ട്. വോഡാഫോൺ ഐഡിയ ലിമിറ്റഡിന് റോഡ് കട്ട് ചെയ്ത് ഒ.ഫ്.സി കേബിൾ ഇടുന്നതിന് അനുമതി നൽകിയപ്പോൾ റസ്റ്റോറേഷൻ ഫീസ് ഈടാക്കിയതിൽ 154529/-രൂപ കുറവ് വന്നിട്ടുണ്ട്. സർക്കാരിലേക്ക് അടക്കേണ്ട RoW (Right Of Way) പെർമിഷൻ ഫീസും അടവാക്കിയിട്ടില്ല. കൂടാതെ റസ്റ്റോറേഷൻ ഫീസിനോടൊപ്പം ഈടാക്കിയ ജി.എസ്.ടിയും സർക്കാരിലേക്ക് അടച്ചിട്ടില്ല. വിശദ വിവരങ്ങൾ ഖണ്ഡിക 2-1ൽ ചേർത്തിട്ടുണ്ട്.

## 1-14 2017ലെ ലൈസൻസ് ഭേദഗതി ചട്ടങ്ങൾ പ്രകാരം ഭരണസമിതി ഫീസ് നിശ്ചയിച്ച് തീരുമാനം എടുത്തിട്ടില്ല

2017ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ 31.10.2017ൽ നിലവിൽ വന്നിട്ടുണ്ട്. ഇതു പ്രകാരം ചട്ടം 10ലെ പട്ടിക 2 പ്രകാരം ലൈസൻസ് ഫീസ് വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ചുമത്തിയിരുന്നത് മാറ്റി സ്ഥാപനങ്ങളെ മൂലധനത്തിന്റെ അടിസ്ഥാനത്തിൽ അഞ്ച് വിഭാഗങ്ങളായി തിരിച്ച് പരമാവധി നിശ്ചയിക്കാവുന്ന വാർഷിക ലൈസൻസ് ഫീസ് പുതുക്കിയിട്ടുണ്ട്. മേൽ ഭേദഗതി

ചട്ടങ്ങൾ പ്രകാരം ചട്ടം 10ലെ പട്ടിക 2ന് വിധേയമായി പരമാവധി ഈടാക്കാവുന്ന ലൈസൻസ് ഫീസ് നിശ്ചയിച്ച് ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം എടുത്തിട്ടില്ല. ഇതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നം.10/17.03.2022)മറുപടി നൽകിയിട്ടില്ല. ആയതിനാൽ, ഭേദഗതി ചട്ടങ്ങൾ പ്രകാരം ചട്ടം 10ലെ പട്ടിക 2ന് വിധേയമായി പരമാവധി ഈടാക്കാവുന്ന ലൈസൻസ് ഫീസ് നിശ്ചയിച്ച് ഗ്രാമപഞ്ചായത്ത് ഭരണസമിതി അടിയന്തിരമായി തീരുമാനം എടുക്കേണ്ടതാണ്.

.

## 1-15 വിമുക്തഭടൻമാർക്ക് വസ്തുനികുതിയിളവ് - ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അംഗീകാരം

വിമുക്തഭടൻമാർക്ക് വസ്തുനികുതി ഒഴിവ് ലഭിക്കുന്നതിനായി 26.05.2017 ലെ 106/2017/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഓരോ വർഷവും മാർച്ച് 31നു മുമ്പ് നിശ്ചിത മാതൃകയിൽ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതും, അപേക്ഷകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ വച്ച് അംഗീകാരം നേടിയെടുക്കേണ്ടതുമാണ്. 2020-21 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് ആകെ 132 വിമുക്ത ഭടൻമാർക്ക്/അവരുടെ ഭാര്യമാർക്ക് വസ്തുനികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവ് നൽകിയിട്ടുണ്ട്. ഉത്തരവ് പ്രകാരം മേൽ വസ്തുനികുതി ഒഴിവ് നൽകിയിട്ടുള്ള നടപടിക്ക് സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം ലഭ്യമായിട്ടുണ്ടോ എന്നതിന് വിശദീകരണം ആവശ്യപെട്ടുകൊണ്ട് 22.03.2022 -ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.70 ന് മറുപടി നൽകിയില്ല. വസ്തുനികുതി ഇളവ് നൽകുമ്പോൾ ബന്ധപ്പെട്ട ചട്ടങ്ങളും ഉത്തരവുകളും പാലിക്കാൻ ശ്രദ്ധിക്കേണ്ടതും. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം സ്വീകരിക്കേണ്ടതുമാണ്.

## 1-16 കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു

വാണിജ്യാവശ്യത്തിനായുള്ള 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള താഴെ പറയുന്ന കെട്ടിടത്തിന് 30/$M^2$ രൂപയായിട്ടാണ് വസ്തു നികുതി കണക്കാക്കിയിട്ടുള്ളത്. എന്നാൽ 50 രൂപയാണ് വാണിജ്യാവശ്യത്തിനായുള്ള 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടത്തിന് കമ്മറ്റി വസ്തു നികുതി ഈടാക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.

| കെട്ടിട നം/ വാർഡ് നം | തറ വിസ്തീർണ്ണം (ചതുരശ്ര മീറ്റർ) | വർദ്ധനവ് ഇളവ് ഉൾപ്പെടെ ഈടായാക്കിയ വസ്തുനികുതി | ഈടാക്കേണ്ട വസ്തു നികുതി വർദ്ധനവ് ഇളവ് ഉൾപ്പെടെ | ആകെ നഷ്ടം |
|---|---|---|---|---|
| 574 E /7 | 134.74 | 4437.00 രൂപ | 7410.7 രൂപ | 2973.7 രൂപ |

ഈ കെട്ടിടം മേൽ കാണിച്ചിട്ടുള്ള രീതിയിൽ വസ്തു നികുതി അസ്സസ്സ് ചെയ്തിട്ടുള്ളത് 2014 മുതലാണ്. അന്നുമുതൽക്കുള്ള വസ്തു നികുതി നഷ്ടം കണക്കാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കണം എന്നവശ്യപ്പെട്ട് 22.03.2022-ൽ നൽകിയ എൻക്വയറി നം : 69 ന് മറുപടി ലഭിച്ചില്ല. വസ്തുനികുതിയിനത്തിൽ 2020-21സാമ്പത്തിക വർഷത്തിൽ നഷ്ടം വന്ന തുകയായ 2973.7/-രൂപയും നാളിതുവരെയുള്ള കുടിശ്ശികയും ഈടാക്കി രേഖസഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 മരം വെട്ടിമാറ്റൽ - ലേലം ചെയ്തതിന്റെ വിവരം ലഭ്യമാക്കിയില്ല

കാരിക്കോട് സ്കൂൾ വളപ്പിൽ നിന്നും മരങ്ങൾ വെട്ടിമാറ്റിയതിന് വൗച്ചർ നമ്പർ 22000476/16.07.2020 പ്രകാരം 19750/- രൂപ തനത്ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട് ( 04.06.2020 ലെ 7(2ഡി) നമ്പർ കമ്മറ്റി തീരുമാനം). മരം ലേലം ചെയ്ത് തുക തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയതിന്റെ വിശദാംശങ്ങൾ എൻക്വയറി (നം.54/20.03.2022) മുഖേന ആവശ്യപ്പെട്ടിട്ടും നൽകിയില്ല. ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-18 തെരുവു വിളക്കുകളുടെ പരിപാലനം-സംയുക്ത പരിശോധന നടത്തിയിട്ടില്ല

2020-21-ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം തെരുവ് വിളക്ക് വൈദ്യുതി ചാർജിനത്തിൽ 673520/- രൂപ ഒടുക്കിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിന് രണ്ട് പ്രൊജക്ടുകളിലായി 677911/- രൂപ ചെലവഴിച്ചിട്ടുണ്ട്. ( പ്രോജക്ട് നമ്പർ 04/21- 498820/- രൂപ, പ്രോജക്ട് നമ്പർ 158/21- 179091/-രൂപ) മേൽ പറഞ്ഞ വിധം തെരുവു വിളക്ക് സ്ഥാപിക്കുന്നതിനു വേണ്ടി തുക ചെലവഴിച്ചിട്ടും, തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം, ഇനം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഒന്നും തന്നെ പഞ്ചായത്തിൽ ലഭ്യമല്ല. മീറ്ററിംഗ് സംവിധാനത്തോട് കൂടിയ തെരുവ് വിളക്കുകൾ സ്ഥാപിക്കണമെന്നും തദ്ദേശ സ്വയം ഭരണ സ്ഥാപനവും, കേരള വൈദ്യുതി ബോർഡിലെ ബന്ധപ്പെട്ട അസി.എഞ്ചിനിയറും സംയുക്ത പരിശോധന നടത്തി ഏതൊക്കെ സ്ഥലങ്ങളിലാണ് തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുള്ളതെന്നതിനെ സംബന്ധിച്ച കൃത്യമായ വിവരം സൂക്ഷിക്കണമെന്നും സർക്കുലർ

നമ്പർ 43742/ഡി.സി3/2010/ത.സ്വ.ഭ.വ,തീയതി.07.07.2010 ഉത്തരവിലും,സർക്കുലർ നമ്പർ 65529/ഡി.സി3/2012/ത.സ്വ.ഭ.വ,തീയതി.12.03.2013 ഉത്തരവിലും നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ മേൽ സർക്കാർ നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല (എൻക്വയറി.നം-51/20.03.2022) സർക്കാർ ഉത്തരവനുസരിച്ച് തെരുവ് വിളക്കുകൾക്ക് മീറ്റർ ഘടിപ്പിക്കുന്നതിനും കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്തപരിശോധന നടത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-19 കുടിവെള്ള വിതരണം- വാഹനത്തിന്റെ ലോഗ് ബുക്ക് ഹാജരാക്കിയിട്ടില്ല

വരൾച്ച ദുരിതമനുഭവിക്കുന്ന പഞ്ചായത്തിലെ വിവിധ വാർഡുകളിലെ സ്ഥലങ്ങളിൽ കുടിവെള്ള വിതരണം ചെയ്യുതിനുള്ള ക്വട്ടേഷൻ ക്ഷണിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ 18.02.2021 തീയതി യിലെ 2(1) നമ്പർ തീരുമാന പ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതു പ്രകാരം കുടിവെള്ള വിതരണത്തിനായി ശ്രീ രാജൻ എസ്. തോമസ്,സീതകുന്നേൽ,ആരക്കുന്നം,എടയ്ക്കാട്ട്വയൽ എന്ന വ്യക്തിയെ തെരഞ്ഞെടുക്കുകയും 18.03.21 തീയതി മുതൽ വിവിധ വാർഡുകളിൽ KBR-1983 നമ്പർ വാഹനത്തിൽ കുടിവെള്ളം വിതരണം ചെയ്യുതിന് 295368 രൂപ ശ്രീ രാജൻ എസ് തോമസിന് (05.03.2021തീയതിയിലെ 22001722നമ്പർ വൗച്ചർ പ്രകാരം) നൽകുകയും ചെയ്യിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 27.02.20 തീയതിയിലെ സ.ഉ(സാധാ)നം.494/2020/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം കുടിവെള്ളം വിതരണം ചെയ്യാനുപയേഗിക്കുന്ന വാഹനത്തിന്റെ ജി.പി.എസ് ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതും ജി.പി.എസ് ലോഗും വാഹനത്തിന്റെ ലോഗ് ബുക്കും തമ്മിൽ ക്രോസ് ചെക്ക് ചെയ്ത് സുതാര്യത ഉറപ്പു വരുത്തിയതിന് ശേഷം മാത്രം സെക്രട്ടറി ചെലവു തുക അനുവദിക്കേണ്ടതുമാണ്. എന്നാൽ വാഹനത്തിന്റെ ജി.പി.എസ് ലോഗ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. അപാകത വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.59/21.03.2022)മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. സർക്കാർ ഉത്തരവ് പ്രകാരം കുടിവെള്ളം വിതരണം ചെയ്യാനുദ്ദേശിക്കുന്ന വാഹനത്തിന് ജി.പി.എസ്. ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതും, ജി.പി.എസ് ലോഗ് പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

1-20 സാമൂഹ്യ സുരക്ഷാ പെൻഷൻ-അപാകതകൾ

ധനകാര്യ (എസ്.എഫ്.സി. സെൽ -ബി) വകുപ്പിന്റെ സ.ഉ. (എം.എസ്) നം. 278/2018 ധന. തീയതി 3.8.2018 പ്രകാരം മരണപ്പെട്ട ഗുണഭോക്താക്കളെ സാമൂഹ്യസുരക്ഷാ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും അടിയന്തിരമായി ഒഴിവാക്കാനും ഇത്തരത്തിൽ സർക്കാരിൽ നിന്നും അനർഹമായി കൈപ്പറ്റിയിട്ടുള്ള തുക അനന്തരാവകാശികളിൽ നിന്നും തിരിച്ചു പിടിച്ച് മുതൽ കൂട്ടുവാനും പ്രാദേശിക സർക്കാർ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ പെൻഷനറുടെ മരണശേഷവും തുക അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യിരിക്കുന്നു. ഉദാഹരണമെന്നോണം വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം: | പെൻഷണറുടെ പേര് | പെൻഷൻ ഇനം | മരണം നടന്ന തീയതി | പെൻഷണർ ഐഡി | അധികമായി തുക നൽകിയ മാസങ്ങളുടെ എണ്ണം / തുക. | അധികമായി തുക നേരിട്ടോ അല്ലാതെയോ കൈപ്പറ്റിയതിന്റെ വിവരം | സ്റ്റാറ്റസ് |
|---|---|---|---|---|---|---|---|
| 1 | രാമചന്ദ്രൻ നായർ.സി | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 13.12.20 | 1070102 02055 | 14 മാസം / 22100 രൂപ. | State Bank Of India 103670 99882 IFSC :- SBIN 0008591 | ആക്റ്റീവ് |
| 2 | മറിയാമ്മ | കർഷക തൊഴിലാളി പെൻഷൻ | 14.12. 2020 | 1067001 00335 | 14 മാസം / 22100 രൂപ. | Union Bank Of India 5506 02010 012520 IFSC :-UBIN0 555061 | ആക്റ്റീവ് |
| 3 | മറിയാമ്മ കര്യാച്ചൻ | ഇന്ദിരാ ഗാന്ധി ദേശീയ | 05.12.20 | 1067002 01143 | 14 മാസം / 22100 രൂപ. | Federal Bank 1141 | ആക്റ്റീവ് |

| | | | | | | | |
|---|---|---|---|---|---|---|---|
| | | വാർദ്ധക്യ കാല പെൻഷൻ | | | | 0100 109386 IFSC:- FDRL 0001141 | |
| 4 | കോമളം കെ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 18.11.20 | 1016902 01466 | 15 മാസം / 23600 രൂപ. | Bank Of Baroda 46280100 000341 IFSC:- BARB0 KALOOR | ആക്ടീവ് |
| 5 | വർഗീസ് എൻ ജെ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 05.12. 2020 | 1067002 00433 | 13മാസം / 20500 രൂപ. | Canara Bank 0713108 024305 IFSC:- CNRB00 00713 | സസ്പെൻഡ് |
| 6 | ആന്റണി പി വി | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 18.12.20 | 1067002 01313 | 14 മാസം / 22100 രൂപ. | Canara Bank 07131080 24294 IFSC:- CNRB00 00713 | ആക്ടീവ് |
| 7 | കൃഷ്ണൻ ശങ്കരൻ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 09.12.20 | 1067402 00241 | 14 മാസം / 22100 രൂപ. | Union Bank Of India 34330201 0021721 IFSC:- UBIN05 34331 | ആക്ടീവ് |
| 8 | കുഞ്ഞുപെണ്ണ് | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ | 17.11.20 | 1067006 00067 | 15 മാസം / 23600 രൂപ. | Union Bank Of India 55060201 0012593 IFSC:- UBIN05 55061 | ആക്ടീവ് |
| 9 | ജോസഫ് ഇ എം | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 19.11.20 | 1067002 01779 | 14 മാസം / 22100 രൂപ. | Federal Bank 1321010 0081363 IFSC:- FDRL00 01321 | ആക്ടീവ് |
| 10 | സീതമ്മാൾ | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ | 18.08.20 | 1067006 00270 | 18 മാസം / 27700/- രൂപ. | Union Bank Of India 55060 2010 012583 IFSC:- UBIN 0555061 | ആക്ടീവ് |

1. മേൽ പട്ടിക പ്രകാരം പെൻഷനറുടെ മരണശേഷം അധികം നൽകിയിട്ടുള്ള തുകകൾ സർക്കാരിലേക്ക് തിരിച്ചടച്ചിട്ടില്ല .
2. മേൽ പട്ടികയിലേത് എതാനും ഉദാഹരണങ്ങൾ മാത്രമാണ് അന്വേഷണകുറിപ്പായി രേഖപെടുത്തിയിട്ടുള്ളത്, ബാക്കി വരുന്ന എല്ല സാമൂഹ്യ സുരക്ഷാ പെൻഷണേഴ്സിന്റെ നിലവിലത്തെ അവസ്ഥ (ജീവിച്ചിരിപ്പുണ്ടോ അതോ മരണപ്പെട്ടിട്ടുണ്ടോ) സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.
3. ഗുണഭോക്താക്കളുടെ മരണശേഷം സേവന പെൻഷൻ അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ടെങ്കിലും ഗുണഭോക്താക്കൾക്ക് കൈമാറാൻ കഴിയാത്ത തുകകൾ സസ്പെൻസ് അക്കൗണ്ടിൽ വിവിധ ബാങ്കുകളിൽ നിലനിൽക്കുന്നു. ടി തുകകൾ കണ്ടെത്തി തിരികെ സോഷ്യൽ സെക്യൂരിറ്റി മിഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് അടവാക്കുന്നതിനായി ബാങ്കുകളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചിട്ടില്ല.മേൽ അപാകതകൾ മുൻനിർത്തി വിശദീകരണം ആവശ്യപ്പെട്ട് 19.03.2022-ൽ നൽകിയ 38-ാം നം: എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതി പ്രകാരം മരണശേഷവും പെൻഷണേഴ്സിന് അധികമായി

നൽകിയിട്ടുള്ള തുകകളും സബ് സിഡിയറി അക്കൗണ്ടുകളിൽ പോയിട്ടുള്ള തുകകളും സർക്കാരിലേക്ക് തിരിച്ചടക്കുവാനും മേൽ പരാമർശിച്ച മറ്റ് അപാകതകളും പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-21 അങ്കണവാടിക്ക് സ്ഥലം വാങ്ങൽ -സ്റ്റാമ്പ് ഡ്യൂട്ടി ,രജിസ്ട്രേഷൻ ഫീസ് നൽകിയതിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം വാർഡ് 12 ലെ അങ്കണവാടിക്ക് സ്ഥലം വാങ്ങുന്നതിനായി ശ്രീമതി മറിയാമ്മ എന്ന വ്യക്തിക്ക് ബിൽ നമ്പർ 02/20-21,തീയതി 28.04.20 പ്രകാരം 499500/- രൂപയും, വാർഡ് 15 ലെ അങ്കണവാടിക്ക് സ്ഥലം വാങ്ങുന്നതിനായി ശ്രീ ആൻഡ്രൂസ് മാത്യു എന്ന വ്യക്തിക്ക് ബിൽ നമ്പർ 04/20-21, തീയതി 28.04.20 പ്രകാരം 175500/- രൂപയും, വാർഡ് 8 ലെ അങ്കണവാടിയ്ക്ക് സ്ഥലം വാങ്ങുന്നതിനായി ശ്രീമതി അഞ്ജു ആൽബി ജോൺ എന്നയാൾക്ക് ബിൽ നമ്പർ 09/20-21, തീയതി 08.05.20 പ്രകാരം 500000/-രൂപയും വികസന ഫണ്ട്, തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. ഈ സ്ഥലങ്ങൾ വാങ്ങിയപ്പോൾ രജിസ്ട്രേഷൻ ഫീസിനത്തിലും സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിലുമായി 72000/-രൂപ (ചെക്ക് നമ്പർ.208962/07.05.20), 2055/- (ചെക്ക് നമ്പർ.095445/11.06.20) തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് രജിസ്ട്രേഷൻ വകുപ്പിന് നൽകിയിട്ടുണ്ട് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഭൂമി വാങ്ങുന്നതുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ ഫീസ്, സ്റ്റാമ്പ് ഡ്യൂട്ടി ഇളവുകളുണ്ടായിട്ടും ഈയിനത്തിൽ തുക നൽകിയത് വിശദീകരിക്കണമാവശ്യപ്പെട്ടുള്ള എൻക്വയറിയ്ക്ക് (നം-35/19.03.2022) മറുപടി നൽകിയില്ല. ആയതിന് വിശദീകരണം നൽകേണ്ടതും ഭൂമിയുമായി ബന്ധപ്പെട്ടുള്ള ഭാവിയിലെ വാങ്ങലുകളിൽ സർക്കാർ ഉത്തരവിനനുസൃതമായി ഡ്യൂട്ടിയിലും മറ്റ് ചാർജ്ജുകളിലും അർഹമായ ഇളവ് നേടുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-22 വാഹനം വാങ്ങിയതിലെ അപാകത

| | |
|---|---|
| ചെക്ക് നമ്പർ/തീയതി | 104415/19.02.2021 |
| നൽകിയ തുക | 2792900 |

ഗ്രാമപഞ്ചായത്തിലേക്ക് ആംബുലൻസ് സപ്ലൈ ചെയ്ത പൂങ്കുടി മോട്ടോഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, ഇടപ്പിള്ളി എന്ന സ്ഥാപനത്തിന് അനുവദിച്ച തുകയാണിത്. APTIVE Connection Systems എന്ന കമ്പനി സി എസ് ആർ ഫണ്ടായി നൽകിയ 3000000/-രൂപയിൽ 2792900/-രൂപ ഉപയോഗിച്ചാണ് വാഹനം വാങ്ങിയിട്ടുള്ളത്. പൂങ്കുടി മോട്ടോഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം സമർപ്പിച്ച PML066/03.02.2021ലെ ഇൻവോയ്സ് പ്രകാരമാണ് 2792900/-രൂപ നൽകിയിട്ടുള്ളത്. ഇതു സംബന്ധിച്ച ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) ടെണ്ടർ നടപടികൾ സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

2) പൂങ്കുടി മോട്ടോഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി ഗ്രാമപഞ്ചായത്ത് കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

3) സ്റ്റോർ പർച്ചേസ് വകുപ്പിന്റെ ജി.ഒ(ആർ.ടി)നം.67/2017/എസ്.പി.ഡി/തീയതി.25.11.2017 ലെ ഉത്തരവ് പ്രകാരം എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും വാഹനങ്ങൾ വാങ്ങുന്നത് GeM മുഖേനയായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ GeM മുഖേനയല്ല ആംബുലൻസ് വാങ്ങിയിട്ടുള്ളത്.

4) സി എസ് ആർ ഫണ്ടായി നൽകിയ 30,00,000/-രൂപയിൽ 27,92,900/-രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ബാക്കി തുക (207100/-) ഗ്രാമപഞ്ചായത്ത് വിനിയോഗിച്ചിട്ടുണ്ടോയെന്ന കാര്യം വിശദീകരിക്കേണ്ടതാണ്.

5) സി എസ് ആർ ഫണ്ട് വരവ് വെയ്ക്കുന്നതിനായി പ്രത്യേക അക്കൌണ്ട് സൂക്ഷിക്കുന്നുണ്ടോയെന്നതും വ്യക്തമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.32/19.03.2022) മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 ആശ്രയ ഗുണഭോക്താക്കൾക്ക് പദ്ധതികൾ നടപ്പിലാക്കിയത്-അപാകതകൾ

ഗ്രാമപഞ്ചായത്തിലെ നിരാലംബരും നിരാശ്രയരും അടിസ്ഥാന ജീവിതോപാധികൾ നിഷേധിക്കപ്പെട്ടവരുമായ ഗുണഭോക്താക്കളുടെ കുടുംബങ്ങൾക്ക് ഭൂമി, വീട്, കക്കൂസ്, തൊഴിൽ,

കുടിവെള്ളം, ഭക്ഷണം, ചികിൽസ, വിദ്യാഭ്യാസം എന്നിവ ലഭ്യമാക്കി സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് അവരെ ഉയർത്തിക്കൊണ്ടുവരുന്നതിനാണ് ആശ്രയ പദ്ധതി ലക്ഷ്യമിട്ടിരുന്നത്. 2020-21 സാമ്പത്തിക വർഷം ആശ്രയ-അഗതി രഹിത കേരളത്തിന്റെ രണ്ടാം ഗഡുവായി 1333333/-രൂപ ചെക്ക് നമ്പർ 172286/27.03.2021 പ്രകാരം കുടുംബശ്രീയുടെ കാനറാ ബാങ്കിന്റെ 071310128912 അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുണ്ട്. ഈ തുക ഭക്ഷ്യക്കിറ്റ് വാങ്ങുന്നതിന് വേണ്ടി ചെലവഴിച്ചിട്ടുണ്ട്. നിലവിൽ ഈ അക്കൗണ്ടിൽ (15.03.2022) 237927.85/-രൂപ നീക്കിയിരിപ്പുണ്ട്. ഭക്ഷ്യക്കിറ്റ് വാങ്ങുന്നതിന് വേണ്ടി മാത്രമാണോ ഈ തുക ചെലവഴിച്ചതെന്നും, ഇത്രയധികം തുക അക്കൗണ്ടിൽ നീക്കിയിരിപ്പ് വന്നതെങ്ങനെയെന്നും അറിയിക്കണമെന്നാവശ്യപ്പെട്ടുള്ള എൻക്വയറിയ്ക്ക് (നം-31/19.03.2022 ) മറുപടി നൽകിയില്ല. കൂടാതെ ഗ്രാമപഞ്ചായത്തിലെ ആശ്രയ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കളിൽ ലൈഫ് ഭവന പദ്ധതിയിൽപ്പെടുത്തി വീട് ലഭ്യമായവരുടെ വിവരം, ഗുണഭോക്താക്കളിൽ ഭൂരഹിത/ഭവന രഹിതരുടെ വിവരം എന്നീ വിശദാംശങ്ങളും ലഭ്യമാക്കിയില്ല. മാത്രമല്ല ചികിത്സ, വിദ്യാഭ്യാസം, തൊഴിൽ എന്നിവ ലഭിക്കുന്നതിനായി എല്ലാ വർഷവും തുക വകയിരുത്തുന്നുണ്ടെങ്കിലും ആയത് ചെലവഴിക്കുന്നില്ലായെന്നും കാണുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും കേവലം ഭക്ഷ്യക്കിറ്റ് വാങ്ങി നൽകുന്നതിനുപരി ആശ്രയ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുമാണ്.

## 1-24 മഴക്കാലപൂർവ ശുചീകരണം - അപാകതകൾ

| | |
|---|---|
| പ്രൊജക്ട് | മഴക്കാലപൂർവ ശുചീകരണം |
| പ്രൊജക്ട് നം. | S0024/21/21 |
| നിർവഹണഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ , സി എച്ച് സി |
| അടങ്കൽ | 50000/- (വികസന ഫണ്ട്- പൊതുവിഭാഗം) |
| ചെലവ് | 50000/- |

മഴക്കാലപൂർവ ശുചീകരണത്തിന്റെ ഭാഗമായി, കിണറുകളുടെ ക്ലോറിനേഷനും, ഭവനസന്ദർശനം നടത്തി ഉറവിടത്തിൽ തന്നെ സാംക്രമിക രോഗങ്ങൾ തടയുന്നതിനുള്ള പ്രതിരോധ പ്രവർത്തനമായിട്ടാണ് മേൽ പ്രോജക്ട് നടപ്പാക്കിയത്. ക്ലോറിനേഷൻ നടത്തിയതിന് കിണറൊന്നിന് 5 രൂപ നിരക്കിലും, വീടുകൾ സന്ദർശിച്ച് ഉറവിടത്തിൽ തന്നെ സാംക്രമിക രോഗങ്ങൾ തടയുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയതിന് വീടൊന്നിന് 2 രൂപയും വീതം ഗ്രാമപഞ്ചായത്തിലെ 20 ആശാവർക്കർമാർക്ക് ആകെ 48788/-രൂപ നൽകിയിട്ടുണ്ട്. കൂടാതെ, പ്രിന്റിംഗ്, സ്റ്റേഷനറി ചെലവായി 1212/-രൂപയും ഈ പ്രൊജക്ടിൽ ചെലവാക്കിയിട്ടുണ്ട് ഈ പ്രൊജക്ടിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ കൊടുക്കുന്ന അപാകതകൾ ഉണ്ട്.

1) ആശാവർക്കർമാർക്ക് ഭവനസന്ദർശനം നടത്തിയതിന് വീടൊന്നിന് 2 രൂപയും, ക്ലോറിനേഷന് കിണറൊന്നിന് 5 രൂപയും നിശ്ചയിച്ച് ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം എടുത്തിട്ടില്ല.
2) ആരോഗ്യശുചിത്വ വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.26/19.03.2022) മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ, തുടർന്നുള്ള വർഷങ്ങളിൽ പദ്ധതി നടപ്പാക്കുമ്പോൾ ഭവനസന്ദർശനം നടത്തുന്നതിനും, ക്ലോറിനേഷനുള്ള നിരക്കിന് ഭരണസമിതിയുടെ അംഗീകാരം വാങ്ങേണ്ടതുമാണ്. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ടും ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## 1-25 സാമ്പത്തികനില ആരോഗ്യകരമല്ല

മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷികധനകാര്യപത്രികയിലെ B17 ഷെഡ്യൂൾ പ്രകാരം 31.03.2021ലെ ഗ്രാമപഞ്ചായത്തിന്റെ ക്യാഷ്/ബാങ്ക് നീക്കിയിരിപ്പ് 8526468.60/- രൂപയാണ്. എന്നാൽ, ബാലൻസ് ഷീറ്റ് പ്രകാരം ഗ്രാമപഞ്ചായത്തിന് സർക്കാരിൽ നിന്നും, വിവിധ ഏജൻസികളിൽ നിന്നും പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച ഗ്രാന്റ്, ദുരിതാശ്വാസ നിധി, ഡെപ്പോസിറ്റ് തുകകൾ, പഞ്ചായത്തിന്റെ വിവിധ ബാധ്യതകൾ എന്നിവ 26781557/- രൂപയാണ്.

| ഷെഡ്യൂൾ | ഇനം | തുക |
|---|---|---|
| B2 | ദുരിതാശ്വാസനിധി | 321802 |
| B4 | പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ | 9657517 |
| B7 | മറ്റുള്ളവരിൽ നിന്നുള്ള ഡെപ്പോസിറ്റ് | 16377893 |

| | | |
|---|---|---|
| B9 | ജീവനക്കാർക്കും, മറ്റ് സർക്കാർ ഏജൻസികളിലേക്കും അടക്കാനുള്ള തുക | 424345 |
| ആകെ | | 26781557 |

മേൽ സൂചിപ്പിച്ച പട്ടിക പരിശോധിക്കുമ്പോൾ ദുരിതാശ്വാസനിധി, പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ, ഡെപ്പോസിറ്റ് എന്നിവയുടെ നീക്കിയിരിപ്പിൽ നിന്നും 18255088.40/- (26781557 – 8526468.60)രൂപ പഞ്ചായത്തിന്റെ തനത് ആവശ്യങ്ങൾക്ക് ചെലവാക്കിയിട്ടുണ്ട് എന്ന് വ്യക്തമാണ്. മേൽ അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 67/21.03.2022) മറുപടി ലഭിച്ചില്ല. മറ്റ് വകുപ്പുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പ്രത്യേക ആവശ്യത്തിന് വേണ്ടി ഗ്രാമപഞ്ചായത്തിന് ലഭിച്ച് തനത് ഫണ്ട് അക്കൗണ്ടിൽ മുതൽക്കൂട്ടിയ തുകയിൽ നിന്നുമാണ് നിലവിൽ പഞ്ചായത്തിന്റെ തനത് ആവശ്യങ്ങൾക്കായുള്ള ചെലവുകൾ നടത്തുന്നത്. നിലവിലുള്ള തനത് ഫണ്ട് ഇനങ്ങൾ പൂർണ്ണമായും പിരിച്ചെടുക്കുന്നതിനും നിയമം അനുശാസിക്കുന്ന പുതിയ തനത് ഫണ്ട് സ്രോതസ്സുകൾ കണ്ടെത്തുന്നതിനും പഞ്ചായത്ത് നടപടി സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-26 ജീവനക്കാരുടെ ആർജിതാവധി പണമാക്കി മാറ്റിയ നടപടി - സർക്കാർ ഉത്തരവിനു വിരുദ്ധം

2020-21 സാമ്പത്തിക വർഷത്തിൽ, സർക്കാർ, അർദ്ധ-സർക്കാർ, സർവ്വകലാശാലാ, പൊതുമേഖലാ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുൾപ്പെടെ മുഴുവൻ വിഭാഗം ജീവനക്കാരുടേയും ആർജിതാവധി പണമാക്കി മാറ്റുന്നതിനുള്ള (Periodical Surrender Of Earned Leave) അവകാശം അടുത്ത 3 മാസത്തേക്ക് മാറ്റി വെച്ച് കൊണ്ട്, GO (P) No.42/2020/Fin. Dated 16.04.2020, GO (P) No.43/2020/Fin. Dated 17.04.2020, എന്നിവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 16.04.2020 മുതൽ 3 മാസത്തേക്ക് ഈ അവകാശം മാറ്റിവെക്കുന്നു എന്നായിരുന്നു സർക്കാർ ഉത്തരവിൽ പറഞ്ഞിരുന്നത്. 27.04.2020-ലെ GO(P) No. 49/2020/Fin. പ്രകാരം താൽക്കാലിക ജീവനക്കാരെക്കൂടി മേൽ ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെടുത്തി.

1) 17.07.2020-ലെ GO(P) No. 94/2020/Fin നമ്പർ ഉത്തരവിലൂടെ മേൽ പറഞ്ഞ ഖണ്ഡികയിലെ ഉത്തരവ് പ്രകാരമുള്ള കാലാവധി 15.09.2020 വരെ വീണ്ടും ദീർഘിപ്പിച്ച് ഉത്തരവായിരുന്നു.

2) മേൽ പറഞ്ഞ രണ്ട് ഉത്തരവുകളിലൂടെ മാറ്റി വെയ്ക്കപ്പെട്ട ആർജിതാവധി സറണ്ടർ ആനുകൂല്യം, സറണ്ടർ തുക പി.എഫിൽ ലയിപ്പിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ 2020 നവമ്പർ മാസം മുതൽ അനുവദിക്കുന്നതാണെന്നും, ഇപ്രകാരം ലയിപ്പിക്കുന്ന തുക 2021 ജൂൺ 1 മുതൽ മാത്രമേ അനുവദിക്കുകയുള്ളൂ എന്നും 05.11.2020-ലെ സ.ഉ.(അ) നം. 152/2020/ധന. ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു.

3) എന്നാൽ, ആർജിതാവധി സറണ്ടർ ആനുകൂല്യം പണമാക്കി മാറ്റാനുള്ള അവകാശം 01.06.2021 മുതൽ 6 മാസത്തേക്കു കൂടി മാറ്റിവെച്ചു കൊണ്ട് വീണ്ടും GO(P) No. 104/2021/ Fin. Dated 26/07/2021 നമ്പർ പ്രകാരം സർക്കാർ ഉത്തരവിട്ടിട്ടുണ്ട്.

4) നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം, 2020-21 സാമ്പത്തിക വർഷത്തിൽ പണമാക്കി മാറ്റുന്നതിനുള്ള ആർജിതാവധി സറണ്ടർ ആനുകൂല്യം 01.06.2021 മുതൽ 6 മാസത്തേക്കു കൂടി മാറ്റി വെക്കപ്പെട്ടിട്ടുണ്ടെന്നിരിക്കെ, സർക്കാർ ഉത്തരവിനു വിരുദ്ധമായി താഴെ പറയുന്ന 5 ജീവനക്കാർ അവരുടെ 30 ദിവസത്തെ ആർജിതാവധി പണമാക്കി കൈപ്പറ്റിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം | ജീവനക്കരന്റെ പേര് | ഉദ്യോഗപ്പേര് | കൈപ്പറ്റിയ തുക (ആർജിതാവധി സറണ്ടർ തുക) | വൗച്ചർ നം, തീയതി |
|---|---|---|---|---|
| 1 | ശ്രീമതി നമിത എം ആർ | സീനിയർ ക്ലാർക്ക് | 39050.00 | 22000825/ 11.11.2020 200290/- |
| 2 | ശ്രീ സത്യൻ പി ജി | സീനിയർ ക്ലാർക്ക് | 36290.00 | |
| 3 | ശ്രീ ഷാജി വി ആർ | ക്ലാർക്ക് | 41930.00 | |
| 4 | ശ്രീമതി സിനി എം ഡി | സീനിയർ ക്ലാർക്ക് | 40010.00 | |
| 5 | ശ്രീമതി വിദ്യ വി | അക്കൌണ്ടന്റ് | 43010.00 | |

| | | | | |
|---|---|---|---|---|
| | ജെ | | | |
| | ആകെ | | 200290.00 | |

മേൽ പറഞ്ഞ പ്രകാരം സർക്കാർ ഉത്തരവിനു വിരുദ്ധമായി ആർജിതാവധി പണമാക്കി മാറ്റി 200290/-രൂപ ജീവനക്കാർ കൈപ്പറ്റിയിട്ടുണ്ട്.

2021-22 സാമ്പത്തിക വർഷത്തിലും, 2020-21-ലെ ആർജിതാവധി പണമാക്കി മാറ്റിയതും സർക്കാർ ഉത്തരവില്ലാതെയാണെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

മേൽപ്പറഞ്ഞ തുക ജീവനക്കാരിൽ നിന്നും തിരികെ ഈടാക്കാതിരിക്കുവാൻ കാരണങ്ങളുണ്ടെങ്കിൽ അതിന് വിശദീകരണം നൽകുവാൻ ഓഡിറ്റ് എൻക്വയറി(നം.36/19.03.2022)മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. ഈ ജീവനക്കാരിൽ നിന്നും തുക തിരികെ ഈടാക്കേണ്ടതാണ്. സർക്കാർ ഉത്തരവുകൾക്കും,നിബന്ധനകൾക്കും വിധേയമായി ശമ്പളം വിതരണം ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-27 ജി.എസ്.ടി ബില്ല് ഹാജരാക്കിയിട്ടില്ല

| | |
|---|---|
| വൌച്ചർ നമ്പർ/തീയതി | 22001235/17.12.2020 |
| തുക | 98800 |

ഗ്രാമപഞ്ചായത്തിലെ വോട്ടേഴ്സ് ലിസ്റ്റ് പ്രിന്റ് ചെയ്യുന്നതിനായി ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെ തന്നെ തിരുവല്ലയിലുള്ള സ്പാർക്ക് സൊല്യൂഷൻസ് എന്ന സ്ഥാപനത്തെ ഏൽപ്പിച്ചിരുന്നു. എന്നാൽ ഈ സ്ഥാപനം 30.11.2020ൽ സമർപ്പിച്ച അന്തിമ ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ള ജി.എസ്.ടി നമ്പർ സാധുവായിട്ടുള്ളതല്ല. ആയതിനാൽ ജി.എസ്.ടിയിനത്തിൽ സർക്കാരിന് ലഭിക്കേണ്ടിയിരുന്ന തുക നഷ്ടമായി എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇത്തരത്തിലുള്ള നടപടികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഭാഗത്തു നിന്നും ഉണ്ടായത് അംഗീകരിക്കുവാൻ കഴിയില്ല. ഈ അപാകത വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.46/19.03.2022)മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. ഭാവിയിൽ സാധുവായിട്ടുള്ള ജി.എസ്.ടി നമ്പർ ഉള്ള സ്ഥാപനങ്ങളിൽ നിന്നും സാധന സാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 പുഴ സംരക്ഷണം - വിശദവിവരം ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് | കോണത്ത് പുഴ സംരക്ഷണം,220/21 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | 500000(കൊച്ചി കോർപ്പറേഷൻ) |
| ചെലവ് വിവരം(ബിൽ നം /തീയതി) | 500000(40/20-21,14.03.2021) |

ഗ്രാമപഞ്ചായത്തിലൂടെ ഒഴുകുന്ന കോണത്ത് പുഴ സംരക്ഷിക്കുന്നതിന്റെ ഭാഗമായി നഗര സഞ്ചയങ്ങൾക്ക് സമീപമുള്ള അതായത് കൊച്ചി കോർപ്പറേഷന്റെയും, തൃപ്പൂണിത്തുറ നഗരസഭയുടേയും അടുത്തുള്ള പഞ്ചായത്തിന് കൊച്ചി കോർപ്പറേഷനിൽ നിന്നും 500000/-രൂപ ലഭിച്ചിട്ടുണ്ട്. പുഴയുടെ അതിരളവുകൾ, പുഴയുടെ ഗതി-വിഗതികൾ, മാലിന്യത്തിന്റെ തോത് എന്നിവ മനസ്സിലാക്കുന്നതിനും, പുഴയുടെ വിശദമായ സ്കെച്ച് തയ്യാറാക്കുന്നതിനുമായി ഈ തുക എറണാകുളം ജില്ലാ സർവ്വേ ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. എന്നാൽ പുഴയിൽ സർവ്വേ നടത്തിയതിന്റെ വിവരം സർവ്വേ ഡെപ്യൂട്ടി ഡയറക്ടർ ഗ്രാമപഞ്ചായത്തിന് നൽകിയിട്ടില്ല. ഈ തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടോ എന്ന് കാര്യത്തിലും വ്യക്തതയില്ല. വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിയ്ക്ക് (നം-50/19.03.2022) മറുപടി നൽകിയില്ല. പ്രോജക്ടിന്റെ ലക്ഷ്യം കൈവരിച്ചു എന്നുറപ്പാക്കുന്നതിലേയ്ക്ക് സർവ്വേ ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും മേൽ തുകയുടെ വിശദമായ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

## 1-29 എയ്ഡഡ് സ്കൂളിൽ ടോയ്‌ലറ്റ് നിർമ്മിച്ചു നൽകുന്നതിനു മുമ്പായി സർക്കാർ സ്കൂളുകളിലെ അടിസ്ഥാന സൗകര്യം ഉറപ്പാക്കിയതിന് രേഖകളില്ല

| | |
|---|---|
| വൌച്ചർ നമ്പർ/തീയതി | 22001256/19.12.2020 |
| തുക | 1)205387/-(ശുചിത്വ മിഷൻ ഗ്രാന്റ്)<br>2)800000/-(മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്) |

ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷം താഴെ പറയുന്ന സ്കൂളുകളിൽ ടോയ്‌ലറ്റ് നിർമ്മിച്ചു

നൽകിയിട്ടുണ്ട്.

1) ഗവ.ഹൈസ്കൂൾ,മുളന്തുരുത്തി-സർക്കാർ സ്കൂൾ

2) സെന്റ് ജോർജ്ജ് ഹൈസ്കൂൾ,ആരക്കുന്നം -എയ്ഡഡ് സ്കൂൾ

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1) 175/21- സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ടോയ്‌ലറ്റ് നിർമ്മാണം

അടങ്കൽ - 1500000 (മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്+ശുചിത്വ മിഷൻ ഗ്രാന്റ്)

ചെലവ് - 1005387/-രൂപ

കരാറുകാരൻ - ജാസ് അസോസിയേറ്റ്സ്

അളവ് പുസ്തകം- 41/18-19

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)നം. 11/2018/തസ്വഭവ തീയതി 29.02.2018 ലെ ഖ.7.6 (വിദ്യാഭ്യാസം) എന്ന ഖണ്ഡികയിലെ ക്രമ നം. 8 പ്രകാരം എല്ലാ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്‌ലറ്റും വാഷ്ബെയ്സിനും അവയിൽ ജലലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഏർപ്പെടുത്തിയതിനുശേഷം എയ്ഡഡ് സ്കൂളുകളിലും അത്തരം സൗകര്യം ഏർപ്പെടുത്തുവാൻ അനുമതി നൽകിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ പുളിയ്ക്കമാലി,മുളന്തുരുത്തി,പെരുമ്പിള്ളി എന്നീ സർക്കാർ സ്കൂളുകൾ കൂടാതെ വെട്ടിയ്ക്കൽ,ആരക്കുന്നം,മുളന്തുരുത്തി എന്നീ സ്ഥലങ്ങളിൽ 3 സർക്കാർ എയ്ഡഡ് സ്കൂളുകൾ കൂടി നിലവിലുണ്ട്. മേൽപ്പറഞ്ഞ 4 സർക്കാർ സ്കൂളുകളുടേയും അടിസ്ഥാന സൗകര്യം ഉറപ്പാക്കിയതിനുശേഷമാണ് 3 എയ്ഡഡ് സ്കൂളുകളിൽ ടോയ്‌ലറ്റ് നിർമ്മിച്ച് നൽകിയതെന്ന് ഉറപ്പാക്കുന്ന പരിശോധനാ റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. സർക്കാർ സ്കൂളുകളിൽ അടിസ്ഥാന സൗകര്യം ഉറപ്പാക്കിയതിനുശേഷമാണ് എയ്ഡഡ് സ്കൂളിനായി തുക ചെലവഴിച്ചതെന്ന് ഉറപ്പാക്കുന്ന രേഖകൾ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി(നം.47/19.03.2022)മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. സർക്കാർ സ്കൂളുകളിൽ അടിസ്ഥാന സൗകര്യം ഉറപ്പാക്കിയതിനുശേഷം മാത്രമേ എയ്ഡഡ് സ്കൂളിനായി തുക ചെലവഴിക്കുവാൻ കഴിയുകയുള്ളൂവെന്ന സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

### 1-30 ടെലിവിഷൻ സെറ്റുകൾ വാങ്ങുന്നതിന് പണം നൽകിയത്-സ്ഥാപിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്

കോവിഡ്-19ന്റെ പശ്ചാത്തലത്തിൽ സ.ഉ(സാധാ)നം.1128/2020/ത.സ്വ.ഭ.വ,തീയതി. 12.06.2020 ലെ ഉത്തരവ് പ്രകാരം ഓൺലൈൻ പഠനാവശ്യത്തിനായി കെ.എസ്.എഫ്.ഇ.യുടെ സഹായത്തോടെ ഗ്രാമപഞ്ചായത്തിലെ വിവിധ അങ്കണവാടികളിലും, വായനശാലകളിലും ടെലിവിഷൻ സെറ്റുകൾ വാങ്ങി സ്ഥാപിക്കുന്നതിന് തീരുമാനിച്ചു. ഒരു ടി.വിയ്ക്ക് കെ.എസ്.എഫ്.ഇ അനുവദിയ്ക്കുന്ന പരമാവധി ധനസഹായം 10000/-രൂപയാണ്. ബാക്കി തുക ഗ്രാമപഞ്ചായത്ത് കണ്ടെത്തണമെന്ന് മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതുമാണ്. ഒരു ടി.വിയ്ക്ക് 13450/-രൂപയാണ് വില വന്നിട്ടുള്ളത്. ഇതനുസരിച്ച് കെ.എസ്.എഫ്.ഇ വിഹിതമായ 10000/-രൂപയും, ഗ്രാമപഞ്ചായത്ത് വിഹിതമായ 3450/-രൂപയും ഉൾപ്പെടെ 9 ടെലിവിഷൻ സെറ്റുകൾക്ക് വൗച്ചർ നമ്പർ 22000836/26.09.20 പ്രകാരം 121050/-രൂപ ചെലവഴിച്ചിട്ടുണ്ട്. 6 ടെലിവിഷൻ സെറ്റുകൾ ഗ്രാമപഞ്ചായത്തിലെ വിവിധ അങ്കണവാടികൾക്കും,3 ടെലിവിഷൻ സെറ്റുകൾ വായനശാലകൾക്കും നൽകിയിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളിൽ ടെലിവിഷൻ സെറ്റുകൾ സ്ഥാപിച്ചതിന്റെ രേഖകൾ ഫയലിൽ ഇല്ല. രേഖകൾ ഉണ്ടെങ്കിൽ ആയവ അടിയന്തിരമായി ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി(നം.68/22.03.2022)മുഖേന ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭിച്ചില്ല. ടെലിവിഷൻ സെറ്റുകൾ ഏതൊക്കെ സ്ഥലങ്ങളിൽ സ്ഥാപിച്ചുവെന്നതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-31 കുടിവെള്ളക്കരം-സംയുക്ത പരിശോധന നടത്തിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 321 ടാപ്പുകൾക്ക് പ്രതിമാസം 140438/- രൂപ വീതം (ഒരു ടാപ്പിന് പ്രതിവർഷം 5250/- രൂപ) വാട്ടർ അതോറിറ്റിയിൽ അടയ്ക്കുന്നുണ്ട്. 2020-21 വർഷം വാർഷിക കണക്കുപ്രകാരം വാട്ടർ ചാർജിനത്തിൽ ആകെ 1685256/- രൂപയോളം (842628(ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്)+842628(തനത് ഫണ്ട്)) ചെലവഴിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കുന്ന ഡിമാന്റ് നോട്ടീസ് പ്രകാരമാണ് ഗ്രാമപഞ്ചായത്ത് പ്രതിമാസം കുടിവെള്ളക്കരമിനത്തിൽ തുക അടയ്ക്കുന്നത്. 10.03.2020 ലെ വാട്ടർ അതോറിറ്റിയുടെ നോട്ടീസ് പ്രകാരം തന്മാസത്തെ (മാർച്ച് 2020) ഡിമാന്റും കുടിശ്ശികയും ഉൾപ്പെടെ 288021/- രൂപയാണ്. ഇത്രയും കുടിശ്ശിക അടയ്ക്കാനുള്ളതിന്റെ കാരണം വ്യക്തമല്ല (എൻക്വയറി.നം-37/19.03.2022)ജി.ഒ(ആർ.ടി)നം.1501 /2006/ത.സ്വ.ഭ.വ/23.06.2006 ഉത്തരവ് പ്രകാരം ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനവും വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ മാത്രം വെള്ളക്കരം ഒടുക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിരുന്നു. 28.09.2011ലെ ജി.ഒ.(ആർ.ടി)2242/2011/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം വാട്ടർ അതോറിറ്റിയുമായി ചേർന്ന്

സംയുക്ത പരിശോധന നടത്തുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കണമെന്ന് വീണ്ടും നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇതുവരെ സംയുക്ത പരിശോധന നടത്തിയിട്ടില്ല. അതിനാൽ ടാപ്പുകളുടെ എണ്ണത്തിനാനുപാതികമല്ലാതെയും കൃത്യമായ കണക്കില്ലാതെയും എല്ലാ വർഷവും വെള്ളക്കരമിനത്തിൽ വാട്ടർ അതോറിറ്റിയിൽ തുക അടവാക്കേണ്ടി വരുന്നു.

തനത് വരുമാനം വളരെ കുറഞ്ഞ ഗ്രാമപഞ്ചായത്തായതിനാൽ ഗ്രാന്റിനത്തിൽ ലഭിക്കുന്ന തുകയുടെ നല്ലൊരു ഭാഗം വാട്ടർ അതോറിറ്റിയിൽ അടയ്ക്കേണ്ടി വരുന്നത് പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെ തന്നെ ബാധിക്കുന്നുണ്ട്. ഇതുവരെ സംയുക്ത പരിശോധന നടത്താത്തതും വാട്ടർ അതോറിറ്റിയിൽ നിലവിലുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം കുടിവെള്ളക്കരം കുറയ്ക്കുന്നതിനുള്ള നടപടികൾ യഥാസമയം സ്വീകരിക്കാതിരുന്നതും അധികൃതരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. എത്രയും വേഗം സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-32 സർക്കാർ അനുമതിയില്ലാതെ ദിവസവേതനത്തിൽ നിയമനം

ദിവസവേതന/കരാർ നിയമനങ്ങൾ അടിയന്തിര ഘട്ടത്തിൽ മാത്രം നടത്തുന്നതിനും അവർക്കുള്ള വേതനം സംബന്ധിച്ചും ഉള്ള മാർഗ്ഗനിർദ്ദേശങ്ങൾ 26.02.2016ലെ ജി.ഒ.(പി) നം. 28/2016/ധന നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് സർക്കാരിൽ നിന്നുള്ള സ്പഷ്ടമായ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇത്തരം നിയമനങ്ങൾ നടത്താവൂ എന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. നിയമനങ്ങൾ 179 ദിവസത്തേക്ക് ആയിരിക്കേണ്ടതുമാണ്. ദിവസവേതന / കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ തുടർന്ന് നിയോഗിക്കേണ്ടതിന്റെ ആവശ്യകത വകുപ്പ് മേധാവി/ഭരണവകുപ്പ് കാലാകാലങ്ങളിൽ വിലയിരുത്തേണ്ടതാണെന്ന് 28.04.2017 -ലെ ജി.ഒ.(പി)56/2017/ധന ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് ഗ്രാമപഞ്ചായത്തിൽ ദിവസവേതന നിയമനം നടത്തിയിട്ടുള്ളത് എന്ന് കാണുന്നു.

സർക്കാരിന്റെ അനുമതി കൂടാതെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് ചട്ടവിരുദ്ധമാണെന്നും അത്തരം പ്രവൃത്തികൾ നിർത്തിവയ്ക്കേണ്ടതുമാണെന്നുമുള്ള നിയമസഭാ സമിതിയുടെ ശുപാർശ പ്രകാരം പഞ്ചായത്ത് ഡയറക്ടർ എല്ലാ നഗരസഭകൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത നിർദ്ദേശം പാലിക്കാതെ, ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഒരു സ്റ്റേഡിയം വാച്ചറെയും, 6 ദിവസ വേതനക്കാരെയും, രണ്ട് ഓവർസിയർമാരേയും(LSGD) നിയമിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾ അവഗണിച്ചു കൊണ്ട് അംഗീകാരമില്ലാത്ത തസ്തികകളിൽ ജീവനക്കാരെ നിയമനം നടത്തിയതിനു വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.15/18.03.2022)മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭിച്ചില്ല. സർക്കാർ അനുമതിയോടെ ദിവസന വേതനക്കാരെ നിയമിക്കുന്നതിന് പഞ്ചായത്ത് അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 സ്വിമ്മിംഗ് പൂൾ -പൊതുവായ അപാകതകൾ

| | |
|---|---|
| പ്രോജക്ട് | സ്വിമ്മിംഗ് പൂൾ വയറിംഗ്,192/21 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | 500000/-(തനത് ഫണ്ട്) |
| കരാറുകാരൻ | സജിമോൻ കെ വി,<br>കെ&കെ അസോസിയേറ്റ്സ്,<br>പിറവം |
| ചെലവ് വിവരം(ബിൽ നം,ചെക്ക് നം./തീയതി) | 447139/-(397524/30.03.21) |

ഗ്രാമപഞ്ചായത്തിലെ കാരിക്കോട് ഗവ.യു.പി സ്കൂളിലെ ഗ്രൗണ്ടിൽ സ്ഥാപിച്ചിട്ടുള്ള സ്വിമ്മിംഗ് പൂൾ വയറിംഗ് ചെയ്യുന്നതിനായി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. അതനുസരിച്ച് ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ കുറവ് തുക ക്വാട്ട് ചെയ്ത സജിമോൻ കെ വി, കെ&കെ അസോസിയേറ്റ്സ്, പിറവം എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിക്കുകയാണ് ചെയ്തത്. സ്വിമ്മിംഗ് പൂൾ വയറിംഗ് എന്ന പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ഹാജരാക്കേണ്ടതാണ്. ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ സ്വിമ്മിംഗ് പൂൾ നാളിതു വരെയും പ്രവർത്തന ക്ഷമമായിട്ടില്ലായെന്ന് വിലയിരുത്തുന്നു. പൊതു പണമുപയോഗിച്ച് നിർമ്മിച്ച ഈ സ്വിമ്മിംഗ് പൂൾ നാളിതു വരെയും പൊതു ജനങ്ങൾക്ക് തുറന്ന് നൽകാതിരുന്നത് ശരിയായ നടപടിയല്ല. ഈ അപാകതകൾ വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.07/17.03.2022)മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. സ്വിമ്മിംഗ് പൂൾ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് എത്രയും വേഗം തുറന്ന് പ്രവർത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 1-34 കാലാവധി കഴിഞ്ഞ സെക്യൂരിറ്റി ഡെപ്പോസിറ്റ്, നിരതദ്രവ്യ തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല

3 വർഷ കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടണമെന്ന് കേരള ഫിനാൻഷ്യൽ കോഡ് വാല്യം I ആർട്ടിക്കിൾ 282(1), (6) പ്രകാരം നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ 2011 വർഷം മുതലുള്ള നിക്ഷേപത്തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ അവശേഷിക്കുന്നു. 2020-21 വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള നിക്ഷേപത്തുയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 10831334 |
| 2020-21ൽ ലഭിച്ച തുക | 6886072 |
| ആകെ | 17717406 |
| റീഫണ്ട് ചെയ്ത തുക | 1339513 |
| നീക്കിയിരിപ്പ് തുക | 16377893 |

തദ്ദേശ സ്വയംഭരണ (എ.സി.) വകുപ്പിന്റെ 14.01.2020-ലെ എം.സി.1/125/2019-ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ കാലാവധി (3 വർഷം) തികയുന്നതിന്റെ തൊട്ടടുത്ത ദിവസം തന്നെ സ്ഥാപനത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണെന്നും ഇത് കൃത്യമായി ഉറപ്പുവരുത്തുന്നതിനാവശ്യമായ സജ്ജീകരണവും ക്രമീകരണവും ബന്ധപ്പെട്ട രേഖകളുടെ പരിപാലനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ ചെയ്യേണ്ടതാണെന്നും നിഷ്കർഷിക്കുന്നു. മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാനും രജിസ്റ്ററുകളിൽ ഓരോ വർഷവും മുൻവർഷങ്ങളിലെ പിൻവലിക്കാത്ത തുകകൾ വർഷം തിരിച്ച് രേഖപ്പെടുത്തി ഡി.സി.ബി തയ്യാറാക്കി സൂക്ഷിക്കാത്തതും വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.49/19.03.2022) മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-35 പാലിയേറ്റീവ് പരിചരണം - വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

| | | |
|---|---|---|
| പ്രൊജക്ട് | പാലിയേറ്റീവ് പരിചരണം | |
| പ്രൊജക്ട് നം. | S0023/21/21 | |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി എച്ച് സി | |
| അടങ്കൽ | 775000/- | (വികസനഫണ്ട് - പൊതുവിഭാഗം, തനതുഫണ്ട്) |
| ചെലവ്, ബിൽ നം./തിയതി, ചെക്ക്നം./തിയതി | 33640/-- | 01/08.06.2020 |
| | 34960/- | 02/22.06.2020 |
| | 36850/- | 03/16.07.2020 |
| | 40370/- | 04/27.08.2020 |
| | 129059/- | 05/24.09.2020 |
| | 36810/- | 06/19.01.2021 |
| | 75000/- | 12658/21.03.2021 |
| | 15477/- | 9/21.03.2021 |

പാലിയേറ്റീവ് പരിചരണ പദ്ധതിക്കായി എച്ച്.എം.സി.യുടെ വാഹനമാണ് ഉപയോഗിച്ചിരുന്നത്. എന്നാൽ 2021 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ വാഹനം വാടക നൽകിയാണ് ഉപയോഗിച്ചിട്ടുള്ളത്. ഒരു ദിവസം 1300/-രൂപ എന്ന നിരക്കിൽ 30 ദിവസത്തേക്ക് 39300/- രൂപ നൽകിയിട്ടുണ്ട്. ഈ പ്രൊജക്ടിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട താഴെ കൊടുക്കുന്ന അപാകതകളുണ്ട്.

1) വാടകക്ക് വാഹനം ഉപയോഗിക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച വിവരം ഫയലിൽ ചേർത്തിട്ടില്ല.

2) ജി. ഒ. (പി) നം. 03/2013/എസ്.പി.ഡി, തീയതി. 03.08.2013 പ്രകാരം 15000/- രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളുടേയും, സേവനങ്ങളുടേയും വാങ്ങലുകൾക്ക് ക്വട്ടേഷൻ ക്ഷണിക്കേണ്ടതാണ്. എന്നാൽ, പാലിയേറ്റീവ് പരിചരണത്തിനായി വാഹനം വാടകക്ക് എടുത്തപ്പോൾ ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടില്ല. കൂടാതെ, വാഹന ഉടമയുമായി കരാറിലേർപ്പെടുകയും ചെയ്തിട്ടില്ല.

3) ജി.ഒ (പി) 46/2016/ധനം. 4.6.16 ഖണ്ഡിക 4 പ്രകാരം 2001രൂപ മുതൽ 10000 രൂപ വരെയുള്ള തുക ടി.എസ്.ബി. ചെക്ക് മുഖേനയും 10000 രൂപയിൽ അധികരിക്കുന്ന തുക ബെനിഫിഷ്യറിയുടെ ബാങ്ക് അക്കൌണ്ടിലേക്കുമാണ് കൈമാറി നൽകേണ്ടത്. എന്നാൽ, വാഹന വാടക ബന്ധപ്പെട്ട വാഹന ഉടമക്ക് നൽകുന്നതിന് പകരം പാലിയേറ്റീവ് മാനേജിംഗ് കമ്മിറ്റിയുടെ അക്കൗണ്ടിലേക്കാണ് ട്രാൻസ്ഫർ

ചെയ്തിരിക്കുന്നത്.
മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 27/19.03.2022) മറുപടി ലഭിച്ചില്ല. ആയതിനാൽ, ചെലവ് തുകയായ 39300/-രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

.

1-36 ക്ഷീരകർഷകർക്ക് സബ്സിഡി - പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ,പേര് | 19/21, പാലിന് സബ്സിഡി |
| ഫണ്ട്, അടങ്കൽ | വികസന ഫണ്ട് (പൊതുവിഭാഗം) 400000,<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 25000<br>ജില്ലാ പഞ്ചായത്ത് വിഹിതം-10000<br>ആകെ 435000 |
| ബിൽ നം, തീയതി,ചെലവ് | 01/20-21, 13.01.2021 , 230069<br>02/20-21, 13.01.2021 , 16000<br>03/20-21, 13.01.2021 , 5000<br>ആകെ 251069 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഡയറി ഡെവലപ്പമെന്റ് ഓഫീസർ |

ഡയറി ഡെവലപ്പമെന്റ് ഓഫീസർ വഴി നടപ്പിലാക്കുന്ന സഹകരണസംഘങ്ങൾ വഴി പാലളക്കുന്നവർക്ക് പാലിന് സബ്സിഡി എന്ന പ്രൊജക്ടിൽ 2020-21 വർഷം മുളന്തുരുത്തി ഗ്രാമ പഞ്ചായത്തിൽ ക്ഷീരകർഷകർക്കായി സർക്കാർ വിഭാവനം ചെയ്യുന്ന സബ്സിഡി/ധനസഹായം നൽകാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. മിൽമ ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് വകുപ്പ് വിഹിതവും ചേർത്ത് ഒരു ലിറ്റർ പാലിന് 4 രൂപ നിലവിൽ സബ്സിഡി അനുവദിക്കാവുന്നതാണ്. എന്നാൽ മേൽ പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചയത്തിലെ 2 ക്ഷീര സഹകരണ സംഘം വഴി പാലളക്കുന്ന 82 ക്ഷീരകർഷകർക്ക് 2020 ഏപ്രിൽ മുതൽ ഓഗസ്റ്റ് 2020 വരെയുള്ള മാസങ്ങളിൽ പ്രതിമാസം 2.96 രൂപ മാത്രമേ സബ്സിഡിയിനത്തിൽ നല്കുവാൻ കഴിഞ്ഞിട്ടുള്ളൂ. തനത് സാമ്പത്തിക വർഷം 84820.60ലിറ്റർ പാൽ മേൽ സൂചിപ്പിച്ച 2 ക്ഷീരസംഘങ്ങൾ വഴി കർഷകർ അളന്നിട്ടുണ്ട്. കാലിത്തീറ്റയുടെ അമിതമായ വിലയും തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവ് മൂലവും ക്ഷീരകർഷകർ ഈ വേല ഉപേക്ഷിക്കുന്ന സാഹചര്യത്തിൽ സർക്കാർ വിഭാവനം ചെയ്യുന്ന സബ്സിഡി നൽകാത്തത് ശരിയായ നടപടിയല്ല. ക്ഷീരകർഷകർക്ക് പ്രോൽസാഹനം നൽകാനുതകുന്ന ഈ പദ്ധതിയ്ക്ക് ആവശ്യത്തിന് ഫണ്ട് വകയിരുത്താത്തതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 18.03.2022 ൽ നല്കിയ 24ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ കൂടുതൽ തുക അനുവദിച്ചാൽ 12 മാസവും കർഷകർക്ക് സബ്സിഡി അനുവദിക്കാനാവുമെന്നും തനത് വർഷം ലഭ്യമാക്കിയ തുക പൂർണ്ണമായും കൊടുത്ത് തീർക്കുവാൻ കഴിയാതിരുന്നതിനാൽ സ്പിൽ ഓവർ പ്രോജക്ടായി 2021-22 ൽ നടപ്പാക്കുന്നുവെന്നും അറിയിച്ചിട്ടുണ്ട്. പാലും പാലുല്പന്നങ്ങളും ഗ്രാമീണമേഖലയിലെ ക്ഷീരകർഷകരുടെ വരുമാന സ്രോതസ്സാകയാൽ ഇത്തരം പ്രവർത്തിയിലേർപ്പെടുന്ന ക്ഷീരകർഷകരെ പ്രോത്സാഹിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ആയതിനാൽ സബ്സിഡി നല്കുന്നതിന് മതിയായ ഫണ്ട് വകയിരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-37 കൊയ്ത്ത് മെതിയന്ത്രം-ലേലനടപടികൾ സ്വീകരിച്ചില്ല

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 9.01.2021 ലെ സാധാരണയോഗത്തിലെ 6(1) നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്തിന്റെ ആസ്തിയായ കൊയ്ത്ത് മെതിയന്ത്രം കാലപരിധി കഴിഞ്ഞതിനാൽ പി.ഡബ്ലിയു.ഡി എഞ്ചിനിയറുടെ വാല്യൂവേഷൻ വാങ്ങി ലേലം ചെയ്യുന്നതിന് തീരുമാനിച്ചിരുന്നു. ഗ്രാമപഞ്ചായത്തിന്റെ ആസ്തി കൈയ്യൊഴിയുന്നതിന് കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 18-03-2022 ൽ നല്കിയ 22 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. കമ്മറ്റി തീരുമാനം അടിയന്തരമായി നടപ്പിലാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുകളിലെ ആസ്തികളുടെ കാര്യമായ സംരക്ഷണത്തിനും അവ സുതാര്യമായി കയ്യൊഴിയുന്നതിനുമുള്ള നടപടി ക്രമങ്ങൾ വിവരിക്കുന്ന അസറ്റ് മാനേജ്മെന്റ് മാന്വൽ 20.01.2017 ലെ സർക്കാർ ഉത്തരവ് (ആർ.ടി )നം.166/2017 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ആയതിലെ ആസ്തി കയ്യൊഴിയുന്നത് സംബന്ധിച്ച ഖണ്ഡിക 5-1, 5-2 എന്നിവയിലെ നിബന്ധനകൾ പാലിക്കേണ്ടതാണ്. കൂടാതെ പൊതുലേലം സംബന്ധിച്ച കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ലെ ആർട്ടിക്കിൾ 156 എ പ്രകാരമുള്ള നിബന്ധനകളും പാലിക്കേണ്ടതാണ്.

1-38 വാഹന പരിപാലനം-അപാകതകൾ

30.06.2007ലെ ജി.ഒ.(എം.എസ്.) 170/2007 ത.സ്വ.ഭ.വ.നമ്പർ ഉത്തരവ് പ്രകാരം ആറു മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും ഇന്ധന

ഉപയോഗത്തെ സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് ആ ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ മുളന്തുരുത്തി ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL-39K-321 എന്ന നമ്പറിലുള്ള വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയതിന്റെ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. കൂടാതെ ലോഗ് ബുക്കും യഥാവിധി സൂക്ഷിച്ചതായി കാണുന്നില്ല. തൻമാസത്തെ ഇന്ധന ഉപയോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് ലോഗ് ബുക്കിൽ തൻമാസത്തെ അവസാന ദിവസം തന്നെ രേഖപ്പെടുത്തേണ്ടതാണ്. കസ്റ്റോഡിയൻ ഓഫീസറുടേയോ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ സാന്നിധ്യത്തിൽ ഫുൾ ടാങ്ക് ഇന്ധനം നിറക്കേണ്ടതാണ്, എന്ന സർക്കാർ നിർദ്ദേശങ്ങളും പാലിച്ചിട്ടില്ല

(എൻക്വയറി.നം-55/20.03.2022). പരാമർശങ്ങൾക്ക് വിശദീകരണം നൽകേണ്ടതും സർക്കാർ ഉത്തരവിലെ നിർദ്ദേശമനുസരിച്ച് വാഹനം പരിപാലിക്കേണ്ടതുമാണ്.

## 1-39 മാസ്ക് വിതരണം-രേഖകൾ ഹാജരാക്കിയിട്ടില്ല

മുളന്തുരുത്തി കുടുംബശ്രീ സി ഡി എസ് ന്റെ നേതൃത്വത്തിൽ 4507 മാസ്ക് തയ്യാറാക്കിയതിന് ഒരു മാസ്കിന് 10 രൂപ പ്രകാരം 45070 രൂപ(വൗച്ചർ നമ്പർ.22000167/21.05.2020) ഷീജ റൂഫസ്, എസ്.ആർ. പ്രൊഡക്ട്സ്, ഹസ്തകല കുടുംബശ്രീയ്ക്ക് നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച അപാകതകൾ താഴെ ചേർക്കുന്നു.

1) മാസ്ക് തയ്യാറാക്കിയത് ഈ കുടുംബശ്രീ ഗ്രൂപ്പ് മുഖേനയാണെന്ന് വ്യക്തമല്ല.

2) മാസ്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഇല്ല.

3) മാസ്ക് തയ്യാറാക്കുന്നതിന് മറ്റ് കുടുംബശ്രീ യൂണിറ്റുകൾക്ക് തുക നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകുവാൻ ഓഡിറ്റ് എൻക്വയറി(നം.48/19.03.2022) മുഖേന ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭിച്ചില്ല. മേൽപ്പറഞ്ഞിട്ടുള്ള അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-40 ഭിന്നശേഷി സ്കോളർഷിപ്പ് തുക- ഗുണഭോക്താക്കൾക്ക് ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നം | 9/21 |
| പേര് | ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് |
| നിർവഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 1049000/-<br>649000/-(വികസന ഫണ്ട്)<br>200000/-(ബ്ലോക്ക് വിഹിതം)<br>200000/-(ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് (ബിൽനം,തീയതി) | 990600/-<br>1)210800/- (146/24.08.20)<br>2)68400/-( 147/24.08.20)<br>3)107400/-( 214/10.11.20)<br>4)34200/-(215/10.11.20)<br>5)200000/- (395/26.03.21)<br>6)369800/-(423/30.03.21) |

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കായി വികസന ഫണ്ടിൽ നിന്നും ബിൽ നം 146, 214, 395, 423 പ്രകാരം പിൻവലിച്ച സ്കോളർഷിപ്പ് തുകകൾ ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് പൂർണമായും കൈമാറ്റം ചെയ്യപ്പെട്ടിട്ടില്ല. സാംഖ്യ സ്റ്റേറ്റ്മെന്റ് അനുസരിച്ച് സ്കോളർഷിപ്പ് തുക കൈമാറ്റം ചെയ്യപ്പെടാത്ത ഗുണഭോക്താക്കളുടെ നിലവിലെ അക്കൗണ്ട് സ്റ്റാറ്റസ് ഇപ്രകാരമാണ്.

| ക്രമ നം | കുട്ടിയുടെ പേര്, അക്കൌണ്ട്.നം | ബിൽ റഫറൻസ് നമ്പർ | ബിൽ പ്രകാരം ട്രാൻസ്ഫർ ചെയ്യപ്പെടേണ്ട തുക | അക്കൌണ്ട് സ്റ്റാറ്റസ് |
|---|---|---|---|---|
| ബിൽ.നം- 146, തീയതി-24.08.2020 | | | | |
| 1 | ഷോൺ ജേക്കബ് മങ്കിടി (MR) 0713109021254 (CNRB0000713-CANARA BANK) | 20110652008500462332 | 4000/- | Return To Government A/c |

| | | | | |
|---|---|---|---|---|
| ബിൽ.നം- 214, തീയതി-10.11.2020 | | | | |
| 1 | ടെൻസി (MR) 5654120000003 (CNRB0005654 CANARA BANK) | 20110652008500709874 | 2000/- | Return To Government A/c |
| 2 | ഷോൺ ജേക്കബ് മങ്കിടി | | 2000/- | |
| ബിൽ.നം- 395, തീയതി-26.03.2021 | | | | |
| 1 | ഷോൺ ജേക്കബ് മങ്കിടി | 20110652008501386099 | 3086/- | Return To Government A/c |
| 2 | ടെൻസി | | 3086/- | |
| ബിൽ.നം- 423, തീയതി-30.03.2021 | | | | |
| 1 | ഷോൺ ജേക്കബ് മങ്കിടി | 20110652008501437810 | 5706/- | Return To Government A/c |
| 2 | ടെൻസി | | 5706/- | |
| 3 | അപർണ.പി.ജി(MR) (67171121499-SBIN0070334) | | 7211/- | |

2020-21സാമ്പത്തിക വർഷം ട്രഷറിയിൽ നിന്നും പിൻവലിക്കപ്പെട്ട മേൽ തുകകൾ നാളിതുവരെ ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെട്ടിട്ടില്ലാത്തതിനാൽ വിശദീകരണമാവശ്യപ്പെട്ടതിന് (എൻക്വയറി-33/19.03.2022) ട്രഷറിയുമായി ബന്ധപ്പെട്ട് തടസം നീക്കുന്നതാണെന്നറിയിച്ചു. പ്രസ്തുത തുകകൾ ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയത് ടിയാളുകളുടെ അക്കൌണ്ടിൽ വരവ് വന്നതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

## 1-41 അമൃതം ന്യൂട്രിമിക്സ്-ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല

എടയ്ക്കാട്ടുവയൽ സ്മാർട്ട്പ്ലസ് അമൃതം ഫുഡ് പ്രോഡക്ട്സിൽ നിന്നാണ് പോഷകാഹാരവിതരണത്തിനായി അമൃതം ന്യൂട്രിമിക്സ് ഫുഡ്സപ്ലിമെന്റ് വാങ്ങിയിട്ടുള്ളത്. സാമൂഹ്യക്ഷേമ ഡയറക്ടറുടെ ഐ.സി.ഡി.എസ്.ബി3-312/2010, 18.12.2010 കത്ത് പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കലും ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ്ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നുണ്ട്. കൂടാതെ സാമൂഹ്യനീതി ഡയറക്ടറേറ്റിൽ നിന്നുള്ള നം.ഐ.സി.ഡി.എസ്/-3458/12 തീ.26.03.2013 കത്ത് പ്രകാരം അനുപൂരകപോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട് അംഗൻവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യപദാർത്ഥങ്ങൾ കേന്ദ്രസർക്കാരിന്റെ ഫുഡ് അനാലിസിസ് ലാബിൽ പരിശോധന നടത്തണമെന്ന കേന്ദ്രനിർദ്ദേശം (02.11.12ലെ D.O.No.114/2012-13/FN) അടിയന്തിരമായി നടപ്പിലാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുമുണ്ട്. ഇതനുസരിച്ച് 2020-21 വർഷം നടത്തിയ സാംപിൾ പരിശോധന റിപ്പോർട്ട് ഓഡിറ്റിൽ ഹാജരാക്കുവാനാവശ്യപ്പട്ടതിന് 2019-20 വർഷത്തെ ലാബ് റിപ്പോർട്ടാണ് ഹാജരാക്കിയത്. തൻവർഷം ന്യൂട്രിമിക്സിന്റെ ഗുണമേന്മപരിശോധന നടത്തിയിട്ടില്ലായെന്ന് വളരെ ഗൌരവമായി വീക്ഷിക്കേണ്ട വിഷയമായി ഓഡിറ്റ് വിലയിരുത്തുന്നു. എടയ്ക്കാട്ടുവയൽ സ്മാർട്ട് പ്ലസ് യൂണിറ്റിൽ നിന്നുള്ള ഭക്ഷ്യമിശ്രിതത്തിൽ വിഷാംശം കലർന്നിട്ടുണ്ടെന്ന പത്രവാർത്ത ശ്രദ്ധയിൽ പെടുത്തുന്നു. പിഞ്ചുകുട്ടികൾക്ക് വിതരണം ചെയ്യുന്ന പോഷകാഹാരപ്പൊടിയുടെ ഗുണനിലവാരം സർക്കാർ അംഗീകൃത ലാബുകളിലെ വിശദമായ പരിശോധനകൾക്ക് വിധേയമാക്കി ഉറപ്പ് വരുത്തേണ്ടതാണ്. വിഷയത്തിൽ ഭരണസമിതിയുടേയും ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-42 ഐ.സി.ഡി.എസ്. കേന്ദ്ര വിഹിതം-നീക്കിയിരുപ്പ് തുക പ്രയോജനപ്പെടുത്തേണ്ടതാണ്

വാർഷിക കണക്കുകളനുസരിച്ച് ഐ.സി.ഡി.എസ്. കേന്ദ്ര വിഹിതത്തിൽ തൻവർഷം 11,82,621/-രൂപ നീക്കിയിരിപ്പുണ്ട്. സ. ഉ നമ്പർ 39033/ഡിസി 2010 തസ്വഭവ 03.09.2010 പ്രകാരം, പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമാകുന്ന കേന്ദ്രസഹായത്തിന്റെ ശേഷിക്കുന്ന തുക അങ്കണവാടികളുടെ അടിസ്ഥാന സൌകര്യ വികസനത്തിനായി ഉപയോഗപ്പെടുത്താവുന്നതാണ്. ആയതിനാൽ നീക്കിയിരുപ്പായുള്ള പ്രസ്തുത തുക കാര്യക്ഷമമായി വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-43 വയോജനങ്ങൾക്ക് കട്ടിൽ -സർക്കാർ നിർദ്ദേശം പാലിച്ചില്ല

| | |
|---|---|
| പ്രോജക്ട് | വയോജനങ്ങൾക്ക് കട്ടിൽ |
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

| | |
|---|---|
| അടങ്കൽ | 1124420/-<br>1100000/-(വികസന ഫണ്ട്)<br>24420/-(തനത് ഫണ്ട്) |
| ചെലവ് വിവരം<br>(ബിൽ നം./തീയതി) | 800000/-(വികസന ഫണ്ട്)<br>1)600000/-(249, 07.01.2021)<br>2)200000/- (422, 30.03.2021) |

മേൽ പ്രോജക്ട് പ്രകാരം വയോജനങ്ങൾക്കായി ആകെ 255 കട്ടിലുകൾ കണ്ടത്തിച്ചിറയിൽ ട്രേഡ് ലിങ്ക്സ് വൈക്കം എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ മുഖേന വാങ്ങിയിട്ടുണ്ട്. 5 ലക്ഷത്തിന് മുകളിലുള്ള വാങ്ങലുകൾക്ക് ഇ-ടെണ്ടർ രീതി അവലംബിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം (സ.ഉ(എം.എസ്) നം-13/2015/ITD,12.05.2015). ജി.ഒ.(പി)നം-7/2019/SPD) നിർവഹണവേളയിൽ പാലിച്ചിട്ടില്ല. 26.04.2019 പ്രകാരം വരുത്തിയ ഭേദഗതികൾ അനുസരിച്ച് എല്ലാ സർക്കാർ വകുപ്പുകളും 25000/-രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ഗവണമെന്റ് ഇ-മാർക്കറ്റ് പ്ലേസ് (GeM) മുഖേന സമാഹരിക്കേണ്ടതാണെന്നുള്ള നിർദ്ദേശവും പരിഗണിച്ചില്ല. വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിയ്ക്ക് (നം-19/18.-3.2022 ) ഇപ്രകാരം മറുപടി നൽകി. തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിന്റെ പെരുമാറ്റച്ചട്ടം നിലവിൽ വരും മുമ്പ് 255 കട്ടിലുകളും വിതരണം ചെയ്യുക എന്ന ലക്ഷ്യം മുൻനിർത്തിയും ഇ-ടെണ്ടർ വിളിച്ചാൽ പദ്ധതി നടപ്പാക്കുന്നതിലുള്ള കാലതാമസം കണക്കിലെടുത്തും പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേകമായ ആവശ്യമനുസരിച്ചുമാണ് ഇ-ടെണ്ടർ നടപടി സ്വീകരിക്കാതിരുന്നതെന്ന് വ്യക്തമാക്കി. കട്ടിലുകൾ പൂർണമായി വിതരണം ചെയ്തതിനാലും തിരഞ്ഞെടുപ്പിന്റെ കാലയളവിന് മുമ്പ് പ്രോജക്ട് നിർവഹണം പൂർത്തീകരിച്ചതിനാലും മറുപടി ഭാഗികമായി അംഗീകരിക്കുന്നു. 5 ലക്ഷത്തിന് മേലുള്ള വാങ്ങലുകൾക്ക് കർശനമായും ഇ-ടെണ്ടർ നടപടികൾ തന്നെ സ്വീകരിക്കേണ്ടതാണെന്ന് അറിയിക്കുന്നു. വാങ്ങൽ നടപടികളിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് പഞ്ചായത്ത് ഭരണസമിതിയും പ്രോക്യുർമെന്റ് കമ്മിറ്റിയും ഉറപ്പ് വരുത്തേണ്ടതും നിർവഹണോദ്യോഗസ്ഥർക്ക് ആയതിനുള്ള നിർദ്ദേശങ്ങൾ മാത്രം നൽകേണ്ടതുമാണ്.

## 1-44 ഗ്രാമ പഞ്ചായത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ-ഒരവലോകനം

പഞ്ചായത്ത് തലത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 16 വാർഡുകളിലും റാപ്പിഡ് റെസ്പോൺസ് ടീം കർമ്മോന്മുഖരായി പ്രവർത്തിച്ചിട്ടുണ്ട്. യൂത്ത് വോളന്റിയർമാരെ ജാഗ്രത പോർട്ടലിൽ രജിസ്റ്റർ ചെയ്യിക്കുകയും അവർക്ക് കില മുഖേന ഓൺലൈൻ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മീറ്റിംങ് കൂടിയതിന്റെ വിവരം ലഭ്യമാക്കിയില്ല, കൂടാതെ സി.എഫ്.എൽ.ടി.സി യുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിന് ആരോഗ്യവകുപ്പിൽ നിന്നും പരിശീലനം നല്കിയിട്ടുണ്ട്.

പഞ്ചായത്ത് തലത്തിൽ പ്രത്യേക പരിഗണന നല്കേണ്ടുന്നവരുടെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി YMCAയുടെ ആഭിമുഖ്യത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്ക്ക് രൂപീകരിച്ചിട്ടുള്ളതും, തനത് ഫണ്ടിൽ നിന്നും ഹെൽപ് ഡെസ്കിന്റെ പ്രവർത്തനങ്ങൾക്കായി മൊബൈൽ ഫോണും സിം കാർഡും വാങ്ങിയതിന് തുക ചെലവഴിച്ചിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഏകീകരിക്കുന്നതിനും പഞ്ചായത്ത് കമ്മറ്റികൾ ഓൺ ലൈനായും ഓഫ് ലൈനായും നിയമപ്രകാരമുള്ള ഇടവേളകളിൽ സമ്മേളിച്ചിട്ടുണ്ട്.

ഗുരുതര രോഗം ബാധിച്ചവരുടെ പരിചരണത്തിനായി 2020-21 സാമ്പത്തിക വർഷം സന്നദ്ധ സംഘടനകളുടെ സഹായത്തോടെ മരുന്നുകൾ വിതരണം ചെയ്തിട്ടുണ്ട്. അതിനായി സുലേഖ വഴി പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്താനായി വാർഡ് തലത്തിൽ മെമ്പർമാർ ചെയർമാന്മാരായി മോണിറ്ററിംങ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ തൃപ്തികരമാണ്. ക്വാറന്റൈനിലിരിക്കുന്ന രോഗികൾ, സമ്പർക്കപ്പട്ടികയിലിരിക്കുന്നവർ എന്നിവർക്ക് അവശ്യസാധനങ്ങൾ എത്തിച്ചുനല്കൽ, വാക്സിനേഷൻ ഡ്രൈവ് വിജയകരമാക്കുന്നതിന് ആവശ്യമായ സഹായം നല്കൽ എന്നിവയിലെല്ലാം വാർഡ് തല സമിതി വളരെയധികം നന്നായി പ്രവർത്തിച്ചിട്ടുണ്ട്.

കെ.എസ്.എഫ്.ഇ. യുടെ സഹായത്തോടെ പഞ്ചായത്തിലെ അംഗനവാടികൾ, ലൈബ്രറികൾ എന്നിവയ്ക്ക് ടെലിവിഷൻ വാങ്ങി നല്കിയിട്ടുണ്ട്. കൂടാതെ സ്പോൺസർഷിപ്പിലൂടെ അർഹതയുള്ള ആവശ്യക്കാരായ കുട്ടികൾക്ക് ഓൺലൈൻ പഠനസഹായത്തിനായി മൊബൈൽ ഫോണുകൾ വിതരണം ചെയ്തിട്ടുണ്ട്.

സി.എഫ്.എൽ.ടി.സി. പഞ്ചായത്ത് തലത്തിൽ പ്രവർത്തനം ആരംഭിക്കുകയും ആവശ്യമായ ഭൗതീക സാഹചര്യങ്ങൾ അതിനായി ഒരുക്കിയിട്ടുമുണ്ടായിരുന്നു. അവയുടെ പ്രവർത്തനം നല്ല നിലയിൽ നടക്കുന്നുമുണ്ട്. കുടുംബശ്രീ മൈക്രോ സംരംഭകയൂണിറ്റ് വഴി ഒരു കമ്മ്യൂണിറ്റി കിച്ചൺ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾക്കായി കുടുംബശ്രീ സി.ഡി.എസിൽ നിന്നും സംഭാവനയായി തുകയൊന്നും ലഭ്യമായിട്ടില്ല. 2020-21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ കുടുംബശ്രീ പ്രവർത്തകരുടെ സേവനം പ്രയോജനപ്പെടുത്തി കമ്മ്യൂണിറ്റി കിച്ചൺ നന്നായി പ്രവർത്തിച്ചിട്ടുണ്ട് .

വാർഡുതലത്തിൽ പൾസ് ഓക്സിമീറ്ററുകൾ വിതരണം ചെയ്തിട്ടുണ്ട്. ആയത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

സംഭാവനയിനത്തിൽ ലഭിക്കുന്ന തുക സെക്രട്ടറിയുടെ പേരിൽ അക്കൗണ്ട് തുടങ്ങി നിക്ഷേപിച്ചിട്ടില്ല. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി നാളിതുവരെ 2951000 രൂപ ധനസഹായം ലഭിച്ചിട്ടുണ്ട്. (ബ്ലോക്ക് പഞ്ചായത്ത് 700000 രൂപ, ജില്ല ദുരന്ത നിവാരണ അതോറിറ്റി 1900000/-, പൊതുവായ സംഭാവനകൾ 351000രൂപയാണ്.) 2020-21 വർഷത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ചെലവ് 4253041/- രൂപയാണ്.

പഞ്ചായത്തിൽ ഇതേവരേ കോവിഡ് ബാധിച്ച് 57 പേർ മരിക്കുകയും 5759 പേർക്ക് കോവിഡ് ബാധ സ്ഥിരീകരിക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഏകീകരിക്കുന്നതിനും കോവിഡ് മാനദണ്ഡം പാലിച്ചുകൊണ്ട് പഞ്ചായത്ത് കമ്മറ്റികൾ കൃത്യമായ ഇടവേളകളിൽ ഓഫ്‌ലൈനായിട്ടാണ് കൂടിയിട്ടുള്ളത്.

## 1-45 കാർഷിക കർമ്മസേനയ്ക്ക് യന്ത്രങ്ങൾ വാങ്ങൽ - അധിക തുക നല്കി

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി 2019-20 സാമ്പത്തിക വർഷത്തിൽ കാർഷിക കർമ്മസേനയ്ക്ക് യന്ത്രങ്ങൾ വാങ്ങൽ എന്ന പേരിൽ പദ്ധതി നടപ്പിലാക്കിയിരുന്നു. പദ്ധതി പൂർത്തിയാക്കാൻ കഴിയാതിരുന്നതിനാൽ സ്പിൽ ഓവർ പ്രോജക്ടായിട്ടാണ് പദ്ധതി പൂർത്തീകരിച്ചത്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.02.2018 ലെ സർക്കാർ ഉത്തരവ് (കൈ) നം 22/2018 ലെ കൃഷി 6-1 (8) ഖണ്ഡിക പ്രകാരം ഉപകരണങ്ങൾ വാങ്ങുന്നതിനായി 90% നിരക്കിൽ സബ്സിഡി നല്കാവുന്നതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. 10% ഗുണഭോക്തൃസമിതിയാണ് വഹിക്കേണ്ടിയിരുന്നത്. എന്നാൽ നിർവ്വഹണോദ്യോഗസ്ഥ 100% സബ്സിഡി നിരക്കിൽ അനുവദിച്ചതിനാൽ 10000രൂപ നഷ്ടം വന്നിട്ടുണ്ട്. വിശദവിവരങ്ങൾ ഖ.3-1 ൽ ചേർത്തിട്ടുണ്ട്.

## 1-46 സിംഗിൾ ടെണ്ടർ സ്വീകരിച്ചതിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് | സ്റ്റേഡിയം ഓഫീസ് കെട്ടിടം വയറിംഗ്, 148/21 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | 400000/-(275000/-ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 125000/-തനത് ഫണ്ട്) |
| ചെലവ് വിവരം(ബിൽ നം,ചെക്ക് നം./തീയതി) | 323500/-(199000/-41/20-21,29.03.21 ,124500/- 397260/29.03.21) |

ഗ്രാമപഞ്ചായത്തിലെ സ്റ്റേഡിയം ഓഫീസ് കെട്ടിടം വയറിംഗ് ചെയ്യുന്നതിനായി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. അതനുസരിച്ച് ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ഒരു ടെണ്ടർ മാത്രമാണ് ലഭിച്ചിട്ടുള്ളത്. അതനുസരിച്ചാണ് പ്രവൃത്തി നടപ്പാക്കിയിട്ടുള്ളത്. ആയത് ശരിയായ നടപടിയല്ല. ജി.ഒ(പി)നം.324/2015/ഫിൻ തീയതി. 30.07.2015 ഉത്തരവ് പ്രകാരം സിംഗിൾ ടെണ്ടർ പ്രകാരം പ്രവൃത്തി നടപ്പാക്കരുതെന്ന് വ്യക്തമായ നിർദ്ദേശമുള്ളപ്പോൾ ഗ്രാമപഞ്ചായത്ത് ഇത്തരമൊരു പ്രവൃത്തി നടപ്പാക്കിയത് ഉചിതമായില്ല.

ശ്രീ സജിമോൻ കെ വി, കെ&കെ അസോസിയേറ്റ്സ്, പിറവം എന്ന കരാറുകാരന്റെ ടെണ്ടറാണ് ഗ്രാമപഞ്ചായത്ത് അംഗീകരിച്ചത്. ടെണ്ടർ നടപടികൾ സ്വീകരിക്കുമ്പോൾ ലഭിക്കുമായിരുന്ന ടെണ്ടർ കിഴിവ്, മത്സര സ്വഭാവം എന്നിവ ഇതു വഴി നഷ്ടമായിയെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇത്തരത്തിലൊരു ടെണ്ടർ സ്വീകരിച്ചതിന്റെ കാരണം വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.06/17.03.2022) മുഖാന്തിരം ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചിട്ടില്ല. ഈ അപാകതകൾ ഭാവിയിൽ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-47 ധനകാര്യകമ്മീഷൻ ഗ്രാന്റ്- സബ്സിഡി മാർഗരേഖ നിർദ്ദേശത്തിന് വിരുദ്ധമായി തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് | കേരള വാട്ടർ അതോറിറ്റിയ്ക്ക് കുടിവെള്ളക്കരം അടവാക്കൽ,205/21 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | 1) 842628/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)+<br>2) 842628/-(തനത് ഫണ്ട്)<br>ആകെ-1685256/- |
| ചെലവ് വിവരം(ബിൽ നം,ചെക്ക് നം./തീയതി) | 1) 842628/-099434 /29.04.2020(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)+ |

2) 842628/-270986/21.05.2020(തനത് ഫണ്ട്)
ആകെ-1685256/-

സബ്സിഡി മാർഗരേഖ സർക്കാർ ഉത്തരവ് (കൈ)നം.11/2018/ത.സ്വ.ഭ.വ,തീയതി.29.01.2020, ഖണ്ഡിക.6.6 അനുസരിച്ച് കുടിവെള്ള പ്രോജക്ടുകൾ, കുടിവെള്ള പ്രോജക്ടുകളുടെ നടത്തിപ്പ്, മഴവെള്ളക്കൊയ്ത്ത്, ജല സംരക്ഷണവും, ജല സ്രോതസ്സുകളുടെ പരിപോഷണവും, ജലാശയങ്ങളുടെ പുനരുജ്ജീവനം, ജലത്തിന്റെ പുനരുപയോഗവും പുനചംക്രമണവും, ശുചിത്വം, കാര്യക്ഷമമായ ഖര-ദ്രവ മാലിന്യ സംവിധാനങ്ങൾ സ്ഥാപിക്കൽ, വെളിയിട വിസർജ്ജന വിമുക്ത സ്ഥിതി നിലനിർത്തുന്നതിനും വേണ്ടി മാത്രമേ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കാവൂ എന്ന് സ.ഉ(കൈ)നം.103/2020/ ത.സ്വ.ഭ.വ, തീയതി.30.06.2020 ഉത്തരവിലും, സ.ഉ(കൈ)നം.104/2020/ ത.സ്വ.ഭ.വ,തീയതി. 01.07.2020 ഉത്തരവിലും വ്യക്തമാക്കിയിരിക്കെ കുടിവെള്ളക്കരമിനത്തിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ചത് ഉചിതമായ നടപടിയല്ല. ആയതിന് കാരണം വിശദീകരിക്കുവാനാവശ്യപ്പെട്ടതിന് (എൻക്വയറി.നം-28/19.03.2022) മറുപടി നൽകിയില്ല. സബ്സിഡി മാർഗനിർദ്ദേശത്തിന് വിരുദ്ധമായി തുക ചെലവഴിച്ചതിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ്. സാധൂകരണം ലഭ്യമാക്കി ഹാജരാക്കുന്നത് വരെ ചെലവ് തുകയായ 842628/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-48 മാസ്ക് വാങ്ങൽ-പ്രോക്യൂർമെന്റ് ചട്ടങ്ങൾ പാലിച്ചിട്ടില്ല

| | |
|---|---|
| വൌച്ചർ നമ്പർ | 22000070/4-29.04.2020 |
| ചെക്ക് നമ്പർ | 099434/29.04.2020 |
| നൽകിയ തുക | 130000/-(തനത് ഫണ്ട്) |

ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഒറ്റ ലെയർ മാസ്ക് വിതരണം ചെയ്യുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. ഒരു മാസ്കിന് 10/-രൂപ നിരക്കിൽ 130000/-രൂപയാണ് ചെലവ് വന്നത്. അതനുസരിച്ച് കുടുംബശ്രീ ബ്ലോക്ക് കോർഡിനേറ്ററായ ശ്രീ മുഹമ്മദ് ഷറഫുദ്ദീൻ എന്ന ജീവനക്കാരന് ഗ്രാമപഞ്ചായത്തിൽ നിന്നും 130000/-രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ജി.ഒ(പി) നം. 03/2013 /എസ്.പി.ഡി തീയതി 21.6.2013 സ്റ്റോർ പർച്ചേയ്സ് മാനവൽ ചട്ടങ്ങളിലെ ഖണ്ഡിക 7.7 പ്രകാരം 100000/-രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് നിർബന്ധമായും ടെണ്ടർ നടപടികൾ സ്വീകരിച്ചിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. അത്തരത്തിൽ ടെണ്ടർ നടപടികൾ സ്വീകരിക്കാതെ മാസ്ക് വാങ്ങിയത് ശരിയായ നടപടിയല്ല. കൂടാതെ ഈ മാസ്ക് ഗ്രാമപഞ്ചായത്തിലെ എല്ലാവർക്കും വിതരണം ചെയ്തുവെന്ന് ഉറപ്പാക്കാനുതകുന്ന യാതൊരു വിധ രേഖകളും ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് വിശദീകരണം നൽകേണ്ടതും രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 1-49 മരാമത്ത് സ്വഭാവമുള്ള പ്രവൃത്തികൾക്ക് തുക നൽകിയതിലെ അപാകത

ഗ്രാമപഞ്ചായത്തിൽ 2020-21വർഷം നടപ്പാക്കിയ വിവിധ പ്രവൃത്തികൾക്ക് തനത് ഫണ്ടിൽ നിന്നും തുക നൽകിയിട്ടുണ്ട്. മരാമത്ത് സ്വഭാവമുള്ള ഇലക്ട്രിഫിക്കേഷൻ, വിവിധ വാങ്ങലുകൾ തുടങ്ങിയ പ്രവൃത്തികൾക്ക് അവശ്യം വേണ്ട എസ്റ്റിമേറ്റ് തയ്യാറാക്കുകയോ, ക്വട്ടേഷൻ ക്ഷണിയ്ക്കുകയോ, മരാമത്ത് നടപടിക്രമങ്ങൾ പാലിക്കുകയോ ചെയ്യാതെ കണ്ടിജന്റ് ചെലവ് എന്ന് കണക്കാക്കിയാണ് തുക ചെലവഴിച്ചിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇന വിവരം | തുക | വൗച്ചർ നം./തീയതി | ചെലവു ചെയ്തതിലെ അപാകത | തുക നൽകിയിട്ടുള്ള സ്ഥാപനം/വ്യക്തി |
|---|---|---|---|---|---|
| 1 | 3ജി അങ്കണവാടിയ്ക്ക് വൈദ്യുതീകരണം | 35097 | 22000379/30.06.20 | എസ്റ്റിമേറ്റ് ഇല്ല, ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. | കെ എസ് ഇ ബി |
| 2 | 3ജി ബോർഡ് പ്രിന്റിംഗ് | 25220 | 22000601/21.08.20 | എസ്റ്റിമേറ്റ് ഇല്ല,ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. വാല്യുവേഷൻ ഇല്ല. | ബിന തങ്കപ്പൻ, ലിഷ ഗ്രാഫിക്സ്, കോലഞ്ചേരി |

മേൽ അപാകതയ്ക്ക് വിശദീകരണം നൽകുന്നതിന് ഓഡിറ്റ് എൻക്വയറി(60/21.03.2022)മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. മരാമത്ത് സ്വഭാവമുള്ള പ്രവൃത്തികൾക്ക് സർക്കാർ ഉത്തരവ് പ്രകാരം ടെണ്ടർ/ക്വട്ടേഷൻ നടപടികൾ സ്വീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-50 മരുന്ന് വാങ്ങിയെങ്കിലും നാളിതുവരെ വിതരണം ചെയ്തില്ല

കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ.ഓപ്പറേറ്റീവ് സൊസൈറ്റി ആലപ്പുഴയിൽ നിന്നും 28.02.2015 ലെ LF 13/10 നം ഇൻവോയ്സ് പ്രകാരം മുളന്തുരുത്തി ഗവ.ഹോമിയോ ആശുപത്രിയിലേക്ക് ഹോമിയോ മരുന്ന് ലഭ്യമാക്കിയിരുന്നു. ആയത് ഫോം ഓഫ് ജനറൽ മെഡിസിൻ രജിസ്റ്ററിലേക്ക് 18.03.2015 ൽ ഉൾച്ചേർത്തിട്ടുണ്ട്. ഇതിൽ കാലാവധി കഴിഞ്ഞ മരുന്നുകൾ എക്സ്പെയറി രജിസ്റ്ററിലേക്ക് മാറ്റിയതായി കാണുന്നു. മരുന്നുകളുടെ വിവരം താഴെച്ചേർത്തിരിക്കുന്നു.

| ക്രമനം | മരുന്നിന്റെ പേര് | മരുന്നിന്റെ അളവ് | കാലാവധി കഴിഞ്ഞ തീയതി |
|---|---|---|---|
| 1 | ACONITE | 100ML | 28.02.2021 |
| 2 | ALOE SOCOTRINA | 100ML | 28.02.2021 |
| 3 | ANTMONIUM | 100ML | 28.02.2021 |
| 4 | ARS ALB | 100ML | 28.02.2021 |
| 5 | ACID SULP | 100ML | 28.02.2021 |
| 6 | BRYONIA | 100ML | 28.02.2021 |
| 7 | CAMPHORA | 100ML | 28.02.2021 |
| 8 | CANNABIS | 100ML | 28.02.2021 |
| 9 | CARDUUS | 100ML | 28.02.2021 |
| 10 | CHAMOMILLA | 100ML | 28.02.2021 |
| 11 | CHINA OFFIC | 100ML | 28.02.2021 |
| 12 | CINA | 100ML | 28.02.2021 |
| 13 | COCCULUS INDICUS | 100ML | 28.02.2021 |
| 14 | COLOCYNTHIS | 100ML | 28.02.2021 |
| 15 | DIGITALS PURPUREA | 100ML | 28.02.2021 |
| 16 | DIOSCORCA | 100ML | 28.02.2021 |
| 17 | GEL SEMINM | 100ML | 28.02.2021 |
| 18 | GRAPHITES | 100ML | 28.02.2021 |
| 19 | GUAIACUM | 100ML | 28.02.2021 |
| 20 | HAMAMALIN | 100ML | 28.02.2021 |
| 21 | HELLEBORUS | 100ML | 28.02.2021 |
| 22 | HYPERICUM | 100ML | 28.02.2021 |
| 23 | IGNATIA AMARA | 100ML | 28.02.2021 |
| 24 | IODIUM | 100ML | 28.02.2021 |
| 25 | IRIS VER | 100ML | 28.02.2021 |
| 26 | KALI CAB | 100ML | 28.02.2021 |
| 27 | MERIC COR | 100ML | 28.02.2021 |
| 28 | NAT MUR | 100ML | 28.02.2021 |
| 29 | NUXVOM | 100ML | 28.02.2021 |
| 30 | PLANTIAGO MAJOR | 100ML | 28.02.2021 |
| 31 | PODOPHYLLIN | 100ML | 28.02.2021 |
| 32 | PRUNAS SPINOSA | 100ML | 28.02.2021 |
| 33 | RATANHIA | 100ML | 28.02.2021 |
| 34 | ROBINA PSEUDACIA | 100ML | 28.02.2021 |
| 35 | RUMEX | 100ML | 28.02.2021 |
| 36 | SABEL SERRULATA | 100ML | 28.02.2021 |
| 37 | SABINA | 100ML | 28.02.2021 |
| 38 | SARSAPARILLA | 100ML | 28.02.2021 |
| 39 | SENECIO AVRE | 100ML | 28.02.2021 |
| 40 | STAPHYSAGRIA | 100ML | 28.02.2021 |
| 41 | STICTA | 100ML | 28.02.2021 |

| | | | |
|---|---|---|---|
| 42 | STRAMONIOM | 100ML | 28.02.2021 |
| 43 | TEREBINTHINA | 100ML | 28.02.2021 |
| 44 | TRILLIUM | 100ML | 28.02.2021 |
| 45 | VERATIRUM | 100ML | 28.02.2021 |
| 46 | VERATRUM | 100ML | 28.02.2021 |
| 47 | ZINUM | 100ML | 28.02.2021 |
| 48 | MERCSOL | 100ML | 28.02.2021 |

മേൽ സൂചിപ്പിച്ച മരുന്നുകൾ 2015ൽ ആവശ്യകത നിർണ്ണയം നടത്താതെ വാങ്ങിയതിനാലാണ് ഉപയോഗിക്കുവാൻ കഴിയാതെപോയതും ആയത് കാലാവധി കഴിഞ്ഞപ്പോൾ എക്സ്പെയറി രജിസ്റ്ററിലേക്ക് മാറ്റിയതും. ആവശ്യം കുറവായ മരുന്നുകൾ വാങ്ങി പ്ലാൻ ഫണ്ടിൽ നിന്ന് സാമ്പത്തിക നഷ്ടം വരുത്തിയതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 20.03.2022 ൽ നല്കിയ 53ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. മരുന്ന് ജനങ്ങളുടെ ജീവൻ രക്ഷോപാധിയായതിനാൽ ആയതിലേക്ക് ഗ്രാമപഞ്ചായത്ത് ഫണ്ട് നിർബന്ധമായും വകയിരുത്തേണ്ടതുമാണ്. എന്നാൽ വാങ്ങുന്ന മരുന്ന് ഉപയോഗപ്രദമാക്കുവാനും, നഷ്ടം വരുത്താതിരിക്കുവാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-51 ഹൃദ്യാരോഗ്യം പദ്ധതി - അപാകതകൾ

| | |
|---|---|
| പ്രൊജക്ട് | ഹൃദ്യാരോഗ്യം |
| പ്രൊജക്ട് നം. | S0218/21 |
| നിർവഹണഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ , സി എച്ച് സി |
| അടങ്കൽ | 99403/- (തനതു ഫണ്ട്) |
| ചെലവ് | 99403/- |
| ചെക്ക് നം., തീയതി | 173161, 31.03.2021 |

ഇന്നവേറ്റീവ് പ്രൊജക്ടായി നടപ്പാക്കിയ ഈ പദ്ധതിയിലെ 2020 ജൂൺ മുതൽ 2021 മാർച്ച് വരെയുള്ള കാലയളവിൽ ഭവനസന്ദർശനം നടത്തി പൊതുജനങ്ങളുടെ രക്തസമ്മർദ്ദം പരിശോധിക്കുന്നതിന് വേണ്ടി മെഡിക്കൽ ഓഫീസർ, സി എച്ച് സി നടപ്പാക്കിയ പ്രൊജക്ടാണിത്. ഭവനസന്ദർശനം നടത്തി രക്തസമ്മർദ്ദം പരിശോധിച്ചതിന് ഗ്രാമപഞ്ചായത്തിലെ 20 ആശാവർക്കമാർക്ക് വീടൊന്നിന് 10 രൂപ നിരക്കിൽ ആകെ 96960/- രൂപയും, ബിൽ കാർഡ് പ്രിന്റിംഗ് ചാർജ് ചെലവായി 2443/- രൂപയും ഈ പ്രോജക്ടിൽ ചെലവാക്കിയിട്ടുണ്ട് ഈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ കൊടുക്കുന്ന വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1) ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരം ഇല്ലാതെയാണ് ആശാവർക്കർമാർക്ക് ഭവനസന്ദർശനം നടത്തിയതിന് വീടൊന്നിന് 10 രൂപ നിശ്ചയിച്ചിട്ടുള്ളത്.

2) വിദഗ്ധ പരിശോധനക്ക് റഫർ ചെയ്യേണ്ട സാഹചര്യം ഉണ്ടെങ്കിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ഫയലിൽ ലഭ്യമല്ല.

3) ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവയും ലഭ്യമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 13/18.03.2022) മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ, തുടർന്നുള്ള വർഷങ്ങളിൽ പദ്ധതി നടപ്പാക്കുമ്പോൾ ഭവന സന്ദർശനം നടത്തുന്നതിനുള്ള നിരക്കിന് ഭരണസമിതിയുടെ അംഗീകാരം വാങ്ങേണ്ടതാണ്. വിദഗ്ധ പരിശോധന ആവശ്യമുള്ള സാഹചര്യത്തിൽ സ്വീകരിച്ച തുടർനടപടിയുടെ വിവരങ്ങളും, മോണിറ്ററിംഗ് റിപ്പോർട്ടും ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## 1-52 കന്നുകുട്ടി പരിപാലനപദ്ധതി

| | |
|---|---|
| പ്രോജക്റ്റ് നം | 7/21 |
| പേര് | കന്നുകുട്ടി പരിപാലനം |
| നിർവഹണം | വെറ്ററിനറി സർജൻ |
| അടങ്കൽ | 625000/-<br>312500/-(വികസനഫണ്ട്)<br>312500/-(ഗുണഭോക്തൃവിഹിതം) |
| ചെലവ് | 312500/-(വികസനഫണ്ട്) |
| ബിൽ.നം, തീയതി | 399/30.03.2021 |

25 കന്നുകുട്ടികളുടെ പഞ്ചായത്ത് വിഹിതമായി 312500/- രൂപ (സംസ്ഥാനവിഹിതം ഉൾപ്പടെ-

25*12500) മേൽ പ്രോജക്ട് മുഖേന ഐ.സി.ഡി.പി പ്രോജക്ട് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ വ്യക്തിഗത നാൾവഴി രജിസ്റ്റർ പരിശോധിച്ചതിൽ 2021-22 സാമ്പത്തിക വർഷം ജൂലൈ 2021 മുതൽ മാത്രമാണ് തീറ്റ വിതരണം ആരംഭിച്ചതായി രേഖപ്പെടുത്തിയിട്ടുള്ളത്. പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് ആയതിന്റെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

പാറുക്കുട്ടി ചന്ദ്രൻ, വേലംപറമ്പിൽ വീട്, പെരുമ്പിള്ളി എന്ന ഗുണഭോക്താവ് കാലിത്തീറ്റ കൈപ്പറ്റിയിട്ടില്ല (നാൾവഴി രജിസ്റ്റർ പേജ് നം-22, കർഷകന്റെ നമ്പർ-23079, കന്നുകുട്ടിയുടെ നമ്പർ-420054/123013). മേൽ ഗുണഭോക്താവിനെ നീക്കം ചെയ്തുവെന്നാണ് രജിസ്റ്ററിൽ റിമാർക്സ് ചെയ്തിരിക്കുന്നത്. ആയതിനാൽ ടിയാന്റെ വിഹിതമായി അടവാക്കിയ 12500/-രൂപ പ്രോജക്ട് ഓഫീസറിൽ നിന്നും തിരികെ ഈടാക്കിയിട്ടുണ്ടോയെന്ന് വ്യക്തമല്ല.
മേൽ അപാകതകൾ വിശദീകരിക്കുവാനും രേഖകൾ ഹാജരാക്കുവാനും ആവശ്യപ്പെട്ടതിന് (എൻക്വയറി.നം-39/19.03.2022) 12500/-രൂപ പദ്ധതി അവസാനിക്കുന്ന മുറയ്ക്ക് നടപടിക്രമം പൂർത്തിയാക്കി പഞ്ചായത്ത് അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതാണെന്ന് പ്രോജക്ട് ഓഫീസർ അറിയിച്ചതായി വ്യക്തമാക്കി. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് 12500/-രൂപയും ചെലവഴിക്കാൻ ബാക്കി തുകയുണ്ടെങ്കിൽ അതും ക്രമീകരിച്ച് പ്രോജക്ട് ഓഫീസറിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ഹാജരാക്കേണ്ടതാണ്.

### 1-53 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - സർക്കാർ നിർദ്ദേശം പാലിക്കാതെ വാങ്ങൽ നടത്തി

| | |
|---|---|
| പ്രോജക്ട് നമ്പർ | 43/21 |
| പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് |
| നിർവഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ, ഫണ്ടിനം | 385000/- (എസ്.സി.പി) |
| ചെലവ് | 385000/- |
| ബിൽ നമ്പർ, തീയതി | 325/20-21, 18.2.21 |

മേൽ പ്രോജക്ടിൽ പെടുത്തി പട്ടികജാതി വിഭാഗത്തിൽപെട്ട 14 വിദ്യാർത്ഥികൾക്ക് ഗാർനറ്റ് കമ്പ്യൂട്ടേഴ്സ്, കാഞ്ഞിരമറ്റം എന്ന സ്ഥാപനത്തിൽ നിന്ന് 27450/- രൂപ വിലയുള്ള ലാപ് ടോപ്പ് ടെണ്ടർ മുഖേന വാങ്ങി നൽകിയിട്ടുണ്ട്. പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ താഴെപ്പറയുന്നു.

1)തദ്ദേശസ്ഥാപനങ്ങൾക്കാവശ്യമായ ലാപ്ടോപ്പുകൾ സി.പി.ആർ.സി.എസ് പോർട്ടലിൽ നിന്ന് തന്നെ വാങ്ങേണ്ടതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20.1.20 ലെ ഡി.എ1/363/2019 നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. കാലതാമസമുണ്ടായാൽ ടെണ്ടർ/ഇ ടെണ്ടർ മുഖേന വാങ്ങൽ നടത്താമെങ്കിലും ലാപ്ടോപ്പുകൾക്ക് മേൽ സർക്കുലർ പ്രകാരം നിശ്ചയിച്ച സ്പെസിഫിക്കേഷനും വില സർക്കുലറിൽ സൂചിപ്പിച്ചതിനേക്കാൾ കുറവും ആയിരിക്കണമെന്ന് 07.09.20 ലെ ഡി.എ1/153/2020 നമ്പർ സർക്കുലറിൽ ഉത്തരവായിട്ടുമുണ്ട്. ഉബുണ്ടു അധിഷ്ഠിതമായ Intel Core-Processor ലാപ്ടോപ്പുകൾ വാങ്ങുവാനാണ് 363/2019 നമ്പർ സർക്കുലറിൽ സ്പെസിഫൈ ചെയ്തിട്ടുള്ളത്. എന്നാൽ AMD-Processor -ഉബുണ്ടു ലാപ്ടോപ്പുകളാണ് പ്രോജക്ട് മുഖേന വാങ്ങിയിട്ടുള്ളത്. മാത്രമല്ല ഉബുണ്ടു അധിഷ്ഠിതമായ ലാപ്ടോപ്പുകൾക്ക് സർക്കുലർ പ്രകാരം നിശ്ചയിച്ചിരിക്കുന്ന വില 22895/- രൂപയാണെന്നിരിക്കെ പ്രോജക്ടിൽ 27450/- രൂപയാണ് ലാപ്ടോപ്പൊന്നിന് ചെലവഴിച്ചിട്ടുള്ളത്. ഇപ്രകാരം വാങ്ങൽ നടത്തിയതിന് വിശദീകരണമാവശ്യപ്പെട്ടതിന് (എൻക്വയറി.നം-18/18.03.2022) CPRCS വഴി സാധനങ്ങൾ ലഭ്യമാകുന്നതിന് കാലതാമസം നേരിട്ടുമെന്നതിനാലും വാങ്ങുന്ന സാധനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ ലഭിക്കാത്ത അവസ്ഥയുള്ളതിനാലും വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിക്കത്തക്ക രീതിയിൽ അർഹമായ ആനുകൂല്യം നൽകണമെന്ന ക്ഷേമോന്മുഖമായ കാഴ്ചപ്പാടോടെയുമാണ് കമ്മിറ്റിയുടെ കൂടെ അംഗീകാരത്തോടെ ലാപ്ടോപ്പുകൾ വാങ്ങിയതെന്നറിയിച്ചു. എന്നാൽ CPRCS പോർട്ടലുമായി ബന്ധപ്പെട്ട് കത്തിടപാടുകൾ നടത്തുകയോ ലാപ്ടോപ് വിതരണം ചെയ്യുവാൻ കാലതാമസമുണ്ടാകുമോയെന്ന് അന്വേഷിക്കുകയോ ചെയ്തതായി ഫയലിൽ രേഖകളില്ല. ഇപ്രകാരം നടപടികൾ സ്വീകരിക്കാതെയാണ് ടെണ്ടർ വിളിച്ചത്.

ടെണ്ടർ നടപടി സ്വീകരിച്ചിട്ടും ലാപ്ടോപ്പുകൾ വിതരണം ചെയ്യുവാൻ കാലതാമസം എടുത്തതായി പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ വ്യക്തമായിട്ടുള്ളതാണ്. നടപടികളുടെ നാൾവഴി ഇപ്രകാരമാണ്. ഗാർനറ്റ് കമ്പ്യൂട്ടേഴ്സിന്റെ ടെണ്ടർ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചത് 30.07.2020ലാണ് (2(2)നം തീരുമാനം). ശേഷം 12.08.2020 തീയതിയിൽ A4/8910/19-നമ്പർ കത്തിലൂടെ കരാറുകാരനോട് എഗ്രിമെന്റ് വയ്ക്കുവാൻ ആവശ്യപ്പെട്ടു. സപ്ലൈ ഓർഡർ നൽകുന്നത് 02.11.2020 ലാണ്. കരാറുകാരന്റെ ആവശ്യമനുസരിച്ച് കാലയളവ് നീട്ടി ആയത് 23.01.2021ൽ വീണ്ടും നൽകി. അവസാനം ലാപ്ടോപ്പുകൾ സപ്ലൈ ചെയ്തത് 15.02.2021ലാണെന്ന് രേഖകൾ വ്യക്തമാക്കുന്നു. ആറു മാസത്തെ കാലതാമസം

നിർവഹണ നടപടികളിലുണ്ടായിട്ടുണ്ട്.
മാത്രമല്ല വിൻഡോസ് അധിഷ്ഠിതമായ ലാപ്ടോപ്പുകൾക്കാണ് സർക്കുലർ പ്രകാരം 27722/- രൂപ വിലയുള്ളത്. ഉബുണ്ടു അധിഷ്ഠിതമായവയ്ക്ക് 22795/-രൂപ മാത്രമാണ്. ഗാർനറ്റ് കമ്പ്യൂട്ടേഴ്സ് വിതരണം ചെയ്തത് ഉബുണ്ടു അധിഷ്ഠിതമായ ലാപ്ടോപ്പുകൾ ആണ്. വിൻഡോസ് അല്ല. സർക്കുലറിൽ സൂചിപ്പിച്ചിരിക്കുന്ന വിലയിലും കുറവായാണ് വാങ്ങൽ നടത്തിയത് എന്ന മറുപടി ആയതിനാൽ അംഗീകരിക്കാനാവില്ല.

മറ്റ് അപാകതകൾ
2)ലാപ്ടോപ്പ് ഒന്നിന് നികുതിയുൾപ്പെടെ 27450/- രൂപയാണ് കരാറുകാരൻ ക്വോട്ട് ചെയ്തത് (ക്വട്ടേഷൻ തീയതി-21.07.2020). ആയത് പ്രകാരം 14 ലാപ്ടോപ്പുകൾക്ക് 384300/- രൂപയാണ് വില വരുന്നത്. എന്നാൽ ഗാർനറ്റ് കമ്പ്യൂട്ടേഴ്സിന്റെ ടാക്സ് ഇൻവോയ്സ് (നം-GNK/688/20-21, 15.02.21) പ്രകാരം നികുതിയുൾപ്പെടെയുള്ള ആകെ ബിൽ തുക 385014/- രൂപയാണ്. ആയത് 385000/- രൂപയായി നിജപ്പെടുത്തി കരാറുകാരന് നൽകിയതായി കാണുന്നു (ജി.എസ്.ടി കിഴിച്ച് നൽകിയത്-378474/-രൂ). ഇത്തരത്തിൽ അധികമായി 700/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ജി.എസ്.ടി ഈടാക്കിയതിലും 1160/- രൂപയുടെ കുറവ് വരുന്നുണ്ട്
(384300*2%=7686, ഈടാക്കിയ ജി.എസ്.ടി = 6526/- കുറവ് =1160/-) മേൽ തുകകൾ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

3)2019 ലെ കേരള ഫിനാൻസ് ആക്ട്,വകുപ്പ് 14 പ്രകാരവും, ജി.ഒ(പി)നം.80/2019/ടി.ഡി /തീയതി.25.05.2019 പ്രകാരവും, എസ്.ആർ.ഒ നമ്പർ 436/2019,തീയതി.29.06.2019 പ്രകാരവും എല്ലാ വാങ്ങലുകൾക്കും 1% പ്രളയ സെസ്സ് ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. മേൽ ഉത്തരവുകൾ പ്രകാരം പ്രളയ സെസ്സ് ഈടാക്കേണ്ടുന്ന കാലയളവ് 01.08.2019 മുതൽ 31.07.2021 വരെയാണ്. എന്നാൽ ഗാർനറ്റ് കമ്പ്യൂട്ടേഴ്സിന്റെ ടാക്സ് ഇൻവോയിസിൽ (നം-GNK/688/20-21,തീയതി-15.02.2021) പ്രളയ സെസ് കുറവ് വരുത്തിയിട്ടില്ല. സെസിനത്തിൽ 3766/- രൂപ (ജി.എസ്.ടി കിഴിച്ചുള്ള രൂപയുടെ 1%{376614*1%} കരാറുകാരനിൽ നിന്ന് ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കേണ്ടതാണ്.

2, 3 ഖണ്ഡികകളിലെ തുകകൾ കരാറുകാരനിൽ നിന്നും ഈടാക്കി അടവാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.
ലാപ്ടോപ്പുകൾ വാങ്ങുന്നത് സംബന്ധിച്ച് മുൻ റിപ്പോർട്ടിലും (ഓഡിറ്റ് റിപ്പോർട്ട് 2019-20, ഖണ്ഡിക-1-19) പരാമർശം ഉണ്ടായിരുന്നതാണ് എന്നിരിക്കെ വീണ്ടും സർക്കാർ ഉത്തരവിന് വിരുദ്ധമായി വാങ്ങൽ നടത്തിയത് അംഗീകരിക്കാവുന്നതല്ല. ആയതിനാൽ മേൽ വാങ്ങൽ നടപടികൾക്ക് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതും 2, 3 ഖണ്ഡികകളിൽ സൂചിപ്പിച്ചിട്ടുള്ള തുകകൾ കരാറുകാരനിൽ നിന്നും ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതുമാണെന്നറിയിക്കുന്നു. സർക്കാർ സാധൂകരണം ലഭ്യമാകുന്നതിന് വിധേയമായി 385000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-54 തനതുഫണ്ട്-ബാങ്ക് അക്കൗണ്ടുകൾക്ക് പലിശ ലഭിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ബാങ്ക് നീക്കിയിരിപ്പ് പത്രിക പരിശോധിച്ചതിൽ (RP 40(b) Bank) തനത് ഫണ്ട് കൈകാര്യം ചെയ്യുന്ന കേരള ബാങ്ക്( EDCB) അക്കൗണ്ട് (അക്കൌണ്ട് നം. 0142810000005) 31.03.2021ൽ 386646/-രൂപ നീക്കിയിരിപ്പുണ്ട്. ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ പ്രസ്തുത അക്കൗണ്ടിൽ നിന്നും യാതൊരു തുകയും പലിശ ഇനത്തിൽ ലഭിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ, തനതു ഫണ്ടിലേക്കുള്ള ചെക്ക്, ഡി.ഡി എന്നിവ മാറുന്നതിനായുള്ള യൂണിയൻ ബാങ്ക് അക്കൌണ്ടിലും 31.03.2021ൽ 2212246/-രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ 2020-21 ആദ്യ അർദ്ധവർഷത്തിൽ (06.04.2020) മാത്രമാണ് പലിശ (7315/-രൂപ) ലഭിച്ചിട്ടുള്ളത്. രണ്ടാമത്തെ അർദ്ധവർഷം ബാങ്ക് പലിശ ലഭിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള പലിശ ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 63/21.03.2022) മറുപടി ലഭിച്ചില്ല. ആയതിനാൽ, തനതുഫണ്ട് ബാങ്ക് അക്കൌണ്ടുകൾ തുടങ്ങിയ തീയതി മുതൽ ആർബിഐ റെഗുലേഷൻസ് പ്രകാരം ലഭിക്കാനുള്ള പലിശ ലഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-55 മരാമത്ത് പ്രവൃത്തികളുടെ പ്രോജക്റ്റ് നടത്തിപ്പ്/ഫയൽ നടത്തിപ്പിലെ അപാകതകൾ

മുളന്തുരുത്തി ഗ്രാമ പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ടുകൾ തയ്യാറാക്കിയത് സംബന്ധിച്ച ഫയൽ പരിശോധനയിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു .

1)ഫയലുകളുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല.

എ.ഇ നടപ്പാക്കിയ പ്രോജക്ടുകളുടെ ഫയലിൽ വ്യക്തമായ വിശദാംശങ്ങൾ ഉൾപ്പെടുത്തിയല്ല പരിശോധനയ്ക്ക് ഹാജരാക്കിയത്. മരാമത്ത് പ്രവൃത്തികളിൽ ഫണ്ട് വിനിയോഗം വ്യക്തമായി രേഖപ്പെടുത്തുന്നില്ല. കൂടാതെ മരാമത്ത് പ്രവൃത്തികളുടെ ഫയലിൽ സൂക്ഷിക്കേണ്ടുന്ന വിവരങ്ങളായ പുതുക്കിയ പ്രോജക്റ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട്, ടെൻഡർ നടപടികൾ ടാബുലേഷൻ ഷീറ്റ്, പുതുക്കിയ എഗ്രിമെന്റ്, പ്രവർത്തന കലണ്ടർ, കോൺട്രാക്ടേഴ്സ് ബില്ലിന്റെ പൂർണ്ണരൂപം ബില്ലിൽ നിന്നുള്ള ഡിഡക്ഷൻസ്, പാർട്ട് ബില്ല് തയ്യാറാക്കുമ്പോൾ റീടെൻഷൻ തുകയുടെ ഈടാക്കലുകൾ, കരാറുകാർക്ക് നല്കുന്ന തുകയുടെ വിശദാംശങ്ങൾ (ബിൽ

നം/ചെക് നം തിയതി), വർക്ക് കംപ്ലീഷൻ റിപ്പോർട്ട്, മോണിട്ടറിംഗ് റിപ്പോർട്ട്, സൈറ്റിന്റെ വിവരം എന്നിവ ഫയലിൽ ഇല്ല.

I)കരാറുകളിൽ പൂർത്തികരണ തീയതി രേഖപ്പെടുത്തുന്നില്ല.

2)ഒരു പ്രവൃത്തിയ്ക്ക് ഒരേ കാലയളവിൽ പല പ്രോജക്റ്റുകൾ തയ്യറാക്കുന്നു.

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ഓരോ വർഷവും നടത്തുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ ലിസ്റ്റ് മുൻഗണനാക്രമത്തിൽ സാമ്പത്തിക വർഷാരംഭത്തിൽ തയ്യാറാക്കണം (മരാമത്ത് ചട്ടം 3(1). കെട്ടിട നിർമ്മാണ പ്രോജക്റ്റുകൾ തയ്യറാക്കുമ്പാൾ അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ പ്ളംബിംങ് എന്നീ ഘടകങ്ങൾ കൂടി ഉൾപ്പെടുത്തണം. ബഹുവർഷ പ്രോജക്റ്റുകളിൽ ഓരോ വർഷവും പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളും അതിന്റെ അടങ്കലും മൊത്തം അടങ്കലിനു പുറമേ വെവ്വേറെ രേഖപ്പെടുത്തണം.

എന്നാൽ മുളന്തുരുത്തി ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ ചുവടെ ചേർക്കുന്ന പ്രോജക്റ്റുകളിൽ ഒരു പ്രവൃത്തിയ്ക്ക് ഒരേ കാലയളവിൽ പല ഇനങ്ങൾക്കായി വിവിധ പ്രോജക്റ്റുകൾ തയ്യറാക്കിയിട്ടുണ്ട്. ഇത്തരം ഒരു നടപടികൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ചെലവിനങ്ങളിൽ ഇരട്ടിപ്പ് സംഭവിച്ചിട്ടില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് ഈ പ്രോജക്ടുകളുടെ വിശദമായ പരിശോധന നടത്തേണ്ടതാണ്.

1) മാർക്കറ്റ് നിർമ്മാണം

I)119/20-21

Ii)193/20-21

2)SC വനിതാ വിപണന കേന്ദ്രം

I)126/20-21

Ii)189/20-21

3) Bus Stand Shopping Complex

I)194/20-21

Ii)188/20-21

4)കാരിക്കോട് സ്കൂളിൽ സ്വിമ്മിംഗ് പൂൾ

I)100/20-21

Ii)133/20-21

5) സ്റ്റേഡിയം നിർമ്മാണം

I)101/20-21

Ii)197/20-21

3)മരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയതും ചെലവഴിച്ചതുമായ ഫണ്ടിനങ്ങൾക്ക് വ്യക്തതയില്ല.

ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയതും ചെലവഴിച്ചതുമായ ഫണ്ടിനങ്ങളുടെയും ഇനി ചെലവഴിക്കാൻ ബാക്കിയുള്ള തുകകളുടെയും ഫണ്ടിനങ്ങൾക്ക് വ്യക്തതയില്ല.

1) മാർക്കറ്റ് നിർമ്മാണം

I)119/20-21

Ii)193/20-21

2)SC വനിതാ വിപണന കേന്ദ്രം

I)126/20-21

Ii)189/20-21

3) ബസ്സ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ്

I)194/20-21

Ii)188/20-21

4)കാരിക്കോട് സ്കൂളിൽ സ്വിമ്മിംഗ് പൂൾ

I)100/20-21

Ii)133/20-21
Iii) 133/2021

5) സ്റ്റേഡിയം നിർമ്മാണം

I)101/20-21

Ii)197/20-21

6) അംഗൻവാടി നിർമ്മാണം

I)120/20-21

Ii)122/20-22

Iii)123/20-22

4)ബില്ലുകൾ തയ്യാറാക്കിയതിൽ അപാകത

കരാറുകാരന്റെ ബില്ലിൽ നിന്നും നിയമപ്രകാരമുള്ള എല്ലാ തിരിച്ചടവുകളും പൂർത്തിയാക്കിയിട്ടുണ്ട് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ കരാറുകാരന്റെ ബാങ്ക് അക്കൌണ്ടിലേയ്ക്കാണ് തുക അനുവദിക്കേണ്ടത്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ ഭൂരിഭാഗം മരാമത്ത് പ്രവൃത്തികളും തനത് ഫണ്ട്, ജില്ലാ/ Block പഞ്ചായത്ത് വിഹിതം ആയതിനാൽ ഇക്കാര്യത്തിൽ സുതാര്യതയില്ല.

5) Part Bill കളിൽ നിന്നും റീടെൻഷൻ തുക ഈടാക്കിയ വിവരം ഫയലിൽ ലഭ്യമല്ല.

മരാമത്ത് പ്രവൃത്തികൾ സുതാര്യമായി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതും ഫയലുകളിൽ വ്യക്തമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്.

1-56 ബസ്സ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം - അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ബസ്സ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എൻജിനിയർ |

| പ്രോജക്ടിന്റെ പേര് | പ്രോജക്ടിന്റെ നം/ വർഷം | അടങ്കൽ തുക / ഫണ്ട് | ചെലവ് തുക/ ബിൽ നം തിയതി/ചെക് നം തി. |
|---|---|---|---|
| ബസ്സ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | 1)194/ 20-21 | 1)4736168/- | 1)ചെക്ക് നം. 673803, തീ.02.02.21 തുക 40,84,946/- 2) ചെക്ക് നം.5481221 തീ.27.03.21 തുക 4,73,614/- 3) ചെക്ക് നം.673804 തീ. 10.02.21 തുക 1,77,608/- |
| ആകെ ചെലവ് (20-21 വർഷം) | | | 4736168/- |

മുളന്തുരുത്തി ഗ്രാമ പഞ്ചായത്തിൽ ബസ്സ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം നിർമ്മാണം നടത്തുന്നതിനായി 2015-16 വർഷം 2.47കോടി അടങ്കൽ തുകയ്ക്ക് പ്രവൃത്തി ആരംഭിച്ചു. ഷോപ്പിംഗ് കോംപ്ലക്സ് 5 നിലകളിലായി സർക്കാർ അനുമതിയോടെ KURDFC Loan എടുത്ത് നിർമ്മാണം നടത്തുന്നതിനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നത്. അതിൻ പ്രകാരം ശ്രീ.ജോളി ജോൺ Ag.01/AE/LSGD/MLTY/15-16 തീ. 20.08.2015 എന്ന കരാർ മുഖേന 2,38,60,637/-രൂപയ്ക്ക് DSR 2014 ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം പ്രവൃത്തി നടപ്പാക്കുവാൻ കരാർ നൽകി. 2,22,84,000/-രൂപ KURDFC Loan ലഭിച്ചു. നാളിതുവരെ 2,31,25,115/-ചെലവഴിച്ചിട്ടുണ്ട്. അതിൽ 2020-21 വർഷം 47,36,168/-രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ഈ പ്രവൃത്തിയ്ക്കായി ആർക്കിടെക്ച്ചർ/കൺസൽട്ടേഷൻ ഫീസ് നിശ്ചയിച്ചതിന്റെ സർക്കാർ ഉത്തരവും പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ചെലവഴിച്ച തുകയും ഈ പ്രവൃത്തി നിർവ്വഹണം ചെയ്തത് സംബന്ധിച്ചും ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ട്.

1) ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ച ബിൽ, ഫയൽ എന്നിവ പ്രകാരം ആകെ 2,31,25,115/- ചെലവഴിച്ച് പ്രവൃത്തി പൂർത്തീകരിച്ചു എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഈ കെട്ടിടത്തിന്റെ 1-ാം നില പണിയുന്നതിന് ബഹു. എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 1.2 കോടി ഉൾപ്പെടെ ആകെ 4.56 കോടി രൂപ ചെലവഴിച്ചു എന്ന് ഫയലിൽ കാണുന്നുണ്ട്. ബാക്കി തുക 1.04 കോടി രൂപ ഏതു ഫണ്ടിൽ നിന്നും ചെലവഴിച്ചു എന്നും ഈ പ്രവൃത്തിയുടെ ഫണ്ട് വിനിയോഗം സംബന്ധിച്ചും വ്യക്തമാക്കേണ്ടതാണ്. കൂടാതെ വിവിധ ഫണ്ടുകൾ വിവിധ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കിയിട്ടുള്ളതിനാൽ ചെലവഴിച്ച തുക ഇരട്ടിപ്പ് വന്നിട്ടില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

2) 20.08.2015 ൽ ആരംഭിച്ച പ്രവൃത്തിയുടെ പ്രവർത്തന കലണ്ടർ പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല. ഒരു വർഷക്കാലമായിരുന്ന പൂർത്തീകരണ കാലാവധി. 07.08.2020 ൽ പ്രവൃത്തി പൂർത്തീകരിച്ചതായി അസി. എഞ്ചിനീയർ കത്ത് നൽകിയിട്ടുണ്ട്. എം.ബുക്ക് -ൽ ഫൈനൽ ബിൽ തയ്യാറാക്കിയ തീയതി രേഖപ്പെടുത്തിയിട്ടില്ല. പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതിന് ഫൈൻ ഈടാക്കിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല.

3) ഈ പ്രവൃത്തിയ്ക്കായി ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് ഷെയർ/മറ്റ് ഫണ്ടുകൾ ലഭിച്ചതിന്റെയും ചെലവഴിച്ചതിന്റെയും വിശദാംശം ഫയലിൽ ഇല്ല.
4) ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സിന്റെ പ്രവർത്തി ഇപ്രകാരം ഒരു കരാറുകാരന് നൽകിയിരിക്കേ മറ്റൊരു ടെൻഡർ ക്ഷണിച്ച് ബസ് ടെർമിനൽ അനുബന്ധ പ്രവൃത്തികൾ എന്ന പേരിൽ പ്രോജക്ട് നം.115/20-21, ബസ് ടെർമിനൽ പ്രവൃത്തികൾ പൂർത്തീകരണം 196/20-21 എന്നിവ തയ്യാറാക്കിയിട്ടുണ്ട്. ഇത്തരം പ്രോജക്ട് തയ്യാറാക്കൽ മുൻ ടെൻഡർ നടപടിയ്ക്ക് വിരുദ്ധമാണ്. ചെലവുകൾ പുനഃപരിശോധിക്കേണ്ടതാണ്.
5) കരാറുകാർക്ക് നൽകിയ ബില്ലിൽ നിന്നും ഈടാക്കിയ തുകകൾ സർക്കാരിലേക്ക് അടവാക്കിയ വിവരം പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല.
6) കരാർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി അധികനിരക്കിൽ തുക ചെലവഴിച്ചു. 20.08.2015 ൽ ആരംഭിച്ച പ്രവർത്തിയ്ക്കായി 2014 ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം പ്രവർത്തി നടപ്പാക്കുന്നതിനാണ് കരാറുകാരൻ കരാർ വച്ചിട്ടുള്ളത്. എന്നാൽ 2020-21 വർഷം പ്രവർത്തി നടപ്പാക്കി തുക ചെലവഴിച്ചിട്ടുള്ളത് കരാർ വ്യവസ്ഥ ലംഘിച്ചാണ്. അധികം നൽകിയ തുക 8,28,780/- രൂപ നിരാകരിക്കുന്നു. (വിശദവിവരം ഖണ്ഡിക 3-5 ൽ ചേർത്തിട്ടുണ്ട്.)

7) ഈ പ്രവർത്തി 2019-20 വർഷം പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തിട്ടുള്ളതാണ്. പൂർത്തീകരിച്ച പ്രവർത്തിയ്ക്കായി 2020-21 വർഷം 47,36,168/-രൂപ ചെലവഴിച്ചിട്ടുള്ളതിനാലും വിവിധ ഫണ്ട് വിനിയോഗിച്ചതിൽ വ്യക്തതയില്ലാത്തതിനാലും ഖണ്ഡിക 3-5 ൽ നിരാകരിച്ച തുക കഴിച്ച് ബാക്കി തുക (4736168 – 8,28,780) 39,07,388/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ശരിയാംവിധമുള്ള രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. ഭരണസമിതിയുടെ/ നിർവ്വഹണാധികാരികളുടെ സജീവ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-57 A E നടപ്പാക്കിയ മരാമത്ത് പ്രവൃത്തികൾക്ക് ഒരേ സമയം NREGS ഫണ്ടും ചെലവഴിക്കുന്നു

മുളന്തുരുത്തി ഗ്രാമ പഞ്ചായത്തിലെ ചുവടെ ചേർക്കുന്ന മരാമത്ത് പ്രവർത്തികളിൽ ഒരേസമയം NREGS ഫണ്ടും ചെലവഴിക്കുന്നുണ്ട്. അംഗൻവാടി നിർമ്മാണം ഒഴികെ ഇക്കാര്യം ഭരണാനുമതിയിൽ വ്യക്തമാക്കി അംഗീകാരം ലഭ്യമാക്കിയിട്ടില്ല. ചില റോഡ് നിർമ്മാണ പ്രവൃത്തിയിലും NREGS ഫണ്ട് സമാന്തരമായി ചെലവഴിക്കുന്നുണ്ട്. ഒരു പ്രവൃത്തിയുടെ പല ഇനങ്ങൾക്കായി ഒരേ കാലയളവിൽ വിവിധ ഫണ്ടുകൾ ഉപയോഗിച്ച് നിർവ്വഹണം നടത്തുമ്പോൾ തുക ഇരട്ടിപ്പ് വന്നിട്ടില്ല എന്ന് ഉറപ്പാക്കേണ്ടതാണ്. ഇക്കാര്യത്തിൽ നിർവ്വഹണാധികാരികളുടെ സജീവ ശ്രദ്ധ ക്ഷണിക്കുന്നു .

| പ്രോജക്ടിന്റെ പേര് | പ്രോജക്ടിന്റെ നം/ വർഷം | അടങ്കൽ തുക / ഫണ്ട് | ചെലവ് തുക/ ബിൽ നം തിയതി/ചെക് നം തി. | NREGS ഫണ്ട് ചെലവ് |
|---|---|---|---|---|
| 1)കാരിക്കോട് സ്കൂളിൽ സ്വിമ്മിംഗ് പൂൾ | 1)100/20-21<br>2)133/20-21<br>3) 133/21 | 1)4736168/-<br>2) 20 ലക്ഷം<br>3) 20 ലക്ഷം | 1)2068116/-<br>2)940046/-<br>3)820337/- | 12,93,127 |
| 2) സ്റ്റേഡിയം നിർമ്മാണം | 1)101/20-21<br>2)197/20-21 | 1)9682518/-<br>2) 560409/- | 1) 9527106/-<br>2)560409/- | 1)1943202+<br>2)815382 |
| 3) അംഗൻവാടി നിർമ്മാണം | 1)120/20-21<br>2)122/20-22<br>3)123/20-22 | 1)990000/-<br>2)990000/-<br>3)990000/- | 1)464711/-<br>2)25058/-<br>3)453504/- | 1)474165<br>2)482065<br>3)462212 |
| 4) ഗവ.സ്കൂളിൽ ശുചിമുറി നിർമ്മാണം | 1)175/20-21 | 15 ലക്ഷം | 1005387/- | 436559/- |

## 1-58 SC വനിതാ വിപണന കേന്ദ്രം -മറ്റ് വിപണനം നടത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | SC വനിതാ വിപണന കേന്ദ്രം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എൻജിനിയർ |

| പ്രോജക്ടിന്റെ | പ്രോജക്ടിന്റെ | അടങ്കൽ തുക / | ചെലവ് തുക/ ബിൽ നം തിയതി/ചെക് |
|---|---|---|---|

| പേര് | നം/ വർഷം | ഫണ്ട് | നം തീ. |
|---|---|---|---|
| SC വനിതാ വിപണന കേന്ദ്രം | 1)126/20-21 | 1) 45,47,080- SCP | 1)26,41,674/-<br>(1)ബിൽ നം.201106520129002753/ 20.04.20 തുക 253830/-<br>(2)ബിൽ നം.20110652012900399142/ 06.08.20 തുക 1945429/-<br>(3) ബിൽ നം.20110652012900973312/ 21.01.21 തുക 57024/-<br>(4) ബിൽ നം.20110652012900970544/ 21.01.21 തുക 87570/-<br>(5) ചെക്ക് നം.172287/30.03.21 തുക 206801/-<br>(6)20110652012901124974/23.02.21 തുക 91020/- |
| SC വനിതാ വിപണന കേന്ദ്രം | 2)189/20-21 | 2)15,06,885/- SCP | 2)15,06,885/-<br>(1) 20110652012400645657/21.10.20 തുക 840000/-<br>(2) 2011652012900958812/18.01.21 തുക 58088/-<br>(3) 2011652012900958815/18.01.21 തുക 608797/- |

മുളന്തുരുത്തി ഗ്രാമപഞ്ചായത്തിൽ പുതിയ മാർക്കറ്റ് സമുച്ചയത്തിൽ സമാന്തരമായുള്ള രണ്ട് കെട്ടിട ഭാഗങ്ങളാണ് SC വനിതാ വിപണന കേന്ദ്രവും MRF കെട്ടിടവും. ഓരോ കെട്ടിടങ്ങളുടെയും ഇടയിൽ ആറ് മീറ്ററോളം പാസ്സേജും ഉണ്ട്. ഈ പാസ്സേജിന്റെ നിർമ്മാണവും അതിൽ ഉൾപ്പെടുന്ന റൂമിന്റെ നിർമ്മാണവും SC വനിതാ വിപണന കേന്ദ്രത്തോടനുബന്ധിച്ച് SCP ഫണ്ട് ഉപയോഗിച്ചാണ് നടത്തിയിട്ടുള്ളത്. ഇതിലാണ് നിലവിൽ മറ്റൊരു വിപണനം നടന്നുവരുന്നത്. ഈ നടപടി പുനപരിശോധിക്കേണ്ടതാണ്. മാത്രമല്ല SC വനിതാ വിപണന കേന്ദ്രം എന്ന പ്രവൃത്തിയ്ക്ക് 2 പ്രോജക്റ്റുകളിലായി ഒരേസമയം തുക ചെലവഴിച്ചിട്ടുണ്ട്. ഇത്തരമൊരു നടപടിയ്ക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ഈ പ്രോജക്റ്റുകളിൽ ചെയ്ത ഇനം പ്രവൃത്തികൾക്ക് തുക ഇരട്ടിപ്പ് വന്നിട്ടില്ല. ചെയ്ത ഇനം പ്രവത്തികളുടെ നിരക്ക് പ്രകാരം കണക്കാക്കി ഉറപ്പുവരുത്തേണ്ടതുമാണ്.

SC വനിതാ വിപണന കേന്ദ്രം നിർമ്മാണം 126/20-21 എന്ന പ്രോജക്റ്റ് മുൻവർഷം 217/20 എന്ന എകവർഷ പ്രോജക്റ്റ് ആയാണ് അംഗീകാരം നേടിയത്. 26,41,674/- ചെലവ് ചെയ്ത് പ്രവൃത്തി പൂർത്തികരിച്ചതായാണ് ഫയലിൽ നിന്നും വ്യക്തമാവുന്നത്. എന്നാൽ ഈ പ്രവൃത്തി പൂർത്തികരിച്ചതായി റിപ്പോർട്ട് ചെയ്തിട്ടില്ല. പൂർത്തികരിക്കാൻ കാലതാമസം നേരിട്ട കാലത്തിന് ഫൈൻ ഈടാക്കിയതായി ഫയലിൽ ഇല്ല.

ഒരു പ്രവൃത്തിയ്ക്കായി ഒരു പ്രോജക്റ്റ് മുഖേന ചെലവുകൾ ചെയ്യേണ്ടതും ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-59 സ്റ്റേഡിയം നിർമ്മാണം

| | |
|---|---|
| പ്രോജക്ടിന്റെ പേര് | സ്റ്റേഡിയം നിർമ്മാണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എൻജിനിയർ |

| പ്രോജക്ടിന്റെ പേര് | പ്രോജക്ടിന്റെ നം/ വർഷം | അടങ്കൽ തുക / ഫണ്ട് | ചെലവ് തുക/ ബിൽ നം തിയതി/ചെക് നം തി. |
|---|---|---|---|
| സ്റ്റേഡിയം നിർമ്മാണം | 1)101/ 20-21 | 1) 96,82,518/- രൂപ. തനത് ഫണ്ട് | 1)95,27,106/-<br><br>(1)ബിൽ നം.103/25.07.20 തുക 3120954/-<br>(2)ബിൽ നം.211/30.10.20 തുക 1406095/-<br>(3) ബിൽ നം.221/11.11.20 തുക 5 ലക്ഷം<br>(4) ബിൽ നം.177/22.09.20 തുക 9 ലക്ഷം<br>(5) ബിൽ നം.303/18.01.20 തുക 1 ലക്ഷം<br>(6) ബിൽ നം.210/30.10.20 തുക 472951/-<br>(7) ബിൽ നം.372/12.03.21 തുക 3 ലക്ഷം |

| | | | |
|---|---|---|---|
| | | | (8)ബിൽ നം.175/18.09.20 തുക 963499/-<br>(9) ബിൽ നം.209/30.10.20 തുക 15 ലക്ഷം<br>(10) ബിൽ നം.240/23.12.20 തുക 263607/-<br>-----------------<br>ആകെ – 95,27,106/- |
| നിർദ്ദിഷ്ട സ്റ്റേഡിയം ലെവലിംഗ് | 1)197/ 20-21 | 1)5,60,409/- | 1)560409/-<br><br>(1) 63/11.04.2020 തുക 295101/-<br>(2) ബിൽ നം.329 തീ.26.02.21 തുക 40000/-<br>(3)ചെക്ക് നം.100946 തീ.28.09.20 തുക 225308/- |
| സ്റ്റേഡിയം നിർമ്മാണം | | 1)19,43,202/-<br>2)8,15,382/- (MNREGS ഫണ്ട്) | 1)19,43,202/-<br>2)8,15,382/- (MNREGS ഫണ്ട് ബിൽ തയ്യാറാക്കിയെങ്കിലും അൺസ്കിൽഡിനു മാത്രം തുക അനുവദിച്ചു.) |

ഗ്രാമപഞ്ചായത്തിൽ സ്റ്റേഡിയം നിർമ്മാണം നടത്തുന്നതിനായി 2020-21 വർഷം 95.5ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പ്രവൃത്തി നിർവ്വഹണം ചെയ്തത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന വിശദാംശങ്ങൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല

1) സ്റ്റേഡിയം നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് 2 പ്രോജക്ടുകളിലായി രണ്ട് കരാറുകാർക്ക് ഒരേസമയം തുക ചെലവഴിച്ചിട്ടുണ്ട്. കൂടാതെ NREGS ഫണ്ടും വിനിയോഗിച്ചിട്ടുണ്ട്. ഇതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ഈ പ്രോജക്ടുകളിൽ ചെയ്ത വിവിധ ഇനം പ്രവർത്തികൾക്ക് തുക ഇരട്ടിപ്പ് വന്നിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2) ഈ പ്രവൃത്തിയ്ക്കായി ജില്ലാ/ബ്ലോക്ക് ഷെയർ ലഭിച്ചതിന്റെയും ചെലവഴിച്ചതിന്റെയും വിശദാംശം ഹാജരാക്കിയില്ല.

സ്റ്റേഡിയം നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് 2 പ്രോജക്ടുകളിലായി ഒരേസമയം തുക ചെലവഴിച്ചിട്ടുള്ളതിനാലും NREGS ഫണ്ടും വിനിയോഗിച്ചതിനാലും വിവിധ ഇനം പ്രവൃത്തികൾക്ക് തുക ഇരട്ടിപ്പ് വന്നിട്ടില്ല എന്ന് ഉറപ്പു വരുത്തുന്നതിന് സാധിച്ചിട്ടില്ല. ആയതിനാൽ നിർദ്ദിഷ്ട സ്റ്റേഡിയം ലെവലിംഗ് പ്രോജക്റ്റിനായി ചെലവഴിച്ച തുക 5,60,409/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-60 പുതിയ മാർക്കറ്റ് കെട്ടിട നിർമ്മാണം

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പുതിയ മാർക്കറ്റ് കെട്ടിട നിർമ്മാണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എൻജിനിയർ |

| പ്രോജക്ടിന്റെ പേര് | പ്രോജക്ടിന്റെ നം/ വർഷം | അടങ്കൽ തുക / ഫണ്ട് | ചെലവ് തുക/ ബിൽ നം തിയതി/ചെക് നം തി. |
|---|---|---|---|
| പുതിയ മാർക്കറ്റ് കെട്ടിട നിർമ്മാണം | 1)119/20-21 | 87,00,000/- | 1)30,98,570/-<br>(ചെലവു രേഖപ്രകാരം)<br><br>(1)ചെക്ക് നം.104419 തീ.05.03.21 തുക 20 ലക്ഷം<br>(2)20110652012901461780/ 27.03.21 – 5 ലക്ഷം<br>(3)ബിൽ നം.339/25.02.21 തുക 408570/-<br>(4)ബിൽ നം.13/11.04.20 തുക 190000/- |
| പുതിയ മാർക്കറ്റ് കെട്ടിട പൂർത്തികരം | 2)193/20-21 | 19,07,710/- | 18,13,885/-<br>(ചെലവു രേഖപ്രകാരം)<br><br>(1) ചെക്ക് നം.2117945 തീ.25.06.20 തുക 1125620/-<br>(2) ചെക്ക് നം.0431022 തീ.25.06.20 തുക 541795/- |

| | | | |
|---|---|---|---|
| | | | (3) ചെക്ക് നം.177287 തീ. 31.03.21 തുക 27331/-<br>(4) ചെക്ക് നം.0431023 തീ. 25.06.20 തുക 115915/-<br>(5) ചെക്ക് നം.682240040 തീ.31.03.21 തുക 3224/- |

മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് 2019-20 വർഷം ദ്വിവർഷ പ്രോജക്ടായി അംഗീകാരം നേടിയ പുതിയ മാർക്കറ്റ് കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് 87 ലക്ഷം രൂപയാണ് അടങ്കൽ നിശ്ചയിച്ചത്. ബിൽ പ്രകാരം 86,48,708/-രൂപ ചെലവഴിച്ച് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തിക്കായി ആകെ ചെലവഴിച്ച തുകയുടെ വിശദാംശം, പ്രവൃത്തി പൂർത്തീകരണ റിപ്പോർട്ട്, പ്രവർത്തന കലണ്ടർ, ടെൻഡർ നടപടിപ്രകാരം കരാറുകാരെ സെലക്ട് ചെയ്ത വിശദാംശം, പുതുക്കിയ എസ്റ്റിമേറ്റ് അനുസരിച്ചുള്ള കംപാരറ്റീവ് സ്റ്റേറ്റ്മെന്റ്, തുക ചെലവഴിച്ചതിന്റെ രേഖകൾ എന്നിവ ഫയലിൽ ഇല്ല. കൂടാതെ ഇതേ പ്രോജക്ടിനായി വീണ്ടും 19,07,710/-രൂപ അടങ്കൽ നിശ്ചയിച്ച് 193/20-21 നം. പ്രോജക്ട് പ്രകാരം പ്രവൃത്തി നടപ്പാക്കി തുക ചെലവഴിച്ചതിനുള്ള സാഹചര്യം വ്യക്തമല്ല.

ഈ പ്രവൃത്തിയ്ക്കായി ചെലവഴിച്ച ഫണ്ടുകളുടെ വിനിയോഗത്തിലും അവ്യക്തതയുണ്ട്. 20-21 ലെ ചെലവുരേഖ പ്രകാരം ഈ പ്രവൃത്തിയ്ക്കായി 2 പ്രോജക്ടുകൾ മുഖേന ആകെ ചെലവഴിച്ചിട്ടുള്ള തുക 49,12,455/-രൂപയാണ്. ഇതിൽ തനത് ഫണ്ട് ആകെ 31,56,175/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ജില്ലാപഞ്ചായത്തിൽ നിന്നും തുക ലഭിക്കുന്നതിനായി നൽകിയ കത്തിൽ തനത് ഫണ്ട് 35,04,405/-രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം തുക ചെലവ് ചെയ്തതിൽ 348,230/-രൂപ തനത് ഫണ്ട് വിനിയോഗം ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. അതായത് ജില്ലാ/ബ്ലോക്ക് ഷെയർ ലഭിച്ചതിന്റെയും, വിനിയോഗിച്ചതിന്റെയും വിശദാംശവും തനത് ഫണ്ട് വിനിയോഗം ചെയ്തതിലും അവ്യക്തതയുണ്ട്. ശരിയായ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

എന്നാൽ ഒരേ റൂഫിനുള്ളിൽ പണിത ഒരു ബിൽഡിംഗിന്റെ ഭാഗങ്ങളാണ് പുതിയ മാർക്കറ്റ് കെട്ടിടം, എസ്.സി.വനിതാവിപണന കേന്ദ്രം, MRI കെട്ടിടം എന്നിവ. 2020-21 വർഷം മാത്രം 5 പ്രോജക്ടുകൾ തയ്യാറാക്കി (ഒരേ കരാറുകാരൻ) 1.65 കോടി രൂപയോളം (16538734/-) രൂപ ചെലവഴിച്ചിട്ടുണ്ട്. ഒന്നോ രണ്ടോ പ്രോജക്ടുകളിൽ പദ്ധതി നടപ്പാക്കിയിരുന്നുവെങ്കിൽ ഇത്രയും തുക ചെലവഴിക്കേണ്ടി വരുമായിരുന്നോ എന്നും ചെലവഴിച്ച തുക ഇരട്ടിപ്പ് വന്നിട്ടുണ്ടോ എന്ന് സാങ്കേതികമായി പ്രവൃത്തിയുടെ ഇനം തിരിച്ചുള്ള നിരക്കനുസരിച്ച് കണക്കാക്കി പഠനം നടത്തേണ്ടതും അധികം നിരക്ക് നൽകിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്.

കൂടാതെ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ പ്രധാന നിർവ്വഹണ പ്രവൃത്തികൾ എല്ലാം തന്നെ ഒരേ കരാറുകാരന് കരാർ നൽകുന്ന സാഹചര്യമായതിനാൽ ടെൻഡർ നടപടികളിലും തെരഞ്ഞെടുപ്പിലും സുതാര്യത ഉറപ്പാക്കാവുന്നതാണ്.

1-61 കാരിക്കോട് സ്കൂളിൽ സ്വിമ്മിംഗ് പൂൾ നിർമ്മാണം

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കാരിക്കോട് സ്കൂളിൽ സ്വിമ്മിംഗ് പൂൾ നിർമ്മാണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എൻജിനിയർ |

| പ്രോജക്ടിന്റെ പേര് | പ്രോജക്ടിന്റെ നം/ വർഷം | അടങ്കൽ തുക / ഫണ്ട് | ചെലവ് തുക/ ബിൽ നം തിയതി/ചെക് നം തി. |
|---|---|---|---|
| കാരിക്കോട് സ്കൂളിൽ സ്വിമ്മിംഗ് പൂൾ നിർമ്മാണം | 1)100/ 20-21 | 1) 71,17,303/- രൂപ. തനത് ഫണ്ട് + മെയിന്റനൻസ് ഫണ്ട് റോഡിതരം | 1)20,68,113/-<br><br>(1) ചെക്ക് നം. 100566/06.06.20 തുക 4 ലക്ഷം<br>(2) ചെക്ക് നം.365720/06.06.20 തുക 383065/-<br>(3) തുക 1226434/-<br>(4) ചെക്ക് നം.58617/19.12.20 തുക 58614/- |
| കാരിക്കോട് | 1)133/ 20-21 | 1)20ലക്ഷം /- | 1)9,40,046/- |

| | | | |
|---|---|---|---|
| സ്കൂളിൽ സ്വിമ്മിംഗ് പൂൾ നിർമ്മാണം | | | (1) ചെക്ക് നം.103342/11.11.20 തുക 183782/-<br>(2) ചെക്ക് നം.100948/30.09.20 തുക 709259/-<br>(3)ചെക്ക് നം.5481208/19.12.20 തുക 47005/- |
| കാരിക്കോട് സ്കൂളിൽ സ്വിമ്മിംഗ് പൂൾ നിർമ്മാണം | 1)133/ 21 | 20ലക്ഷം | 1) 8,20,338/-<br><br>(1)ചെക്ക് നം.16/30.03.21 തുക 489480/-<br>(2)211065201290146 1784/ 30.03.21 തുക 228874/-<br>(3)211065201290146 1805/ 30.03.21 തുക 101984/- |
| കാരിക്കോട് സ്കൂളിൽ സ്വിമ്മിംഗ് പൂൾ നിർമ്മാണം | | 1)12,93,127/- (MNREGS ഫണ്ട്) | 1)12,93,127/- (MNREGS ഫണ്ട് ) |

മുളന്തുരുത്തി ഗ്രാമ പഞ്ചായത്ത് പരിധിയിൽ കാരിക്കോട് സ്കൂളിൽ സ്വിമ്മിംഗ് പൂൾ നിർമ്മാണം നടത്തുന്നതിനായി 2020-21 വർഷം മാത്രം 38ലക്ഷം രൂപയിലധികം ചെലവഴിച്ചിട്ടുണ്ട്. കൂടാതെ NREGS ഫണ്ടും ചെലവഴിച്ചിട്ടുണ്ട്. ഈ പ്രവൃത്തി നിർവ്വഹണം ചെയ്തത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ട് .

1) കാരിക്കോട് സ്കൂളിൽ സ്വിമ്മിംഗ് പൂൾ നിർമ്മാണം എന്ന പ്രവൃത്തി 3 പ്രോജക്റ്റുകളിലായി രണ്ട് കരാറുകാർക്ക് ഒരേ സമയം തുക നൽകിയിട്ടുണ്ട്. കൂടാതെ NREGS ഫണ്ടും വിനിയോഗിച്ചിട്ടുണ്ട്. ഇതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഈ പ്രോജക്റ്റുകളിൽ ചെയ്ത വിവിധ ഇനം പ്രവർത്തികൾക്ക് തുക ഇരട്ടിപ്പ് വന്നിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2) ഈ പ്രവൃത്തിയ്ക്കായി ജില്ലാ/ ബ്ലോക്ക് ഷെയർ ലഭിച്ചതിന്റെയും ചെലവഴിച്ചതിന്റെയും വിശദാംശം ഹാജരാക്കിയിട്ടില്ല.

3) ഈ പ്രവൃത്തിയ്ക്കായി സർക്കാര്ഫണ്ട്/MLA ഫണ്ട്/CSR/സ്പോർട്ട്സ് വകുപ്പിൽ നിന്നും ഫണ്ട് ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശം ഹാജരാക്കിയിട്ടില്ല.

4)കരാറുകാർക്ക് നല്കിയ ബില്ലിൽ നിന്നും ഈടാക്കിയ തുകകൾ സർക്കാരിലേയ്ക്ക് അടവാക്കിയ വിവരം പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല.

5) പ്രവൃത്തി പൂർത്തീകരണ റപ്പോർട്ട് ഫയലിൽ ഇല്ല്

കാരിക്കോട് സ്കൂളിൽ സ്വിമ്മിംഗ് പൂൾ നിർമ്മാണം എന്ന പ്രവർത്തിയ്ക്ക് 3 പ്രോജക്റ്റുകളിലായി ഒരേസമയം തുക ചെലവഴിച്ചിട്ടുള്ളതിനാലും NREGS ഫണ്ടും വിനിയോഗിച്ചതിനാലും വിവിധ ഇനം പ്രവർത്തികൾക്ക് തുക ഇരട്ടിപ്പ് വന്നിട്ടില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

## 1-62 അലിവ് പദ്ധതി - ചെലവ് രേഖകൾ ഹാജരാക്കിയില്ല

വൃക്കരോഗികൾക്ക് സൗജന്യനിരക്കിൽ ഡയാലിസിസ് ചെയ്തു നൽകുന്നതിന് പിഎസ് മിഷൻ ഹോസ്പിറ്റലുമായി സഹകരിച്ച് നടപ്പാക്കുന്ന അലിവ് പദ്ധതിയുടെ നടത്തിപ്പിനായി വൗച്ചർ നം. 22001174/27.11.2020 പ്രകാരം 200000/- രൂപ ചെലവാക്കിയിട്ടുണ്ട്. എന്നാൽ, തുക ചെലവാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ, മുളന്തുരുത്തി സി.എച്ച്.സി മെഡിക്കൽ ഓഫീസർ നടപ്പാക്കിയ ഈ പദ്ധതി സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല. ചെലവ് രേഖകൾ ഹാരാക്കുന്നതിനും, പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്ന വിവരം അറിയിക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 63/21.03.2022) മറുപടി ലഭിച്ചില്ല. ആയതിനാൽ, അലിവ് പദ്ധതിക്കായി 2020-21 വർഷം ചെലവ് തുക 200000/-രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 1-63 മെറ്റീരിയൽ സപ്ലൈ ചെയ്തതിന് കരാറുകാരിൽ നിന്നും ജി.എസ്.ടി. റ്റി.ഡി.എസ്. ഈടാക്കിയില്ല

ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കിയ മെറ്റീരിയൽ വർക്കുകൾക്ക് ടെണ്ടർ ക്ഷണിച്ച് സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. കരാർ പ്രകാരം സാധനങ്ങൾ സപ്ലൈ ചെയ്തതിന് തുക അനുവദിച്ചപ്പോൾ നിയമാനുസൃതം സ്രോതസ്സിൽ നിന്നും ഈടാക്കേണ്ട ജി.എസ്.ടി ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തി/എം ബുക്ക് /വാർഡ് | കരാറുകാരൻ | തുകയും അനുവദിച്ച തീയതിയും FTOനമ്പറും | ഈടാക്കേണ്ട ജി.എസ്.ടി (2%) |
|---|---|---|---|---|
| 1 | മഹാത്മാറോഡ് കട്ട വിരിക്കൽ 63/2020-21 വാർഡ്.2 | ശ്രീ. മനോ് കെ എസ്, കുന്നേൽ, സൌത്ത് പറവൂർ | 435726/- FTOno.342762 07.10.2020 | 8715 |
| 2 | കളിക്കളം കട്ടവിരിക്കൽ 112/2020-21 | ശ്രീ. മനോ് കെ എസ്, കുന്നേൽ, സൌത്ത് പറവൂർ | 439937/- No.ലഭ്യമാക്കിയില്ല | 8799 |
| ആകെ | | | | 17514 |

മേൽപ്പറഞ്ഞ തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.73/23.03.2022) മറുപടി ലഭിച്ചില്ല ആയതിനാൽ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ജി.എസ്.ടി ഈടാക്കി സർക്കാരിലേക്ക് അടക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-64 ഹെൽപ്പ് ഡസ്ക്ക് ജീവനക്കാരിയ്ക്ക് വേതനം നൽകിയതിലെ അപാകത

ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള ഹെൽപ്പ് ഡെസ്ക്ക് (സി.ഡി.എസ്) ജീവനക്കാരിയ്ക്ക് 2020-21 സാമ്പത്തിക വർഷം പ്രതിമാസം 6000/-രൂപ നിരക്കിൽ വേതനം നൽകിയിട്ടുണ്ട്. കുടുംബശ്രീ ഹെൽപ്പ് ഡസ്ക്കിന്റെ ഭാഗമായി പ്രവർത്തിക്കുന്ന സന്നദ്ധ പ്രവർത്തകർക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പദ്ധതി പ്രവർത്തനങ്ങളെ സഹായിക്കുന്നവർക്ക് യാത്രാ ചെലവ് ഉൾപ്പെടെ പ്രതിദിനം 75/-രൂപ വരെ അനുവദിയ്ക്കാമെന്നും,ആയത് പ്രതിമാസം പരമാവധി 750/-രൂപയിൽ അധികരിക്കരുതെന്നും സ.ഉ(സാധാ)992/2009/ത.സ്വ.ഭ.വ,തീയതി 25.04.2009 ലെ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ആയതിന് വിരുദ്ധമായി പ്രതിമാസം 6000/-രൂപ നിരക്കിൽ വേതനം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുള്ള എൻക്വയറിയ്ക്ക് (നം-16/18.03.2022 ) മറുപടി നൽകിയില്ല. ചെലവിനെ സാധൂകരിക്കുന്ന സർക്കാർ ഉത്തരവ് നിലവിൽ ഇല്ലാത്തതിനാൽ ഈ ജീവനക്കാരിയ്ക്ക് വേതനമിനത്തിൽ ചെലവഴിച്ച 72000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-65 കൃഷി ഭവൻ ഓഫീസ് വയറിംഗ്-GST ഈടാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് | കൃഷിഭവൻ വയറിംഗ്, 191/21 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | 300000/-(തനത് ഫണ്ട്) |
| കരാറുകാരൻ | സജിമോൻ കെ വി, കെ&കെ അസോസിയേറ്റ്സ്, പിറവം |
| ചെലവ് വിവരം (ബിൽ നം,ചെക്ക് നം./തീയതി) | 288454/- (366278/26.09.20) |

ഗ്രാമപഞ്ചായത്തിലെ കൃഷി ഭവൻ ഓഫീസ് കെട്ടിടം വയറിംഗ് ചെയ്യുന്നതിനായി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. ടെണ്ടർ ചെയ്തത് പ്രകാരം കുറഞ്ഞ തുക ക്വാട്ട് ചെയ്ത സജിമോൻ കെ വി, കെ&കെ അസോസിയേറ്റ്സ്, പിറവം എന്ന കരാറുകാരനാണ് പ്രവൃത്തി നിർവ്വഹിച്ചത്. കരാർ പ്രകാരം പ്രവൃത്തി ചെയ്തതിന് തുക അനുവദിച്ചപ്പോൾ 2.5 ലക്ഷം രൂപക്ക് മുകളിലുള്ള ബില്ലുകളിൽ നിന്ന് നിയമാനുസൃതം സ്രോതസ്സിൽ നിന്ന് ഈടാക്കേണ്ട GST ഈടാക്കിയിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ആകെ പ്രവൃത്തി മൂല്യം | ഈടാക്കേണ്ട GST (2%) | തുക അനുവദിച്ച തീയതി |
|---|---|---|
| 288454 | 5770 | 26.09.2020 |

| | | |
|---|---|---|
| ആകെ | 5770 | |

മേൽ തുക ഈടാക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കുവാനാവശ്യപ്പെട്ടതിന് (എൻക്വയറി.നം-8/17.03.2022) മറുപടി ലഭ്യമാക്കിയില്ല. കരാറുകാരനിൽ നിന്നോ,ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ 5770/-രൂപ ഈടാക്കി ജി.എസ്.ടി വകുപ്പിൽ അടവാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

1-66 ഫർണീച്ചർ വാങ്ങൽ- അധിക തുക നൽകി

| | |
|---|---|
| പ്രോജക്ട് | ആരക്കുന്നം പട്ടികജാതി ഹാളിന് ഫർണീച്ചർ വാങ്ങൽ,141/21 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | 175000(വികസന ഫണ്ട്-എസ്.സി.പി) |
| ചെലവ് വിവരം(ബിൽ നം,ചെക്ക് നം./തീയതി) | 175000/-(34/20-21,08.02.2021) |

ഗ്രാമപഞ്ചായത്തിലെ ആരക്കുന്നം പട്ടികജാതി ഹാളിന് ഫർണീച്ചർ(മേശ,കസേര) വാങ്ങുന്നതിനായി ആവിഷ്കരിച്ചതാണ് ഈ പ്രോജക്ട്. അതനുസരിച്ച് ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ടത്തിച്ചിറയിൽ ട്രേഡ് ലിങ്ക്സ്, തലയാഴം, വൈക്കം എന്ന സ്ഥാപനം ക്വാട്ട് ചെയ്ത നിരക്കുകൾ പഞ്ചായത്ത് കമ്മിറ്റിയുടെ 04.06.2020 ലെ 2(4) തീരുമാന പ്രകാരം അംഗീകരിക്കുകയാണ് ചെയ്തത്. എന്നാൽ ലഭിച്ച 3 ടെണ്ടറുകൾ വിശദമായി പരിശോധിക്കാതിരുന്നത് കാരണം കുറവ് തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിന്റെ നിരക്ക് പരിഗണിക്കുവാൻ നിർവ്വഹണോദ്യോഗസ്ഥന് സാധിച്ചില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം,വാങ്ങിയ എണ്ണം | കണ്ടത്തിച്ചിറയിൽ ട്രേഡ് ലിങ്ക്സ്, തലയാഴം, വൈക്കം ക്വാട്ട് ചെയ്ത തുക, നൽകിയ തുക | കുറവ് തുക ക്വാട്ട് ചെയ്ത സ്കൈബ്ലൂ ഇന്റർനാഷണൽ, തമ്മനം ക്വാട്ട് ചെയ്ത തുക | അധികം /കുറവ് നൽകേണ്ട തുക |
|---|---|---|---|
| മേശ,20 | 6000x20=120000 | 3390x20=67800 | 52200(അധികം) |
| കസേര,40 | 500x20=10000<br>450x20=9000 | 505x40=20200 | 1200(കുറവ്) |

വാങ്ങൽ നടപടികളിലെ അപാകത വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.03/16.03.2022)നൽകിയതിന് മറുപടി ലഭിച്ചില്ല. ആയതിനാൽ 52200/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

1-67 തെരുവ് വിളക്ക് പരിപാലനം-അധിക തുക നൽകി

| | |
|---|---|
| പ്രോജക്ട് | തെരുവ് വിളക്ക് പരിപാലനം,04/21 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | 498820(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് വിവരം(ബിൽ നം,ചെക്ക് നം./തീയതി) | 1) 262816/-(25 /20-21,11.11.2020)<br>2) 236004/-(42 /20-21,29.03.2021) |

ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്ക് പരിപാലനത്തിനായി ആവിഷ്കരിച്ചതാണ് ഈ പ്രോജക്ട്. അതനുസരിച്ച് ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ, എൽ ഇ ഡി ലൈറ്റുകൾ മെയിന്റനൻസ് നടത്തി സ്ഥാപിക്കുന്നതിന് കുറവ് തുക ക്വാട്ട് ചെയ്ത അനിൽകുമാർ കെ.എൻ,കൊല്ലംതടത്തിൽ, കുലയറ്റിക്കര, എറണാകുളം എന്ന കരാറുകാരന്റെ ടെണ്ടർ പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു. എന്നാൽ കരാറുകാരൻ ക്വാട്ട് ചെയ്ത തുക പരിഗണിക്കാതെ അധിക തുകയാണ് ഗ്രാമപഞ്ചായത്ത് നൽകിയിട്ടുള്ളത്. ഇക്കാരണത്താൽ 7250/- രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. വിശദവിവരങ്ങൾ ഖണ്ഡിക 3-4ൽ ചേർത്തിട്ടുണ്ട്.

## 1-68 മാർക്കറ്റിന് പാനൽ ബോർഡ് സ്ഥാപിക്കൽ-അധിക തുക നൽകി

ഗ്രാമപഞ്ചായത്തിലെ പൊതു മാർക്കറ്റിൽ പാനൽ ബോർഡ് സ്ഥാപിക്കുന്നതിന് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി 169/21ാംനമ്പർ പ്രോജക്ട് നടപ്പാക്കിയിരുന്നു. അതനുസരിച്ച് ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ കുറവ് തുക ക്വാട്ട് ചെയ്ത സജിമോൻ കെ വി,കെ&കെ അസോസിയേറ്റ്സ്,പിറവം എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിക്കുകയാണ് ചെയ്തത്. ഈ പ്രവൃത്തിയിലെ ഒരിനം ചെയ്തതിൽ കണക്കുകൂട്ടിയതിലെ അപാകത കാരണം 3618/- രൂപ കരാറുകാരന് അധികം നൽകുവാൻ ഇടയായിട്ടുണ്ട്. വിശദ വിവരം 3-2 ൽ ചേർത്തിട്ടുണ്ട്.

## 1-69 കാവുംമുകൾ എസ് സി കമ്മ്യൂണിറ്റി ഹാൾ,അങ്കണവാടി- സാന്ത്വന ഭവനം-ഫർണീച്ചർ,ടി.വി അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ-അധിക തുക നൽകി

| | |
|---|---|
| പ്രോജക്ട് | കാവുംമുകൾ എസ് സി കമ്മ്യൂണിറ്റി ഹാൾ, അങ്കണവാടി - സാന്ത്വന ഭവനം എന്നിവയ്ക്ക് ഫർണീച്ചർ, ടി.വി. അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ, 208/21 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | 500000/-(തനത് ഫണ്ട്) |
| ചെലവ് വിവരം(ബിൽ നം,ചെക്ക് നം./തീയതി) | 166400/-(5481223/31.03.2021) |

ഗ്രാമപഞ്ചായത്തിലെ കാവുംമുകൾ എസ് സി കമ്മ്യൂണിറ്റി ഹാൾ,അങ്കണവാടി- സാന്ത്വന ഭവനം എന്നിവയ്ക്ക് ഫർണീച്ചർ, ടി.വി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. അതനുസരിച്ച് ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ജെ ജെ ട്രേഡേഴ്സ്, പടിഞ്ഞാറേക്കര, വൈക്കം, കീർത്തി മാർക്കറ്റിംഗ്, കൊറ്റമം, കാലടി എന്നീ രണ്ട് സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിക്കുകയുണ്ടായി. ആയതിൽ ജെ ജെ ട്രേഡേഴ്സ്, പടിഞ്ഞാറേക്കര, വൈക്കം എന്ന സ്ഥാപനത്തിൽ നിന്നും ഫർണീച്ചർ മാത്രം വാങ്ങുകയാണ് ചെയ്തത്. എന്നാൽ താരതമ്യ പരിശോധന നടത്താതെ ടെണ്ടർ നടപടികൾ അംഗീകരിച്ചതിനാൽ കരാറുകാരന് അധികം തുക നൽകാനിടയായി. വിശദ വിവരം താഴെ ചേർക്കുന്നു.

| ഇനം, വാങ്ങിയ എണ്ണം | ജെ ജെ ട്രേഡേഴ്സ്, പടിഞ്ഞാറേക്കര, വൈക്കം ക്വാട്ട് ചെയ്ത നിരക്ക് | നൽകിയ തുക | കീർത്തി മാർക്കറ്റിംഗ്, കൊറ്റമം, കാലടി ക്വാട്ട് ചെയ്ത നിരക്ക് | നൽകേണ്ടിയിരുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| പ്ലാസ്റ്റിക്ക് ചെയർ-150 | 450 | 450x150= 67500 | 447 | 447x150= 67050 | 67500-67050= 450 |
| ഡൈനിംഗ് ടേബിൾ-15 | 5850 | 5850x15= 87750 | 3740 | 3740x15= 56100 | 87750-56100= 31650 |
| ഓഫീസ് ചെയർ-1 | 3850 | 3850x1= 3850 | 1840 | 1840x1= 1840 | 3850-1840= 2010 |
| ആകെ അധികം നൽകിയ തുക | | | | | 34110 |

ഇപ്രകാരം തുക അധികമായി നൽകിയതിന്റെ കാരണം വിശദീകരിക്കുവാനാവശ്യപ്പെട്ടതിന് (എൻക്വയറി.നം-14/18.03.2022) മറുപടി നൽകിയില്ല. വാങ്ങൽ നടപടികളിലെ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതുവരെ ചെലവുതുകയായ 34110/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-70 ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണം

1981-82മുതൽ 2019-20 വർഷം വരെയുള്ള കാലയളവിലായി ആകെ 23 ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാൻ അവശേഷിക്കുന്നുണ്ട്(ഖണ്ഡിക-4-11കാണുക). 2015-16 മുതൽ 2019-20 വരെയുള്ള അവസാന അഞ്ച് വർഷങ്ങളിലെ തീർപ്പാക്കാനവശേഷിക്കുന്ന പ്രധാന പരാമർശങ്ങൾ താഴെ ചേർക്കുന്നു.
1)വാട്ടർ റീച്ച് ഡിസ്ട്രിക്ട് പദ്ധതിയ്ക്കായി ജില്ല പഞ്ചായത്തിലേക്ക് നൽകിയ 2,35,95,400/-രൂപ യുടെ വിനിയോഗസർട്ടിഫിക്കറ്റ് നാളിതുവരെയും ലഭിച്ചിട്ടില്ല (2015-16 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക.3-4)

2)മഴക്കാലപൂർവ്വശുചീകരണത്തിനായി തനത്ഫണ്ടിൽ നിന്നും അനുവദിച്ച 160000/- രൂപയിൽ

65000/- രൂപ ഇനിയും ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നു (2016-17 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക.3-8)

3)ബി.എസ്.എൻ.എൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. (2017-18 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക. 2-3)

4)സോളാർ മെയിന്റനൻസ് -കരാറേറ്റെടുത്ത അമ്മിണി സോളാർ പ്രൈവറ്റ് ലിമിറ്റഡിൽ നിന്നും 50000/- രൂപ ഈടാക്കുവാൻ നിർദ്ദേശിച്ചിരുന്നുവെങ്കിലും ഇതുവരെ ഈടാക്കിയിട്ടില്ല (2018-19 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക1-16).

5)തൊഴിൽ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട പരാമർശങ്ങൾ തീർപ്പാക്കിയിട്ടില്ല. (2019-20 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക1-11)

അവസാന അഞ്ച് വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ തീർപ്പാകാതെ അവശേഷിക്കുന്ന പ്രധാന പരാമർശങ്ങൾ മാത്രമാണ് മുകളിൽ ചേർത്തിട്ടുള്ളത്. മേൽ ഓഡിറ്റ് റിപ്പോർട്ടുകളിലെ മുഴുവൻ പരാമർശങ്ങളും തീർപ്പാക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 റോഡ് കട്ടിംഗിന് വോഡാഫോൺ ഐഡിയ ലിമിറ്റഡിൽ നിന്നും റസ്റ്റോറേഷൻ ചാർജസ് ഈടാക്കിയതിൽ കുറവ്

മുളന്തുരുത്തി ഗ്രാമപഞ്ചായത്തിലെ കണ്ടനാട്, മൂലേക്കരിശ് പ്രദേശങ്ങളിൽ 2000 (1650+350) മീറ്റർ നീളത്തിൽ പഞ്ചായത്ത് റോഡ് കട്ട് ചെയ്ത് ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിന് 25.07.2019ലെ ICL/PFY 19-20ROW/EKM/PNVT/01, 05.08.2019ലെ ICL/PFY 19-20ROW/EKM/PNVT/03 നമ്പർ കത്തുകൾ പ്രകാരം വോഡാഫോൺ ഐഡിയ ലിമിറ്റഡ് ജനറൽ മാനേജർ അപേക്ഷ നൽകിയിരുന്നു. എൽഎസ്ജിഡി സെക്ഷൻ അസി. എഞ്ചിനീയർ തയ്യാറാക്കിയ 4034452/- രൂപയുടെ റസ്റ്റോറേഷൻ ചാർജസിന്റെ എസ്റ്റിമേറ്റ് 10.01.2020ലെ 04.03.06-ാം നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ 27.07.2020ലെ എ5/122/2020 നമ്പർ പ്രകാരം റോഡ് കട്ടിംഗിന് അനുമതി നൽകുകയും ചെയ്തിട്ടുള്ളതാണ്. 27.07.2020ലെ 120010400001 നമ്പർ രസീത് പ്രകാരം 4034452/- രൂപ റസ്റ്റേറേഷൻ ഫീസും വോഡാഫോൺ ഐഡിയ ലിമിറ്റഡ് ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടച്ചിട്ടുണ്ട്.

വോഡാഫോൺ ഐഡിയ ലിമിറ്റഡിന് റോഡ് കട്ട് ചെയ്ത് ഒഎഫ്സി കേബിൾ ഇടുന്നതിന് അനുമതി നൽകിയതിലെ താഴെ കൊടുക്കുന്ന അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1, റസ്റ്റോറേഷൻ ചാർജസ് ഈടാക്കിയതിൽ കുറവ് : 30.03.2019ലെ സിഇ/ആർ&ബി/ജിഎൽ-ആർസി /2/2019 നമ്പർ സർക്കുലർ പ്രകാരം റോഡ് റസ്റ്റോറേഷൻ പ്രവർത്തികളുടെ വീതി യഥാർഥത്തിലുള്ള റോഡ് കട്ടിംഗ് വീതിയുടെ 1.5 മടങ്ങായിരിക്കണം എന്നും, ബിടി സർഫസ് റോഡുകളുടെ കാര്യത്തില് റെസ്റ്റോറേഷൻ പ്രവർത്തികൾ കുറഞ്ഞത് ഒരു മീറ്റർ വീതിയിൽ ചെയ്യേണ്ടതാണെന്നും നിർദേശിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ മേൽ സൂചിപ്പിച്ച സർക്കുലറിലെ നിർദേശങ്ങൾ പാലിച്ചിട്ടുണ്ടെങ്കിലും റസ്റ്റേഷൻ ചാർജ് കണക്കാക്കിയതിൽ അപാകത ഉണ്ട്. ഈടാക്കേണ്ടിയിരുന്ന റസ്റ്റോറേഷൻ ഫീസിന്റെ വിവരം താഴെ കൊടുക്കുന്നു.

| റോഡിന്റെ തരം | നീളം (മീറ്റർ) | റോഡ് കട്ടിംഗ് വീതി (മീറ്റർ) | റസ്റ്റോറേഷൻ വീതി (മീറ്റർ) | വിസ്തൃതി (ച.മീ. | നിരക്ക് (രൂപ/ച.മീ) | റോഡ് കട്ടിംഗ് ചാർജസ് |
|---|---|---|---|---|---|---|
| HDD Portion 20mm Open Graded Chipping Carpet Surface (22 Pits) | 22 | 0.30 | 1 | 22 | 3090.57 | 67992.54 |
| 20mm Open Graded Chipping | 500 | 0.30 | 1 | 500 | 3090.57 | 1545285.00 |

| | | | | | | |
|---|---|---|---|---|---|---|
| Carpet Surface | | | | | | |
| BM&BC Road | 600 | 0.30 | 1 | 600 | 4069.51 | 2441706.00 |
| 80mm Thick Interlocking Tiled Road | 80 | 0.30 | 0.45 | 36 | 3722.14 | 133997.04 |
| ആകെ | | | | | | 4188980.58 |

മേൽ സൂചിപ്പിച്ച പ്രകാരം റസ്റ്റോറേഷൻ ചാർജസ് ഈടാക്കിയതിൽ 154529/- (4188981-4034452) രൂപയുടെ കുറവ് വന്നിട്ടുണ്ട്.

2, ചീഫ് എഞ്ചിനീയറുടെ (പിഡബ്ല്യുഡി റോഡ്സ്) 30.03.2019ലെ സിഇ/ആർ&ബി/ജിഎൽ-ആർസി /2/2019 നം. സർക്കുലർ പ്രകാരം റോഡ് കട്ടിംഗ് നിരക്ക് ജി.എസ്.ടി കൂടി ഉൾപ്പെട്ടതാണ്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 03.07.2019ലെ ജി.ഒ (ആർടി) 1366/2019/എൽഎസ്ജിഡി നം. ഉത്തരവ് പ്രകാരം റോഡ് റസ്റ്റോറേഷൻ ചാർജസിന്റെ ജിഎസ്ടി 12% ആണ്. എന്നാൽ റസ്റ്റോറേഷൻ ചാർജായി ഈടാകിയ തുകയിൽ നിന്നും പഞ്ചായത്ത് ജി.എസ്.ടി അടവാക്കിയതിന്റെ രേഖകൾ ലഭ്യമായില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

3. ഇലക്ട്രോണിക്സ് & ഐ റ്റി (ബി) വകുപ്പിന്റെ 11-10-2018 ലെ ജി ഒ(എം എസ്) 25/2018 (ITD), തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22-05-2018 ലെ ഡിസി.2/531/2017/തസ്വഭവ സർക്കുലർ എന്നിവ പ്രകാരം ടെലികോം കമ്പനികൾക്ക് സംസ്ഥാനത്തെ റോഡുകളിലൂടെ OFC കേബിളുകൾ ഇടുന്നതിന് RoW (Right Of Way) പെർമിഷന് വേണ്ടി 75000/കി.മീ നിരക്കിൽ ഒറ്റ തവണ ഫീസ് സർക്കാരിലേക്ക് അടവാക്കണം. എന്നാൽ അപേക്ഷകൻ പ്രസ്തുത ഫീസ് അടവാക്കിയതിന്റെ രേഖകൾ ലഭ്യമായിട്ടില്ല.
മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 9/17.03.2022) മറുപടി ലഭിച്ചില്ല. ആയതിനാൽ റസ്റ്റോറേഷൻ ഫീസ് ഈടാക്കിയതിൽ കുറവ് വന്ന 154529/- രൂപ വോഡാഫോൺ ഐഡിയ ലിമിറ്റഡ് ടെക്നോളജിയിൽ നിന്നോ, എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്. സർക്കാരിലേക്ക് അടവാക്കേണ്ട RoW (Right Of Way) പെർമിഷൻ ഫീസും റോഡ് കട്ട് ചെയ്ത ദൂരത്തിന് ആനുപാതികമായി ഈടാക്കി അടക്കുന്നതിനുള്ള നടപടിയും സ്വീകരിക്കേണ്ടതാണ്. കൂടാതെ, റസ്റ്റോറേഷൻ ഫീസിനോടൊപ്പം ഈടാക്കിയിട്ടുള്ള ജി.എസ്.ടി. കണക്കാക്കി സർക്കാരിലേക്ക് അടവാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കാർഷിക കർമ്മസേനയ്ക്ക് യന്ത്രങ്ങൾ വാങ്ങൽ-അധിക തുക നൽകി

| | |
|---|---|
| പ്രോജക്ട് നം,പ്രോജക്ടിന്റെ പേര് | 160/21, കാർഷിക കർമ്മസേനയ്ക്ക് യന്ത്രങ്ങൾ വാങ്ങൽ |
| അടങ്കൽ. ഫണ്ട് | 100000 , വികസന ഫണ്ട് |
| ബിൽ നം ,തീയതി, തുക | 1/20, 11.04.2020 |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ, മുളന്തുരുത്തി |

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി 2019-20 സാമ്പത്തിക വർഷത്തിൽ കാർഷിക കർമ്മസേനയ്ക്ക് യന്ത്രങ്ങൾ വാങ്ങൽ എന്ന പേരിൽ പദ്ധതി നടപ്പിലാക്കിയിരുന്നു. പദ്ധതി പൂർത്തിയാക്കാൻ കഴിയാതിരുന്നതിനാൽ സ്പിൽ ഓവർ പ്രോജക്ടായിട്ടാണ് മേൽ പ്രകാരം പദ്ധതി പൂർത്തികരിച്ചത്. എന്നാൽ പദ്ധതി നടപ്പിലാക്കിയതിൽ താഴെച്ചേർത്തിട്ടുള്ള അപാകതകൾ കാണുന്നു. പരിശോധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.
1) RAIDCO, PIRAVOM BRANCH ൽ നിന്ന് 09.12.2019 ൽ Invoice No. PVM/545/2019-20 പ്രകാരം RE 120 STIHL HIGH PRESSURE SPRAYER ഒരെണ്ണം 22217.30 രൂപയും, FS 120 STIHL 1.8 HP PETROL DRIVE BRUSH CUTTER ഒരെണ്ണത്തിന് 25967.29 രൂപ വീതം 3 എണ്ണത്തിന് 77901.87 രൂപയും വാങ്ങിയിട്ടുണ്ട്.ആയതിനായി മേൽ ബിൽ പ്രകാരം വികസന ഫണ്ടിൽ നിന്ന് 100000 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 14.02.2018 ലെ സർക്കാർ ഉത്തരവ് (കൈ) നം 22/2018 ലെ കൃഷി 6-1 (8) ഖണ്ഡിക പ്രകാരം മേൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി 90%

നിരക്കിൽ സബ്സിഡി നല്കാവുന്നതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. 10% ഗുണഭോക്തൃസമിതിയാണ് വഹിക്കേണ്ടിയിരുന്നത്. എന്നാൽ നിർവ്വഹണോദ്യോഗസ്ഥ 100% സബ്സിഡി നിരക്കിൽ അനുവദിച്ചതിനാൽ 10000രൂപ നഷ്ടം വന്നിട്ടുണ്ട്.

2) ഉപകരണങ്ങൾ നല്കിയതിനും പരിപാലനവും സംബന്ധിച്ച കരാർ ഫയലിൽ നിന്നും ലഭ്യമല്ല.

3) ഉപകരണങ്ങൾ കാർഷിക കർമ്മസേനയ്ക്ക് നല്കിയതിന്റേയും, അവ കൈപ്പറ്റിയതിന്റേയും. ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റേയും വിവരം ഫയലിൽ നിന്നും ലഭ്യമല്ല.

മേൽ പരാമർങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് 17.03.2022 ൽ 11ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. കാർഷികയന്ത്രം വാങ്ങിയ ഇനത്തിൽ ഗുണഭോക്തൃവിഹിതത്തിൽ ഈടാക്കേണ്ടിയിരുന്ന 10000/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ആയതിനാൽ പ്രസ്തുത തുക ബന്ധപ്പെട്ട ഗുണഭോക്തൃസമിതിയിൽ നിന്നോ നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നോ ഈടാക്കി പ്ലാൻ ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്. കൂടാതെ പരാമർശത്തിൽ ഹാജരാക്കുവാൻ ആവശ്യപ്പെട്ട രേഖകളും ഹാജരാക്കേണ്ടതാണ്.

## 3-2 മാർക്കറ്റിന് പാനൽ ബോർഡ് സ്ഥാപിക്കൽ-അധിക തുക നൽകൽ

| | |
|---|---|
| പ്രോജക്ട് | മാർക്കറ്റിന് പാനൽ ബോർഡ് സ്ഥാപിക്കൽ, 169/21 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | 250000/-(വികസന ഫണ്ട്) |
| കരാറുകാരൻ | സജിമോൻ കെ വി,<br>കെ&കെ അസോസിയേറ്റ്സ്,<br>പിറവം |
| അളവ് പുസ്തകം | 02/20-21 |
| ചെലവ് വിവരം(ബിൽ നം,ചെക്ക് നം./തീയതി) | 247765/-(03/20-21,20.04.2020) |

ഗ്രാമപഞ്ചായത്തിലെ പൊതു മാർക്കറ്റിൽ പാനൽ ബോർഡ് സ്ഥാപിക്കുന്നതിനായി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. അതനുസരിച്ച് ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ കുറവ് തുക ക്വാട്ട് ചെയ്ത സജിമോൻ കെ വി, കെ&കെ അസോസിയേറ്റ്സ്, പിറവം എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിക്കുകയാണ് ചെയ്തത്. ഈ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ഹാജരാക്കേണ്ടതാണ്. ഈ പ്രവൃത്തിയിലെ ഒരിനം ചെയ്തതിൽ കണക്കുകൂട്ടിയതിലെ അപാകത കാരണം അധിക തുക കരാറുകാരന് നൽകുവാൻ ഇടയായിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| ഇനം | ചെയ്ത അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|
| Supply And Providing 2mm Thick Elastometric Fire Retardent Insulating Mat As Per IS 15652/2006 To Withstand 3.3 KV Dielectric Strength | 2 Nos | 1809x2=7236 | 1809x2=3618 | 3618 |

തുക അധികമായി നൽകിയതിന് വിശദീകരണമാവശ്യപ്പെട്ടതിന് (എൻക്വയറി.നം- 12/17.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുകയായ 3618/-രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-3 ലാപ് ടോപ്പ് വാങ്ങൽ- അധിക തുക നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ | 43/21 |

| | |
|---|---|
| പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് |
| നിർവഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ, ഫണ്ടിനം | 385000/- (എസ്.സി.പി) |
| ചെലവ് | 385000/- |
| ബിൽ നമ്പർ, തീയതി | 325/20-21, 18.2.21 |

മേൽ പ്രോജക്ടിൽ പെടുത്തി പട്ടികജാതി വിഭാഗത്തിൽപെട്ട 14 വിദ്യാർത്ഥികൾക്ക് ഗാർനറ്റ് കമ്പ്യൂട്ടേഴ്സ്, കാഞ്ഞിരമറ്റം എന്ന സ്ഥാപനത്തിൽ നിന്ന് 27450/- രൂപ വിലയുള്ള ലാപ് ടോപ്പ് ടെണ്ടർ മുഖേന വാങ്ങി നൽകിയിട്ടുണ്ട്. ലാപ്ടോപ്പ് ഒന്നിന് നികുതിയുൾപ്പെടെ 27450/- രൂപയാണ് കരാറുകാരൻ ക്വോട്ട് ചെയ്തത് (ക്വട്ടേഷൻ തീയതി-21.07.2020). ആയത് പ്രകാരം 14 ലാപ്ടോപ്പുകൾക്ക് 384300/- രൂപയാണ് വില വരുന്നത്. എന്നാൽ ഗാർനറ്റ് കമ്പ്യൂട്ടേഴ്സിന്റെ ടാക്സ് ഇൻവോയ്സ് (നം-GNK/688/20-21, 15.02.21) പ്രകാരം നികുതിയുൾപ്പെടെയുള്ള ആകെ ബിൽ തുക 385014/- രൂപയാണ്. ആയത് 385000/- രൂപയായി നിജപ്പെടുത്തി കരാറുകാരന് നൽകിയതായി കാണുന്നു (ജി.എസ്.ടി കിഴിച്ച് നൽകിയത്- 378474/-രൂ).ഇത്തരത്തിൽ അധികമായി 700/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. മേൽ തുക അടവാക്കുന്നതിലേയ്ക്ക് കരാറുകരന് അറിയിപ്പ് നൽകിയിട്ടുണ്ടെന്നാണ് വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിയ്ക്ക് (നം-18/18.03.2022) മറുപടിയായി അറിയിച്ചത്. തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിലൊടുക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

## 3-4 തെരുവ് വിളക്ക് പരിപാലനം-അധിക തുക നൽകി

| | |
|---|---|
| പ്രോജക്ട് | തെരുവ് വിളക്ക് പരിപാലനം,04/21 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | 498820(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് വിവരം(ബിൽ നം, ചെക്ക് നം./തീയതി) | 1) 262816/-(25/20-21,11.11.2020)<br>2) 236004/-(42/20-21,29.03.2021) |

ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്ക് പരിപാലനത്തിനായി ആവിഷ്കരിച്ചതാണ് ഈ പ്രോജക്ട്. അതനുസരിച്ച് ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ, എൽ ഇ ഡി ലൈറ്റുകൾ മെയിന്റനൻസ് നടത്തി സ്ഥാപിക്കുന്നതിന് കുറവ് തുക ക്വാട്ട് ചെയ്ത അനിൽകുമാർ കെ.എൻ, കൊല്ലംതടത്തിൽ, കുലയറ്റിക്കര, എറണാകുളം എന്ന കരാറുകാരന്റെ ടെണ്ടർ പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു. എന്നാൽ കരാറുകാരൻ ക്വാട്ട് ചെയ്ത തുക പരിഗണിക്കാതെ അധിക തുകയാണ് ഗ്രാമപഞ്ചായത്ത് നൽകിയിട്ടുള്ളത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നന്നാക്കിയ എൽ ഇ ഡി ലൈറ്റുകളുടെ എണ്ണം | കരാറുകാരന് നൽകിയ തുക | കരാറുകാരൻ ക്വാട്ട് ചെയ്ത തുക | നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|
| 725 | 688x725=498800 | 678 | 678x725=491550 | 7250 |

തുക അധികമായി നൽകിയത് വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.02/16.03.2022) മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. അധികമായി നൽകിയ 7250/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 കരാർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി അധികനിരക്കിൽ തുക ചെലവഴിച്ചു , തുക 8,28,780/-രൂപ നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ബസ്സ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എൻജിനിയർ |

| പ്രോജക്ടിന്റെ പേര് | പ്രോജക്ടിന്റെ നം/ വർഷം | അടങ്കൽ തുക / ഫണ്ട് | ചെലവ് തുക/ ബിൽ നം തിയതി/ചെക് നം തി. |
|---|---|---|---|
| ബസ്സ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | 1)194/ 20-21 | 1)4736168/- | 1)ചെക്ക് നം 673803 തീ.2.2.21 തുക 40,84,946/- 2)ചെക്ക് നം 5481221 തീ.27.3.21 തുക 4,73,614/- 3)ചെക്ക് നം 673804 തീ.10.2.21 തുക 1,77,608/- |
| ആകെ ചെലവ് (20-21 വർഷം) | | | 47,36,168/- |

മുളന്തുരുത്തി ഗ്രാമ പഞ്ചായത്തിൽ ബസ്സ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം നിർമ്മാണം നടത്തുന്നതിനായി 2015-16 വർഷം 2.47കോടി അടങ്കൽ തുകയ്ക്ക് ആരംഭിച്ച പ്രവൃത്തിയാണ് ഇത്. നാളിതുവരെ 2,31,25,115/-ചെലവഴിച്ചിട്ടുണ്ട്. 2020-21 വർഷം 47,36,168/- രൂപ ചെലവഴിച്ചിട്ടുണ്ട്. കരാർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി അധികനിരക്കിൽ തുക ചെലവഴിച്ചാണ് ഈ പ്രവൃത്തി നിർവ്വഹണം ചെയ്തത്. 20.8.2015 ൽ ആരംഭിച്ച പ്രവൃത്തിക്കായി 2014 ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം പ്രവർത്തി നടപ്പാക്കുന്നതിനാണ് കരാറുകാരൻ കരാർ വച്ചിട്ടുള്ളത്. എന്നാൽ 2020-21 വർഷം പ്രവൃത്തി നടപ്പാക്കി തുക ചെലവഴിച്ചിട്ടുള്ളത് കരാർ വ്യവസ്ഥ ലംഘിച്ചാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

IV Th& Final Part Bill

| ഇ നം | പ്രവൃത്തി | അനുവദിച്ച നിരക്ക് | അനുവദിക്കാവുന്ന നിരക്ക് | നല്കിയ തുക | 2014 പ്രകാരം അനുവദനീയമായ തുക | അധികം നല്കിയ തുക |
|---|---|---|---|---|---|---|
| 52 | 18.8 Providing And Fixing Chlorinated Polyvinyl Chloride (CPVC) Pipes, Having Thermal Stability For Hot & Cold Water Supply, Including All CPVC Plain & Brass Threaded Fittings I/c Fixing The Pipe With Clamps At 1.00 M Spacing. This Includes Jointing Of Pipes & Fittings, With One Step CPVC Solvent Cement And The Cost Of Cutting Chases And Making Good The Same Including Testing Of Joints Complete As Per Direction Of Engineer-in-Charge.Concealed Work, Including Cutting Chases And Making Good The Wall Etc. | | | | | |
| | 25mm Outer Dia (91m നീളം) | 488.48/m | 351.30/m | 44451.68 | 31968.3 | 12,483.38 |
| | 32mm Outer Dia(36mനീളം) | 587/m | 422.40 | 20850.57 | 15206.4 | 5,644.17 |
| | 40mm Outer Dia(50mനീളം) | 567.18 | 350.50 | 28245.56 | 17525/- | 10,720.56 |

| | | | | | | |
|---|---|---|---|---|---|---|
| | 50mm Outer Dia(140mmനീളം) | 808.64 | 524.10 | 107953.44 | 73374 | 34,579.44 |
| | Extra Items(8.2) | | | | | |
| E1 | 16.86 Providing And Laying Gang Saw Cut 18 Mm Thick, Mirror Polished Pre Moulded And Pre Polished Machine Cut Granite Stone Of Required Size And Shape Of Approved Shade, Colour And Texture In Footpath, Flooring In Road Side Plazas And Similar Locations, Laid Over 20mm Thick Base Of Cement Mortar 1:4 (1cement : 4 Coarse Sand) Including Grouting The Joints With White Cement Mixed With Matching Pigment, Epoxy Touch Ups Etc. Complete As Per Direction Of Engineer-in-Charge. (346.999 Sqm) | 5433.24 | 3148.55 | 18,57,896.42 | 10,92,543.70 | 7,65,352.72 |
| | ആകെ അധികം നല്കിയ തുക | | | | | 8,28,780.27 |

ഈ ബില്ലിലെ ബാക്കിയുള്ള ഇനം പ്രവർത്തികൾ നടപ്പാക്കിയിട്ടുള്ളത് ഷെഡ്യൂൾ ഓഫ് റേറ്റിൽ നിന്നും വ്യതിചലിച്ചിട്ടുള്ള അളവുകളായതിനാൽ അവയ്ക്ക തയ്യാറാക്കിയ നിരക്ക് ഹാജരാക്കേണ്ടതും അധിക തുക അനുവദിച്ചെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്. മേൽ സൂചിപ്പിച്ച ഇനം പ്രവർത്തികൾക്കായി അധികം ചെലവഴിച്ച തുക 8,28,780/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി ഉത്തരവാദിയായ ഉദ്യോഗസ്ഥർ പഞ്ചായത്തു ഫണ്ടിൽ അടവാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 4,60,000 | ലൈഫ് ഭവന പദ്ധതി | 0 | 4,60,000 |
| | 2018-19 | 4,40,000 | ലൈഫ് ഭവന പദ്ധതി (എസ്.സി.) | 0 | 4,40,000 |
| | | 4,49,300 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 0 | 4,49,300 |
| | * | 7,077 | * | 0 | 7,077 |
| | 2020-21 | 5,00,000 | അങ്കണവാടികൾക്ക് സ്ഥലം വാങ്ങൽ | 5,00,000 | 0 |

| | | | | | |
|---|---|---|---|---|---|
| | | 5,00,000 | CFLTC ഭൌതികസൌകര്യം വർദ്ധിപ്പിക്കൽ | 5,00,000 | 0 |
| | | 2,00,000 | CFLTC അടിസ്ഥാനസൌകര്യം ഏർപ്പെടുത്തൽ | 2,00,000 | 0 |
| | | 7,18,600 | ലൈഫ്ജനറൽ ഭൂമി വാങ്ങൽ | 7,18,600 | 0 |
| | | 5,53,200 | ലൈഫ് എസ്.സി ഭൂമി വാങ്ങൽ | 5,53,200 | 0 |
| | | 16,000 | പാലിന് സബ്സിഡി | 16,000 | 0 |
| | | 2,00,000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 2,00,000 | 0 |
| | | 10,00,000 | സ്റ്റേഡിയം നിർമാണം | 10,00,000 | 0 |
| | | 5,00,000 | മാർക്കറ്റ് പൂർത്തീകരണം | 5,00,000 | 0 |
| | ആകെ | 55,37,100 | | 41,87,800 | 13,49,300 |
| ജില്ലാ പഞ്ചായത്ത് | 2018-19 | **6,57,710 | മാർക്കറ്റ് പൂർത്തീകരണം | 6,57,710 | 0 |
| | 2020-21 | 2,00,000 | ലൈഫ്ജനറൽ ഭൂമി വാങ്ങൽ | 2,00,000 | 0 |
| | | 5,000 | പാലിന് സബ്സിഡി | 5,000 | 0 |
| | | 5,42,427 | നെൽക്കൃഷി വികസനം | 5,42,427 | 0 |
| | | 9,00,000 | നെൽക്കൃഷി വികസനം | 9,00,000 | 0 |
| | | 7,75,370 | നെൽക്കൃഷി വികസനം | 7,75,370 | 0 |
| | | 1,41,600 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 1,41,600 | 0 |
| | | 3,50,000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 3,50,000 | 0 |
| | | 50,00,000 | മാർക്കറ്റ് കെട്ടിടനിർമാണം | 50,00,000 | 0 |
| | ആകെ | 85,72,107 | | 85,72,107 | 0 |

മുൻ വർഷങ്ങളിൽ ബ്ലോക്ക്/ജില്ല പഞ്ചായത്ത് വിഹിതമായി ലഭിച്ച തുകയിൽ ബാക്കി നിൽക്കുന്ന തുകയും ഉൾപ്പെടെയാണ് ബാലൻസ് ഷീറ്റിൽ 31.03.2021 ൽ ചെലവഴിക്കാൻ ബാക്കിനിൽക്കുന്ന തുകയായി രേഖപ്പെടുത്തിയിരിക്കുന്നത്.

1)ബ്ലോക്ക് പഞ്ചായത്ത് –*മുന്നിരുപ്പായി കാണിച്ചിട്ടുള്ള 7077/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമല്ല.
2)ജില്ലാ പഞ്ചായത്ത്- **മുൻ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന 35,165/- രൂപയുടെ വ്യത്യാസം മുന്നിരുപ്പ് തുകയിൽ നിലനിൽക്കുന്നു. ആയത് പരിഹരിച്ചിട്ടില്ല. ആയതിനാൽ തൻവർഷത്തെ നീക്കിയിരുപ്പിൽ മേൽ വ്യത്യാസം പ്രതിഫലിക്കുന്നുണ്ട്.

## 4-3 ഡെപ്പോസിറ്റ് വർക്കുകളുടെ വിവരം

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി തുക നൽകിയിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ആകെ 69,02,554/- രൂപയുടെ വരവുണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ | ഉത്തരവ് | വായ്പ തുക | വർഷാരം | തൻവർഷം | വർഷാവ |
|---|---|---|---|---|---|

| പേര്/ ഉദ്ദേശ്യം | നമ്പർ/ തീയതി | | ഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടാ യിരുന്ന തുക | തിരിച്ചടച്ച തുക | | സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് | സ.ഉ (സാധാ.) 2759/15/ ത.സ്വ.ഭ.വ., 10.09.2015 | 22284000 | 10000995 (+4262554)* | 2516535 | 0 | 11747014 |
| ലൈഫ് ഭവന വായ്പ HUDCO | സ.ഉ (സാധാ.) 124/18/ ത.സ്വ.ഭ.വ., 11.09.2018 | 3813600 | 3401835. (+2640000)* | 497568** | 0 | 5544267 |

*തൻവർഷത്തെവരവ്
** ജി.ഒ പ്രോജക്ട് ചെലവ്

വായ്പാരജിസ്റ്റർ പ്രകാരമുള്ള തുകകൾ ആണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.
ഇതിന് പുറമേ രൂപ ബസ്സ്റ്റാന്റ് മാർക്കറ്റ് വായ്പാതിരിച്ചടവ്(2/21) എന്ന പ്രോജക്ടിൽപെടുത്തി 27,41,102/- രൂപ കെ.യു.ആർ.ഡി.എഫ്.സി ലോണിൽ നിന്നും വോട്ടിംഗ് മെഷീൻ വിഹിതം എന്ന പ്രോജക്ടിൽപെടുത്തി രൂപ ഹഡ്കോ ലോണിൽ നിന്നും ഉത്ഭവത്തിൽ കുറവ് ചെയ്തിട്ടുണ്ട്. ആയത് വായ്പാരജിസ്റ്ററിൽ പ്രസ്തുത ചെലവിൽ പെടുത്തി കുറവ് ചെയ്തിട്ടില്ല.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവ് വന്ന 2500/- രൂപയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര്/ ഉദ്യോഗപ്പേര് | രസീത് നമ്പർ/ തീയതി |
|---|---|---|---|---|---|
| 1 | 2016-17 | 2-3 | 2500 | അസിസ്റ്റന്റ് എൻജിനീയർ, കെ.എസ്.ഇ.ബി | 12010010500094/ 15.10.2020 |
| | ആകെ | | 2500 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | 3-7 (1) | 2014-15 | 4.1.5 | വ്യവസായ കേന്ദ്രങ്ങൾ കെട്ടിടനിർമ്മാണത്തിൽ മാത്രം ഒതുങ്ങുന്നു. | ന്യൂനതപരിഹാരപ്പത്രിക സമർപ്പിച്ചിട്ടുണ്ട്. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 125100334.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 123254860.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 154529.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 850348.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 60,92,967.00 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 154529 | - | രാജേഷ്.ടി.വർഗീസ് സെക്രട്ടറി |
| 3-1 | - | 10000 | ഷീബ.എം.എ കൃഷി ഓഫീസർ |
| 3-2 | | 3618 | രാജേഷ്.ടി.വർഗീസ് സെക്രട്ടറി |
| 3-3 | | 700 | നിഷ.കെ.എൽ അസിസ്റ്റന്റ് സെക്രട്ടറി |
| 3-4 | | 7250 | രാജേഷ്.ടി.വർഗീസ് സെക്രട്ടറി |
| 3-5 | - | 828780 | ദിവ്യ ഭ്രപേഷ് അസിസ്റ്റന്റ് എൻജിനീയർ |
| ആകെ | 154529 | 850348 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-35 | 39300 | ഷാജി പി എസ് മെഡിക്കൽ ഓഫീസർ സി.എച്ച്.സി. |
| 1-47 | 842628 | രാജേഷ് ടി.വർഗീസ് സെക്രട്ടറി മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് |
| 1-53 | 385000 | നിഷ.കെ.എൽ അസിസ്റ്റന്റ് സെക്രട്ടറി |
| 1-56 | 3907388 | ദിവ്യ ഭ്രപേഷ് അസിസ്റ്റന്റ് എൻജിനീയർ |
| 1-59 | 560409 | ദിവ്യ ഭ്രപേഷ് അസിസ്റ്റന്റ് എൻജിനീയർ |
| 1-62 | 200000 | ഷാജി പി എസ് മെഡിക്കൽ ഓഫീസർ സി.എച്ച്.സി. |
| 1-64 | 72000 | രാജേഷ്.ടി.വർഗീസ് സെക്രട്ടറി മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് |

| | | |
|---|---|---|
| 1-66 | 52200 | രാജേഷ്.ടി.വർഗീസ് സെക്രട്ടറി മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് |
| 1-69 | 34110 | രാജേഷ്.ടി.വർഗീസ് സെക്രട്ടറി മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് |
| ആകെ | 60,92,967 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-53 | 1160/-(ജി.എസ്.ടി) | ശ്രീമതി നിഷ.കെ.എൽ അസിസ്റ്റന്റ് സെക്രട്ടറി. |
| 1-53 | 3766/-(പ്രളയ സെസ്) | ശ്രീമതി നിഷ.കെ.എൽ അസിസ്റ്റന്റ് സെക്രട്ടറി. |
| 1-63 | 17514/-(ജി.എസ്.ടി) | ശ്രീ രാജേഷ്.ടി.വർഗീസ് സെക്രട്ടറി |
| 1-65 | 5770/-(ജി.എസ്.ടി) | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| രാജേഷ്.ടി.വർഗീസ് സെക്രട്ടറി | സെക്രട്ടറി,കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത് | തെക്കേപ്പറമ്പിൽ, മുത്തോലപുരം, ഇലഞ്ഞി |
| നിഷ.കെ.എൽ അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് | പുലരി വീട്, വെസ്റ്റ് ഓഫ് പൂജപ്പുര ടെമ്പിൾ, അരൂർ പി ഒ |
| അനഘ.പി.വി ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് | 3 സി,റോയൽ ഡ്രീംസ്, സംസ്കൃത കോളേജ് റോഡ്, തൃപ്പൂണിത്തുറ |
| ഷീബ.എം.എ കൃഷി ഓഫീസർ | കൃഷി ഓഫീസർ നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് | തരുത്തിക്കാട്,കുട്ടമശ്ശേരി, തോട്ടുമുഖം പി ഒ,ആലുവ |
| ഷാജി പി എസ് മെഡിക്കൽ ഓഫീസർ സി.എച്ച്.സി. | മെഡിക്കൽ ഓഫീസർ സി.എച്ച്.സി.മുളന്തുരുത്തി | തെന്നിക്കൽ വീട്, എസ്,എൽ പുരം പി.ഒ, ആലപ്പുഴ |
| ദിവ്യ ഭ്രപേഷ് അസിസ്റ്റന്റ് എൻജിനീയർ | ദിവ്യ ഭ്രപേഷ്, അസിസ്റ്റന്റ് എൻജിനീയർ,മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് | ആതിര, വൈ എം ജെ റോഡ്, മാമംഗലം, എറണാകുളം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|

| | |
|---|---|
| 1981-82 | എൽ.എഫ്.ഇ.(പി.4) 868/98/10.5.2000 |
| 1982-83 മുതൽ 1995-96 വരെ | എൽ.എഫ്.ഇ.(പി.4) 868/98/10.5.2000 |
| 1996-97 | എൽ.എഫ്.ഇ.(പി.4) 184/98/15.6.1998 |
| 1997-98 | എൽ.എഫ്.ഇ.(പി.4) 1530/2000/15.3.01 |
| 1998-99 | കെ.എസ്.എ.ഇ.കെ.എം.(പി.6) 498/18 /26.6.2018 |
| 1999-2000 | |
| 2000-01 | |
| 2001-02 | |
| 2002-03 | എൽ.എഫ്.ഇ.(പി.4) 732/04/6.4.05 |
| 2003-04 | എൽ.എഫ്.ഇ.(പി.4) 1064/05/21.12.2005 |
| 2004-05 | കെ.എസ്.എ.ഇ.കെ.എം.(പി.6) 498/18 /26.6.2018 |
| 2006-07 | |
| 2007-08 | |
| 2008-09 | |
| 2009-10 | എൽ.എഫ്.ഇ.(പി.6) 991/13/ 4.2.2014 |
| 2010-11 | കെ.എസ്.എ.ഇ.കെ.എം.(പി.6) 1837/11/ 7.11.2018 |
| 2011-12 | കെ.എസ്.എ.ഇ.കെ.എം.(പി.6) 498/18 /26.6.2018 |
| 2012-13 | |
| 2013-14 & 2014-15 | കെ.എസ്.എ.ഇ.കെ.എം.(പി.6) 1330/18 /31.8.2018 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം.(പി.6) 2128/18 /10.7.2018 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം.(പി.6) 1268/17 /6.5.2018 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം.(പി.6) 1609/18/ 11.6.2019 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം.(പി.6) 1548/19 /06.11.19 |
| 2019-20 | കെ.എസ്.എ.ഇ.കെ.എം.(പി.6) 493/21 /30.03.21 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ പരാമർശങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ് .

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്